September 2016
Volume 49 Issue 4

# വ്യവസായ കേരളം

VYAVASAYA KERALAM



പ്രതീക്ഷ കൈവിടാതെ...

www.keralaindustry.org

യുവ സംരംഭകർക്കായി...
യുവ സംരംഭകർക്കൊപ്പം...
നവ കാഴ്ചപ്പാടുകളുമായി...



deepakmouthatil9946021864

വ്യവസായകേരളം
MAGAZINE ON INDUSTRIAL KERALAM

വ്യവസായകേരളം, ഡോക്യുമെന്റേഷൻ സെന്റർ, ഡി.ഐ.സി. ബിൽഡിംഗ്, വെള്ളയമ്പലം, തിരുവനന്തപുരം-695033.
ഫോൺ: 0471 2322789

Vyavasaya Keralam

# വ്യവസായകേരളം

www.keralaindustry.org

സെപ്റ്റംബർ 2016 പുസ്തകം 49 ലക്കം 4

September 2016 Volume 49 Issue 4

**കൈത്തറി മേഖലയുടെ പ്രോത്സാഹനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ സെപ്റ്റംബർ നാലു മുതൽ 10 വരെ കൈത്തറി വാരമായി ആഘോഷിക്കുകയാണ്.**

12 പൈതൃകം സ്കൂളുകളിലേയ്ക്ക്
ടി. എസ്. ചന്ദ്രൻ

18 തിരുവിതാംകൂറിന്റെ കൈത്തറി ചരിത്രം
എഴുമാവിൽ രവീന്ദ്രനാഥ്

24 കുത്താമ്പുള്ളിയുടെ കൈത്തറി പെരുമ
ചിറ്റൂർ ഷൺമുഖദാസ്

28 കടൽകടക്കുന്ന ആയുർ വസ്ത്രം
ശ്രീജിത്ത് ശ്രീധരൻ

33 കൈത്തറി വ്യവസായം: പ്രതിസന്ധിയും പരിഹാരമാർഗങ്ങളും
അബു. ബി. ഹുസൈൻ

38 കയറ്റുമതി വിപണിയിൽ നേട്ടം കൊയ്യാം
കെ. കെ. ജയകുമാർ









06 വികസന വീഥി



21 സക്സസ് സ്റ്റോറി
ടെന്നീസ് ബോളിന്റെ ഗതിവേഗം കാക്കുന്ന എഞ്ചിനീയർ
ജസീല

48 എല്ലാ സംശയങ്ങൾക്കും പരിഹാരമായി ഇൻകുബേഷൻ കേന്ദ്രം

കവർ ചിത്രം: **ജോതിഷ് പുത്തൻസ്**

# നവസംരംഭകർക്കാശ്വാസമായി എല്ലാ ജില്ലയിലും ഇൻകുബേഷൻ കേന്ദ്രം

കേരളത്തിലെ പ്രബുദ്ധരായ യുവതലമുറയെ സംരംഭക മേഖലയിലേയ്ക്ക് ക്ഷണിച്ചു കൊണ്ട് എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ഈ മാസം ഒന്നു മുതൽ ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു. സംസ്ഥാനത്തിന്റെ സാമൂഹിക- സാമ്പത്തിക- ജീവിത സാഹചര്യങ്ങൾ കൃത്യമായി അവലോകനം ചെയ്താൽ രാജ്യത്തിന്റെ സമഗ്ര പുരോഗതിയും സാമ്പത്തിക ഉന്നമനവും യാഥാർത്ഥ്യമാകണമെങ്കിൽ സൂക്ഷ്മ- ചെറുകിട- ഇടത്തരം സംരംഭങ്ങളെ അവഗണിച്ചുകൊണ്ട് നമുക്ക് മുന്നോട്ടു പോകാനാവില്ലെന്നു കാണാം. വിദ്യാഭ്യാസത്തിന്റെയും സാങ്കേതിക വിദ്യയുടെയും ജീവിത വീക്ഷണത്തിന്റെയും കാര്യത്തിൽ മൗലികത പുലർത്തുന്ന നമ്മുടെ ചെറുപ്പക്കാർക്കിടയിൽ ബിസിനസ് ആശയങ്ങൾക്കും പഞ്ഞമില്ല. പക്ഷെ പ്രായോഗികമായി അവ നടപ്പിലാക്കാനിറങ്ങുമ്പോൾ നേരിടേണ്ടി വരുന്ന കടമ്പകൾ പലപ്പോഴും അവരുടെ സ്വപ്നങ്ങൾക്ക് കടിഞ്ഞാണിടുന്ന അവസ്ഥയുണ്ട്. ഇതിന് ശാശ്വത പരിഹാരം എന്ന നിലയ്ക്കാണ് എല്ലാ ജില്ലാ വ്യവസായകേന്ദ്രങ്ങളിലും സംരംഭക സൗഹൃദ ഇൻകുബേഷൻ കേന്ദ്രങ്ങൾ ആരംഭിക്കുന്നത്.

ബിസിനസ് മോഹങ്ങൾ നെഞ്ചേറ്റി നടക്കുന്ന ഒരാൾക്ക് സ്വന്തം വീടുപോലെ കയറിച്ചെല്ലാവുന്ന ഇടം. അതാണ് ഇൻകുബേഷൻ കേന്ദ്രങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത്. കുഴഞ്ഞുമറിഞ്ഞ മനസ്സുമായെത്തുന്ന സാധാരണക്കാരനെ സംബന്ധിച്ചിടത്തോളം അയാളെ ക്ഷമാപൂർവം കേൾക്കാനുള്ള സഹിഷ്ണുതയാണ് ആദ്യം ആശ്വാസമാവുക. വ്യക്തിപരമായ താല്പര്യങ്ങളും സാമൂഹിക- സാമ്പത്തിക- ബൗദ്ധിക ശേഷികളും അവലോകനം ചെയ്തു കഴിയുമ്പോൾ അയാൾക്ക് ചേരുന്ന വിജയസാധ്യതയുള്ള സംരംഭത്തിലേയ്ക്ക് മനസ്സുറപ്പിക്കാൻ കഴിയും. തുടർന്ന് വേണ്ട അടിസ്ഥാന സൗകര്യങ്ങൾ, അനുയോജ്യമായ സാങ്കേതികവിദ്യ, അസംസ്കൃത വസ്തുക്കളുടെ ശേഖരണം, വിപണി ഇടപെടൽ, ലൈസൻസിങ് നടപടികൾ, പദ്ധതി രൂപരേഖ തയ്യാറാക്കൽ, സാമ്പത്തിക സഹായം തേടൽ, ഗുണമേന്മയുള്ള യന്ത്രസംവിധാനങ്ങളുടെ തിരഞ്ഞെടുപ്പ്, പ്രായോഗിക പരിശീലനം, വിദഗ്ദ്ധോപദേശം എന്നിങ്ങനെ തുടക്കം മുതൽ സംരംഭം സ്വയം പര്യാപ്തമാകുന്നതു വരെയുള്ള തുടർച്ചയായ ഇടപെടലാണ് ബിസിനസ് ഇൻകുബേഷൻ കേന്ദ്രങ്ങൾ കരുതിവയ്ക്കുന്നത്. ഇതിനായി പ്രത്യേക പരിശീലനം നേടിയ ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളത്.

ആധുനിക സാങ്കേതിക വിദ്യയുടെ എല്ലാ സാധ്യതകളും പ്രയോജനപ്പെടുത്തിക്കൊണ്ട് രൂപകല്പന ചെയ്ത ഇൻകുബേഷൻ കേന്ദ്രങ്ങളുടെ സാന്നിദ്ധ്യം സംരംഭക മേഖലയ്ക്ക് പുതിയ ഊർജം പകരുമെന്ന കാര്യത്തിൽ സംശയമില്ല. സ്വപ്നങ്ങൾ ഒളപ്പിച്ചു വയ്ക്കാനുള്ളതല്ല. ആത്മവിശ്വാസത്തോടെ മുന്നോട്ടുവന്ന് സ്വന്തം ആശയങ്ങൾ വ്യക്തമായി അവതരിപ്പിക്കുകയും സമാന ചിന്താഗതിക്കാരോടും ബിസിനസ് വിദഗ്ദ്ധരോടും നിരന്തരം ചർച്ച ചെയ്യുകയും ചെയ്തു കഴിഞ്ഞാൽ യഥാർത്ഥ വഴിതെളിയുക തന്നെ ചെയ്യും. അതുകൊണ്ട് സംരംഭക മോഹങ്ങളുമായി ശങ്കിച്ചു നിൽക്കുന്ന എല്ലാവരും അതത് ജില്ലാ വ്യവസായകേന്ദ്രങ്ങളിലെ ഇൻകുബേഷൻ കേന്ദ്രങ്ങളിലേയ്ക്ക് വരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാ വായനക്കാർക്കും ഹൃദയം നിറഞ്ഞ ഓണാശംസകൾ.

ചീഫ് എഡിറ്റർ

**ചീഫ് എഡിറ്റർ**
പി.എം. ഫ്രാൻസിസ് ഐ.എ.എസ്
ഡയറക്ടർ, വ്യവസായ വാണിജ്യ വകുപ്പ്

**എഡിറ്റർ**
വി.പി.അശ്വതി

**കവർ, ഡിസൈൻ & ലേഔട്ട്**
ദീപക് മൗത്താട്ടിൽ

**ടൈപ്പ് സെറ്റിംഗ്**
വി. അഭിലാഷ്

**അഡ്മിനിസ്ട്രേറ്റീവ് സപ്പോർട്ട്**
ഇന്ദിരാഭായി പിള്ള അമ്മ പി.എസ്.,
ലക്ഷ്മി എസ്., ക്ലാരമ്മ ജെയിംസ്,
സജീർ എസ്., ബിനു ഡി. ദാസ്,
ഡി.എൽ. അനിതകുമാരി,
പി. ബാലകൃഷ്ണൻ,
ബേബി. വൈ

**പ്രതിനിധികൾ– തിരുവനന്തപുരം** : രഞ്ജിത്. സി. ഒ ● **കൊല്ലം** : അബ്ദുൾ സലാം ● **പത്തനംതിട്ട**: സി.എം. ഷാജഹാൻ ● **ആലപ്പുഴ** : യു. അജിത്കുമാർ ● **കോട്ടയം** : ആർ. സുരേഷ്ബാബു ● **ഇടുക്കി** : ദീപ ● **എറണാകുളം** : ഇ.എം. നാസർ ● **തൃശൂർ** : കെ.എസ്. കൃപകുമാർ ● **പാലക്കാട്** : ടി.എസ്. ചന്ദ്രൻ ● **മലപ്പുറം** : കെ.റ്റി. അബ്ദുൾ മജീദ് ● **കോഴിക്കോട്** : കെ. രാധാകൃഷ്ണൻ ● **വയനാട്** : പി.ബി. സത്യജിത് ● **കണ്ണൂർ** : നിധിൻ ഇ.ആർ. ● **കാസർഗോഡ്** : റ്റി. ദിനേശൻ

**എഡിറ്റോറിയൽ ഓഫീസ്**
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്
വെള്ളയമ്പലം
തിരുവനന്തപുരം – 695 033

**ഫോൺ:** 0471 2322789
**ഇമെയിൽ-** vyavasayakeralam@gmail.com
**വെബ്സൈറ്റ്-** www.keralaindustry.org

ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമാണ്.



**ഇ.പി. ജയരാജൻ**
വ്യവസായ-വാണിജ്യ വകുപ്പ് മന്ത്രി

# പരമ്പരാഗത കൈത്തറി മേഖലയുടെ വസന്തകാലം

പ്രകൃതി രമണീയ കേരളത്തിലെ ഗ്രാമീണ മേഖലയുടെ ആഹ്ലാദ തുടിപ്പുകളായിരുന്നു പരമ്പരാഗത കൈത്തറി മേഖല. കരവിരുതിനാൽ കോർത്തിണക്കി വർണഭംഗിയോടു കൂടി ഊടും പാവും ചേർത്ത് നെയ്തുണ്ടാക്കുന്ന വസ്ത്രങ്ങൾ കേരളീയർക്ക് മാത്രമല്ല വിദേശികൾക്കു പോലും ഏറെ പ്രിയപ്പെട്ടതായിരുന്നു. കേരള ജനതയുടെ സംസ്കാരവും പാരമ്പര്യവും ലോകത്തിനു മുന്നിൽ അടയാളപ്പെടുത്തിയതിൽ ഏറെ പ്രധാനപ്പെട്ടതായിരുന്നു നമ്മുടെ വസ്ത്രരീതി. കേരളത്തിൽ നിന്നും ഉൽപാദിപ്പിച്ച കേരളാ സാരികളും സെറ്റുമുണ്ടും കസവു മുണ്ടും ലുങ്കികളും ഷർട്ടുകളും തൂവാലകളും കേരളീയതയുടെ അലങ്കാരമായിരുന്നു. നൂറ്റാണ്ടുകൾക്കപ്പുറം തന്നെ കൈത്തറിവസ്ത്രം ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. വാസ്ഗോഡ ഗാമ കോഴിക്കോട് വന്നതിനുശേഷം മലബാറിൽ ഉൽപാദിപ്പിച്ച കൈത്തറി തുണികൾ യൂറോപ്പിലേയ്ക്ക് കയറ്റുമതി ചെയ്തിരുന്നു. കോഴിക്കോടിന് കാലിക്കറ്റ് എന്ന പേരു വന്നതു തന്നെ കാലിക്ലോത്ത് എന്ന പദത്തിൽ നിന്നാണെന്നത് ചരിത്രമാണ്. സമാന ചരിത്ര പ്രാധാന്യമുള്ളതാണ് ബാലരാമപുരം കൈത്തറി. നാഗർകോവിൽ, തിരുനെൽവേലി എന്നീ സ്ഥലങ്ങളിൽ നിന്നും വന്ന നെയ്ത്തുകാരായ സാലിയ സമുദായത്തിൽപെട്ടവർ അന്നത്തെ രാജഭരണാധികാരികൾക്കും കുടുംബങ്ങൾക്കും സൂപ്പർഫൈനായ മുണ്ടും നേരിയതും കസവു സാരികളും നിർമിച്ചു നൽകിവരികയും അതിലൂടെ കൈത്തറി നെയ്ത്ത് വ്യാപിക്കുകയും ചെയ്തു. കർണാടകയിൽ നിന്നും ദേവാംഗമാരായ നെയ്ത്തുകാർ തൃശൂർ കൂത്താമ്പുള്ളിയിൽ താമസിച്ച് കസവു സാരികളും മുണ്ടുകളും നെയ്തെടുത്തതാണ് പിന്നീട് കൂത്താമ്പുള്ളി സാരികളായും അറിയപ്പെട്ടത്.

കേരളത്തിലങ്ങോളമിങ്ങോളം വളരെ പ്രൗഢിയോടെ നിലനിന്നതാണ് കൈത്തറിവസ്ത്രം. കാസർകോഡ് സാരികൾ, കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ നിന്നുള്ള ഫർണിഷിംഗ്& ഡ്രസ് മെറ്റീരിയൽസ്, പാലക്കാട്, തൃശൂർ ഏരിയകളിൽ നിന്നുള്ള കസവു സാരികൾ, എറണാകുളം ചേന്ദമംഗലത്തുള്ള ദോത്തികൾ, ബാലരാമപുരം കൈത്തറി വസ്ത്രങ്ങൾ, എന്നിവ ഭൗമ അംഗീകാരം ലഭിച്ച കൈത്തറി തുണികളാണ്. ഏകദേശം 1.25 ലക്ഷം പേർ ഈ മേഖലയിൽ നെയ്ത്തുകാരായും അനുബന്ധ തൊഴിലാളികളായും പ്രവർത്തിച്ചിരുന്നു. ഓരോ തെരുവുകളിലും നെയ്ത്തിന്റെ ആരവം സ്ത്രീകളും പുരുഷന്മാരും ഒരേപോലെ ജോലി ചെയ്തു ഉത്സവമാക്കിയതായിരുന്നു.

ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മിൽ തുണികളുടെ വരവ്, അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം അവയുടെ ഗുണമേന്മയില്ലായ്മയും അമിതമായ വിലക്കയറ്റവും, കുറഞ്ഞ കൂലിയും മോഡണൈസേഷൻ ഇല്ലാത്തതും ആഗോള നയങ്ങളും സർക്കാർ നിലപാടുകളും എല്ലാം ഈ മേഖലയെ കടുത്ത പ്രതിസന്ധിയിലാഴ്ത്തി. ഇന്ന് കേരളത്തിൽ നിന്നുള്ള കൈത്തറി തുണി വ്യാപാരവും പാടെ സ്തംഭിച്ചിരിക്കുകയാണ്. കേരളത്തിലെ ആഭ്യന്തര മാർക്കറ്റിൽ ഉത്സവകാലങ്ങളിലുള്ള റിബേറ്റിനെ ആശ്രയിച്ചുള്ള വില്പന മാത്രമാണ് ഏക ആശ്രയമായുള്ളത്. ഇതിന്റെ ദുരന്തഫലമായി ഈ മേഖലയിൽ ഇന്ന് കേരളത്തിൽ ഏതാനും ആയിരങ്ങൾ മാത്രമാണ് തൊഴിലാളികളായുള്ളത്.

കേരളത്തിലെ എൽ. ഡി. എഫ് സർക്കാരിലാണ് മറ്റിതര മേഖലയിലെന്ന പോലെ കൈത്തറി നെയ്ത്തു തൊഴിലാളികളും കുടുംബങ്ങളും പ്രതീക്ഷ അർപിച്ചിട്ടുള്ളത്. കൈത്തറി- ഖാദി- കശുവണ്ടി- ഹാന്റിക്രാഫ്റ്റ് മേഖലയിലെ ലക്ഷങ്ങളായ കുടുംബങ്ങളെ സംരക്ഷിക്കുന്നതിന് വ്യത്യസ്ഥ പരിപാടികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. എൽ. ഡി. എഫ് സർക്കാരിന്റെ നൂറ് ദിവസത്തിനുള്ളിൽ തന്നെ കശുവണ്ടി മേഖല തുറന്നു പ്രവർത്തിപ്പിച്ചു. കൈത്തറി മേഖലയിൽ വളരെ ഏറെ പ്രതീക്ഷയും ആവേശവും ഉണ്ടാക്കുന്നതാണ് സ്കൂൾ യൂണിഫോം പദ്ധതി. ഒന്നു മുതൽ എട്ടാം ക്ലാസു വരെയുള്ള സർക്കാർ- എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്ക് രണ്ട് സെറ്റ് സ്കൂൾ യൂണിഫോം സൗജന്യമായി വിതരണം ചെയ്യുവാനുള്ള തീരുമാനം കേരളത്തിലെ ടെക്സ്റ്റയിൽ മേഖല മുഴുവൻ കരുത്താർജ്ജിക്കുന്നതാണ്. പഴയ തെരുവുകളിലെ നെയ്ത്തിന്റെ സംഗീതവും ആരവങ്ങളും വീണ്ടും ഉയർത്തുന്നതിന് നമുക്ക് ഈ ഓണാഘോഷ വേളയിൽ യത്നിക്കാം

# കൈത്തറി തൊഴിലാളികളുടെ വേതനം കൂട്ടും: വ്യവസായമന്ത്രി

ഖാദിത്തൊഴിലാളികളുടെയും കൈത്തറി മേഖലയിലെ തൊഴിലാളികളുടെയും വേതനം ഗണ്യമായി വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്ന് വ്യവസായമന്ത്രി ഇ. പി. ജയരാജൻ പറഞ്ഞു. ഹാന്റക്സ് ഓണക്കാല വില്പനയുടെ സംസ്ഥാനതല ഉദ്ഘാടനം ഊറ്റുകുഴി കൈത്തറി ഭവനിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം.



സംസ്ഥാന കൈത്തറി നെയ്ത്തു സഹകരണ സംഘം (ഹാന്റക്സ്) അംഗ സംഘങ്ങളിലെ തൊഴിലാളികൾ നിർമിക്കുന്ന ഗുണമേന്മ ഉറപ്പുവരുത്തിയ ഉല്പന്നങ്ങൾ 20 ശതമാനം സ്പെഷ്യൽ റിബേറ്റോടുകൂടിയാണ് ഈ ഓണക്കാലത്ത് വിൽക്കുന്നതെന്ന് മന്ത്രി പറഞ്ഞു. നിലവിലുള്ള അഞ്ച് ശതമാനം റിബേറ്റിന് പുറമേയാണിത്. കൈത്തറി ഉല്പന്നങ്ങൾ വാങ്ങി ഓണക്കാല വിൽപന വിജയിപ്പിക്കണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

വി. എസ്. ശിവകുമാർ എം. എൽ. എ, വാർഡ് കൗൺസിലർ അഡ്വ. ജയലക്ഷ്മി, കൈത്തറി ടെക്സ്റ്റൈൽസ് വകുപ്പ് ഡയറക്ടർ കെ. സുധീർ സംബന്ധിച്ചു.

# വസ്ത്രഗ്രാമത്തിന് തുടക്കമായി

എല്ലാ നെയ്ത്തു തൊഴിലാളികൾക്കും വർഷത്തിൽ മുന്നൂറ് ദിവസം തൊഴിൽ ഉറപ്പാക്കുമെന്നും വേതനത്തിൽ ഗണ്യമായ വർധനയ്ക്ക് നടപടിയുണ്ടാവുമെന്നും വ്യവസായ- വാണിജ്യ മന്ത്രി ഇ. പി. ജയരാജൻ പറഞ്ഞു. കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപറേഷൻ (കാഡ്കോ) സംഘടിപ്പിച്ച വസ്ത്രഗ്രാമം പദ്ധതിയിൽ പരിശീലനം നേടിയ വനിതകൾക്ക് സർട്ടിഫിക്കറ്റ് വിതരണവും പൊതുസേവന കേന്ദ്രങ്ങളുടെ പ്രഖ്യാപനവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

ആർട്ടിസാൻസ് രംഗത്തെ സ്ത്രീ സംരംഭകർക്ക് പ്രത്യേക പരിശീലനം നൽകി ഒരു കേന്ദ്രത്തിൽ ജോലി ചെയ്യുന്നതിനുള്ള സാഹചര്യമുണ്ടാക്കുമെന്നും ഉത്പന്നങ്ങൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തും വിപണി കണ്ടെത്തുമെന്നും മന്ത്രി പറഞ്ഞു. പരിശീലനം നേടിയ വനിതകൾക്കുള്ള സർട്ടിഫിക്കറ്റുകൾ ചീഫ് പ്രൊമോട്ടർമാരായ മഞ്ജു, ശുഭാചന്ദ്രൻ എന്നിവർക്ക് മന്ത്രി കൈമാറി.




കോട്ടയം, തിരുവനന്തപുരം ജില്ലകളിൽ 15 ലക്ഷം രൂപ വീതം ചെലവഴിച്ച് പൊതുസേവന കേന്ദ്രം സ്ഥാപിച്ച് ഒക്ടോബർ രണ്ടിനു മുമ്പ് കമ്മീഷൻ ചെയ്യുമെന്ന് യോഗത്തിൽ അധ്യക്ഷത വഹിച്ച വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ പി. എം. ഫ്രാൻസിസ് അറിയിച്ചു. കാഡ്കോ എം. ഡി. അഭിലാഷ്. സി, ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ രമേഷ് ചന്ദ്രൻ പങ്കെടുത്തു.

# ഓണം- ബക്രീദ് മെട്രോ ഫെയർ തുറന്നു

ഓണം- ബക്രീദ് മെട്രോ ഫെയർ 2016 സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിച്ചു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പുറമെ തൊഴിലുറപ്പ് കുടുംബങ്ങളെക്കൂടി ഉൾപ്പെടുത്തി സൗജന്യ റേഷൻ പദ്ധതി വിപുലീകരിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. ഇതിനായി 300 കോടി ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ആഘോഷങ്ങൾ സന്തോഷകരമാകാൻ മിതമായ നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കാനാണ് 1464 ഓണച്ചന്തകളും 1350 പച്ചക്കറിച്ചന്തകളും ആരംഭിക്കുന്നത്. ഇതിനുപുറമെ താലൂക്കു തലത്തിൽ 75 ഫെയറുകളും മാവേലി സ്റ്റോർ ഇല്ലാത്ത 34 പഞ്ചായത്തുകളിൽ മിനി ഫെയറുകളും ഉൾപ്പെടെ നിരവധി പ്രത്യേക ഫെയറുകൾ ആരംഭിക്കുന്നുണ്ട്. എല്ലാ ആദിവാസി കുടുംബങ്ങൾക്കും പ്രത്യേക ഓണക്കിറ്റ് നൽകും. എ. പി. എൽ കാർഡുകാർക്ക് നിലവിൽ ലഭിക്കുന്ന എട്ട് കിലോ അരിക്ക് പുറമെ, ഓണക്കാലത്ത് രണ്ടു കിലോ അരി കൂടി നൽകും. സ്കൂൾ കുട്ടികൾക്ക് ഓണസമ്മാനമായി അഞ്ചു കിലോ അരി നൽകും. വിഷപച്ചക്കറി ഒഴിവാക്കാൻ സംസ്ഥാനത്ത് വ്യാപകമായി പച്ചക്കറി കൃഷി നടത്തി ഓണക്കാലത്തെ വിപണി ഇടപെടലിന് ഉപയോഗിക്കുകയാണ്.

കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയാൻ കർശന നടപടിയെടുക്കും. ഇതിനായി സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിക്കും. പ്രൈസ് മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനവും ഊർജിതമാക്കും. വിപണി ഇടപെടലിനായി ബജറ്റിൽ 150 കോടിയാണ് നീക്കിവെച്ചത്. ഇതിൽ 81 കോടി 42 ലക്ഷം രൂപ നൽകിയത് സപ്ലൈകോയ്ക്കാണ്. മുടങ്ങിക്കിടന്ന റംസാൻ ഫെയറുകൾ പുനരാരംഭിച്ചപ്പോൾ മികച്ച സ്വീകാര്യതയാണ് ലഭിച്ചത്. മാവേലി സ്റ്റോർ ഇല്ലാത്ത പഞ്ചായത്തുകളിൽ തുടങ്ങാൻ നടപടിയായിട്ടുണ്ട്. റേഷൻ കടകൾ നവീകരിച്ച് പലചരക്ക് സാധനങ്ങൾ കൂടി ഉൾപ്പെടുത്തും. ഇതിനാവശ്യമായ വായ്പാസൗകര്യവും ഒരുക്കും.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി പി. തിലോത്തമൻ അധ്യക്ഷത വഹിച്ചു. വൈദ്യുതി- ദേവസ്വം വകുപ്പുമന്ത്രി കടകംപള്ളി സുരേന്ദ്രൻ ആദ്യവിൽപന നിർവഹിച്ചു. കെ. ആൻസലൻ എം. എൽ. എ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി. കെ. മധു, ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, സിവിൽ സപ്ലൈസ് കമ്മീഷണർ വി. കെ. ബാലകൃഷ്ണൻ, കൗൺസിലർ അഡ്വ. സതീഷ് കുമാർ സംബന്ധിച്ചു.



# ഖാദി ഓണം- ബക്രീദ് മേള

ഖാദി ഗ്രാമ വ്യവസായബോർഡ് സംഘടിപ്പിക്കുന്ന ഖാദി ഓണം- ബക്രീദ് മേള 2016 ന്റെ തിരുവനന്തപുരം ജില്ലാതല ഉദ്ഘാടനം കിഴക്കേക്കോട്ട ആറ്റുകാൽ ഷോപ്പിംഗ് കോംപ്ലക്സ് അങ്കണത്തിൽ വൈദ്യുതി- ദേവസ്വം വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ നിർവഹിച്ചു. വാർഡ് കൗൺസിലർ ആർ. സുരേഷ് കുമാർ അധ്യക്ഷത വഹിച്ചു. ഖാദി ബോർഡ് ഡയറക്ടർ എം. സുരേഷ് ബാബു, ഫിനാൻഷ്യൽ അഡ്വൈസർ എം. മുഹമ്മദ് ഹാരിസ് പങ്കെടുത്തു.

മേളയിൽ ഖാദിക്ക് 30 ശതമാനം റിബേറ്റും സ്വർണനാണയ സമ്മാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ബോർഡിന്റെ അംഗീകൃത വില്പനശാലകളിലെല്ലാം ആനുകൂല്യങ്ങൾ ലഭ്യമാകും. സർക്കാർ, അർദ്ധസർക്കാർ, ബാങ്ക്, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 25,000 രൂപ വരെ ക്രെഡിറ്റ് സൗകര്യം നൽകും.

# കണ്ണൂർ കിൻഫ്ര പാർക്കിൽ വൻകിട സംരംഭങ്ങൾ തുടങ്ങും: വ്യവസായമന്ത്രി

മട്ടന്നൂർ വെളിയാംപറമ്പിലെ നിർദ്ദിഷ്ട കിൻഫ്ര വ്യവസായ പാർക്കിൽ വൻകിട വ്യവസായ പദ്ധതികൾ തുടങ്ങുമെന്ന് വ്യവസായ– കായിക വകുപ്പുമന്ത്രി ഇ. പി. ജയരാജൻ പറഞ്ഞു. പാർക്കിനായി കിൻഫ്ര ഏറ്റെടുത്ത സ്ഥലം സന്ദർശിക്കുകയായിരുന്നു മന്ത്രി. കേന്ദ്ര ചെറുകിട വ്യവസായ മന്ത്രാലയത്തിന്റെ അഡ്വാൻസ് ടെക്നോളജി സെന്റർ ആകും പാർക്കിൽ ആദ്യം സ്ഥാപിക്കുക. 300 കോടി രൂപ ചെലവിൽ വ്യവസായ വികസനത്തിനാവശ്യമായ സാങ്കേതിക പരിശീലനം ലഭ്യമാക്കുകയാണ് ഉദ്ദേശ്യം. ചെറുകിട സംരംഭകർക്കും ഐ. ടി. സംരംഭകർക്കും ദിശാബോധം നൽകുന്നതിനാണ് പദ്ധതി. പദ്ധതിക്കായി കിൻഫ്ര ഏറ്റെടുത്ത 140 ഏക്കറിൽ 25 ഏക്കർ സ്ഥലമാണ് മൈക്രോ, സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസിന് വിട്ടുനൽകുന്നത്. എം. എസ്. എം. ഇ ഇൻസ്റ്റിറ്റ്യൂട്ട് കൈമാറാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ പ്ലാൻ പരിശോധിച്ചശേഷം മന്ത്രി ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി.

കേന്ദ്രസർക്കാരിന്റെ ചെറുകിട വ്യവസായ മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചാൽ ഒരു വർഷം കൊണ്ട് സെന്റർ പൂർത്തിയാക്കാനാകും. വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യവികസനങ്ങൾ ഉടൻ ഏർപ്പെടുത്തുമെന്നും വ്യവസായ പാർക്കിനുള്ള രണ്ടാംഘട്ട സ്ഥലം ഏറ്റെടുക്കൽ വേഗത്തിൽ പൂർത്തിയാക്കുമെന്നും മന്ത്രി വ്യക്തമാക്കി.

കിൻഫ്ര എം. ഡി. ഡോ. എം. ബീന, ജനറൽ മാനേജർ കെ. സുധാകരൻ, സീനിയർ മീഡിയ അഡ്വൈസർ കെ. എൻ. ശ്രീകുമാർ, കിൻഫ്ര മാനേജർ മുരളീധരൻ, കിൻഫ്ര ലാന്റ് മാറ്റേഴ്സ് അഡ്വൈസർ കെ. വി. ഗംഗാധരൻ, കീഴല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് എം. രാജൻ, കേന്ദ്ര ചെറുകിട വ്യവസായ മന്ത്രാലയത്തിന്റെ എം. എസ്. എം. ഇ ഡയറക്ടർ പി. വി. വേലായുധൻ എന്നിവർ മന്ത്രിയോടൊപ്പം സ്ഥലം സന്ദർശിച്ചു.




## കെൽട്രോണിന് നാവികസേനയുടെ ഓർഡർ

കെൽട്രോണിന് ഇന്ത്യൻ നാവികസേനയിൽ നിന്ന് ഡിസ്ട്രെസ് സോണാർ നിർമിച്ച് നൽകുന്നതിന് 2.11 കോടി രൂപയുടെ ഓർഡർ ലഭിച്ചു. കൊച്ചിയിലെ എൻ. പി. എല്ലുമായി സഹകരിച്ചാണ് കെൽട്രോൺ ഡിസ്ട്രെസ് സോണാർ സിസ്റ്റം വികസിപ്പിച്ചിരിക്കുന്നത്. അടിയന്തിര സാഹചര്യങ്ങളിൽ ജാഗ്രതാ സന്ദേശങ്ങൾ നൽകുന്നതിന് അന്തർവാഹിനികളിൽ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ഉപകരണമാണ് ഡിസ്ട്രെസ് സോണാർ.

# യു. എ. ഇ. കോൺസുലേറ്റ് ജനറൽ മുഖ്യമന്ത്രിയെ കണ്ടു

കേരളത്തിലെ യു. എ. ഇ. കോൺസുലേറ്റ് ജനറൽ ജമാൽ ഹുസൈൻ അൽ സാബി മുഖ്യമന്ത്രി പിണറായി വിജയനെ സന്ദർശിച്ചു. യു. എ. ഇ. കോൺസുലേറ്റ് ജനറലായി അൽസാബിയെ നിയമിച്ചുകൊണ്ടുള്ള യു. എ. ഇ പ്രസിഡന്റിന്റെ ഉത്തരവിന്റെ പകർപ്പ് മുഖ്യമന്ത്രിയുടെ ചേമ്പറിലെത്തി അദ്ദേഹം കൈമാറി.



അഡ്മിൻ അറ്റാഷെമാരായ തലീബ് അലി അൽ സാബി, അബ്ദുള്ള സാദ് അയദ് ഹെസം അൽഖത്താനി സന്നിഹിതരായിരുന്നു. സംസ്ഥാന സർക്കാരിനെ പ്രതിനിധീകരിച്ച് പൊതുഭരണ നോർക്ക സെക്രട്ടറി ഉഷ ടൈറ്റസ്, സ്റ്റേറ്റ് പ്രോട്ടോകോൾ ഓഫീസർ ഷൈൻ. എ. ഹക്ക് പങ്കെടുത്തു.

യു.എ.ഇ യുടെ കേരളത്തിലെ കോൺസുലേറ്റിന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവിധ ആശംസകളും നേർന്ന മുഖ്യമന്ത്രി സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും എല്ലാവിധ സഹായങ്ങളും ഉണ്ടാകുമെന്ന് ഉറപ്പുനൽകി.

# ഖാദി ഓണം- ബക്രീദ് മേള തുടങ്ങി

ഖാദി മേഖലയിൽ പണിയെടുക്കുന്നവർക്ക് മികച്ച കൂലി ലഭ്യമാക്കുമെന്ന് വ്യവസായമന്ത്രി ഇ. പി. ജയരാജൻ പറഞ്ഞു. ഖാദി ഓണം- ബക്രീദ് വില്പനമേളയുടെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂർ ടൗൺ സ്ക്വയറിൽ നിർവഹിക്കുകയായിരുന്നു മന്ത്രി. തൊഴിലുറപ്പ് കൂലി പോലുമില്ലാതെ വളരെ ദയനീയ സ്ഥിതിയിലാണ് ഖാദിത്തൊഴിലാളികൾ ജോലി ചെയ്യുന്നത്. ഖാദിക്ക് വിപുലമായ മാർക്കറ്റുണ്ടാക്കുന്നതിനൊപ്പം തൊഴിലാളികളുടെ കൂലിയും ജീവിത സൗകര്യങ്ങളും മെച്ചപ്പെടുത്തും. ഈ വർഷം പ്രഖ്യാപിച്ച 30 ശതമാനം റിബേറ്റിന്റെ കാലാവധി ഒരു വർഷം വരെ നീട്ടി നൽകുമെന്നും മന്ത്രി അറിയിച്ചു.

ഖാദി ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര മാർക്കറ്റുണ്ടാക്കും. കൈത്തറി തൊഴിലാളികളെയും സർക്കാർ സംരക്ഷിക്കും. വർഷത്തിൽ 300 ദിവസവും ജോലി നൽകും. അവർ ഉണ്ടാക്കുന്ന തുണിത്തരങ്ങൾ സർക്കാർ വാങ്ങിയിട്ടായിരിക്കും ജോലി നൽകുക. കേരളത്തിലെ ഒന്നു മുതൽ എട്ടു വരെയുള്ള സ്കൂൾ കുട്ടികൾക്ക് അടുത്ത മേയ്, ജൂൺ മാസങ്ങളിൽ രണ്ട് ജോഡി കൈത്തറി ഉടുപ്പുകൾ സൗജന്യമായി നൽകും. ഖാദി ഉത്പന്ന വിതരണ മേഖല ക്രോഡീകരിച്ചുകൊണ്ട് വൻമാറ്റത്തിന് സർക്കാർ ശ്രമിക്കുമെന്നും അദ്ദേഹം പറഞ്ഞു. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. ഗ്രാമവ്യവസായ ഉത്പന്നമേള ഉദ്ഘാടനം പി. കെ. ശ്രീമതി എം. പി. നിർവഹിച്ചു.



ഗ്രാമവ്യവസായ സംരംഭകർക്കുള്ള സബ്സിഡി വിതരണം സി. കൃഷ്ണൻ എം. എൽ. എയും ആദ്യവിൽപന മേയർ ഇ. പി. ലതയും മെഗാ സമ്മാനപദ്ധതി ഉദ്ഘാടനം കെ. വി. സുമേഷും നിർവഹിച്ചു.

# കൈത്തറി ഉല്പന്നങ്ങൾ ബ്രിട്ടീഷ് വിപണിയിലേയ്ക്ക്

ബ്രിട്ടീഷ് ഡപ്യൂട്ടി ഹൈക്കമ്മീഷണർ (ചെന്നൈ) ഭരത് ജോഷി വ്യവസായ- കായിക മന്ത്രി ഇ. പി. ജയരാജനെ സന്ദർശിച്ച് ചർച്ച നടത്തി.

കേരളത്തിലെ പരമ്പരാഗത ഉൽപന്നമായ കൈത്തറി വസ്ത്രങ്ങളും കരകൗശല ഉൽപന്നങ്ങളും ബ്രിട്ടീഷ് വിപണിയിൽ കൂടുതൽ പരിചയപ്പെടുത്തുന്നതിനും വിപണന സാധ്യത കണ്ടെത്തുന്നതിനും സഹായം നൽകണമെന്ന് അദ്ദേഹത്തോട് മന്ത്രി അഭ്യർത്ഥിച്ചു. ഇതിനായി എംപോറിയം സജ്ജമാക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കാമെന്ന് ഡെപ്യൂട്ടി ഹൈക്കമ്മീഷണർ ഉറപ്പു നൽകി. കേരളത്തിൽ വ്യവസായ നിക്ഷേപം നടത്താൻ അനുയോജ്യമായ അന്തരീക്ഷമാണുള്ളതെന്നും ഈ അനുകൂല അവസ്ഥ പ്രയോജനപ്പെടുത്താൻ ബ്രിട്ടനിൽ നിന്നുള്ള സംരംഭകരെ സ്വാഗതം ചെയ്യുന്നതായും മന്ത്രി പറഞ്ഞു.

ബ്രിട്ടനിൽ നിന്നുള്ള നിക്ഷേപകരുടെ സംഘം വൈകാതെ കേരളത്തിൽ എത്തുമെന്ന് ഭരത് ജോഷി അറിയിച്ചു. ഡെപ്യൂട്ടി ഹൈക്കമ്മീഷണർക്ക് മന്ത്രി ആറന്മുള കണ്ണാടി ഉപഹാരമായി നൽകി. മന്ത്രിയുടെ ചേംബറിൽ നടന്ന ചടങ്ങിൽ അഡ്വൈസർ സിജോയ് തോമസും പങ്കെടുത്തു.





കരകൗശല വസ്തുക്കളുടെ ഓണം വിപണന മേള തിരുവനന്തപുരം എസ്.എം.എസ്.എം. ഇൻസ്റ്റിറ്റ്യൂട്ടിൽ വ്യവസായ മന്ത്രി ഇ.പി. ജയരാജൻ ഉദ്ഘാടനം ചെയ്യുന്നു.

# കെൽട്രോണിനെ കാലോചിതമായി നവീകരിക്കും: വ്യവസായമന്ത്രി

കാലോചിതമായ പരിഷ്കരണ നടപടികളിലൂടെ കെൽട്രോണിനെ പഴയ പ്രതാപത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരുമെന്ന് വ്യവസായ കായിക മന്ത്രി ഇ. പി. ജയരാജൻ പറഞ്ഞു. കെൽട്രോണിന്റെ പ്രവർത്തനം വിലയിരുത്തുന്നതിന് വെള്ളയമ്പലത്തെ കെൽട്രോൺ ആസ്ഥാനം സന്ദർശിക്കുകയായിരുന്നു മന്ത്രി.

മാനേജ്മെന്റുമായും ജീവനക്കാരുടെ പ്രതിനിധികളുമായും മന്ത്രി ചർച്ച നടത്തി. ഇലക്ട്രോണിക്സ് വ്യവസായ രംഗത്ത് കെൽട്രോണിന് വലിയ സാധ്യതയാണുള്ളത്. ഇത് പൂർണമായും പ്രയോജനപ്പെടുത്തണം. ഗവേഷണ- വികസന വിഭാഗം ശക്തമാക്കി പുതിയ ഉൽപന്നങ്ങൾ വികസിപ്പിച്ചെടുക്കണമെന്ന് മന്ത്രി പറഞ്ഞു. സോളാർ എനർജി പോലുള്ള പുതിയ മേഖലയിലേയ്ക്ക് കെൽട്രോണിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കണം. കെൽട്രോണിന്റെ നിലവിലുള്ള പോരായ്മകൾ പരിഹരിക്കും. വിദഗ്ധ പരിശീലനം ലഭിച്ചവരുടെ സേവനം സ്ഥാപനത്തിന് പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികളുമുണ്ടാകും. നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു. ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഉൾപെടെയുള്ള പ്രശ്നങ്ങളിൽ സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് മന്ത്രി ഉറപ്പു നൽകി. തുടർന്ന് കരകുളത്തെ കെൽട്രോൺ എക്യുപ്മെന്റ് കോംപ്ലക്സും മന്ത്രി സന്ദർശിച്ചു.

---

# ജി. എസ്. ടി. നികുതി നിരക്ക് കുറയ്ക്കും

ചരക്കുസേവന നികുതി (ജി. എസ്. ടി) നിലവിൽ വരുന്നതോടെ നികുതിനിരക്കിൽ ഗണ്യമായ കുറവുണ്ടാകുമെന്ന് ധനകാര്യമന്ത്രി ഡോ. ടി. എം. തോമസ് ഐസക് പറഞ്ഞു. ചരക്കുസേവന നികുതി സംബന്ധിച്ച് വാണിജ്യനികുതി, സെൻട്രൽ എക്സൈസ് ആന്റ് കസ്റ്റംസ്, സി ആന്റ് എ. ജി. വകുപ്പുകളിലെ ഉന്നതോദ്യോഗസ്ഥർക്കുള്ള പരിശീലന പരിപാടി കോവളത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

30-35 ശതമാനമായിരുന്ന നികുതിഭാരം 20 ശതമാനത്തോളമായി കുറയുകയാണ്. ഉത്പന്നങ്ങളുടെ പരമാവധി വില്പന വിലയിൽ ആനുപാതികമായ കുറവുണ്ടാകുന്നു എന്ന് കേന്ദ്രസർക്കാർ ഉറപ്പാക്കിയാലേ ഉപഭോക്താക്കൾക്ക് കൂടുതൽ നേട്ടമുണ്ടാകൂ. അവശ്യസാധനങ്ങളുടെ നികുതി ഇനിയും കുറയ്ക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. പുതിയ നികുതി സംബന്ധിച്ച് വ്യാപാരികളെയും ഉപഭോക്താക്കളെയും വിശ്വാസത്തിലെടുത്ത് ആശങ്കകൾ പരിഹരിക്കാൻ കഴിയുംവിധം ഉദ്യോഗസ്ഥർ ഇക്കാര്യത്തിൽ വ്യക്തത നേടിയിരിക്കണമെന്നും മന്ത്രി പറഞ്ഞു. സെൻട്രൽ എക്സൈസ്, കസ്റ്റംസ് ആന്റ് സർവീസ് ടാക്സ് കേരള സോൺ കമ്മീഷണർ വിനോദ് കുമാർ മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന വാണിജ്യ നികുതി കമ്മീഷണർ ഡോ. രാജൻ ഖോബ്രഗഡേ, വാണിജ്യ നികുതി ഡെപ്യൂട്ടി കമ്മീഷണർ ത്യാഗരാജ ബാബു പങ്കെടുത്തു. നാഷണൽ അക്കാദമി ഫോർ കസ്റ്റംസ് എക്സൈസ് ആന്റ് നാർക്കോട്ടിക്സാണ് പരിശീലനപരിപാടി നടത്തിയത്.



ടി. എസ്. ചന്ദ്രൻ

# പൈതൃകം സ്കൂളുകളിലേയ്ക്ക്



കേരളത്തിലെ കൈത്തറി തൊഴിലാളികൾക്ക് പ്രതിമാസം 10,000 രൂപയിൽ കുറയാത്ത വേതനം ലഭ്യമാക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം- സ്കൂൾ യൂണിഫോം പദ്ധതിയുടെ വിശദീകരണ വേളയിൽ വ്യവസായ വകുപ്പ് മന്ത്രി ഇ. പി. ജയരാജൻ വ്യക്തമാക്കിയതാണ് ഇത്. നമ്മുടെ പാരമ്പര്യ തനിമ സ്കൂളുകളിലേയ്ക്ക് എത്തിക്കുവാനുള്ള തീരുമാനം ഈ മേഖലയിലെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട വേതനം ഉറപ്പാക്കുന്നതിനുള്ള ശ്രമത്തിന്റെ ഭാഗം കൂടിയാണ്. ഒന്നു മുതൽ എട്ടു വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് കൈത്തറി യൂണിഫോമുകൾ നൽകുവാൻ തീരുമാനിച്ചിരിക്കുന്നത്. കൈത്തറി തികയുന്നില്ലെങ്കിൽ യന്ത്രത്തറി തുണിത്തരങ്ങളും ഉപയോഗിക്കും. സർക്കാർ സ്കൂളുകളിലേയും, എയ്ഡഡ് വിദ്യാലയങ്ങളിലേയും കുട്ടികൾക്കാണ് സൗജന്യ യൂണിഫോം നൽകുന്നത്. കേരളത്തിലെ 25 ലക്ഷം കുട്ടികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. അവർക്ക് രണ്ട് ജോഡി യൂണിഫോം വീതം നൽകും. അതിന് 50 ലക്ഷം ജോഡി യൂണിഫോം വേണം. ഒരു കോടി 30 ലക്ഷം മീറ്റർ തുണിയും വേണ്ടിവരും എന്നാണ് കണക്കാക്കിയിരിക്കുന്നത്. കേരളത്തിലെ കൈത്തറി തൊഴിലാളികൾക്ക് 150 ദിവസമെങ്കിലും തൊഴിൽ ഉറപ്പാക്കാനും, മെച്ചപ്പെട്ട വരു



മാനം ഉണ്ടാക്കാനും സാധിക്കും.


ഒക്ടോബർ രണ്ടിന് പദ്ധതിയുടെ ഉദ്ഘാടനം സംസ്ഥാനതലത്തിൽ നടത്തും. മെയ് മാസം 15 ന് മുമ്പായി യൂണിഫോം തുണിത്തരങ്ങൾ സ്കൂളുകളിൽ എത്തിക്കാനാണ് പരിപാടി. നമ്മുടെ പൈതൃകം നമ്മുടെ കുട്ടികളിലേയ്ക്ക് പകർന്ന് നൽകുന്ന ബൃഹത്തായ ഒരു പരിപാടിയായിരിക്കും പൈതൃകം സ്കൂളിലേയ്ക്ക്. ഏകദേശം 250 കോടിയോളം രൂപയാണ് ഇതിനായി സർക്കാർ നീക്കിവച്ചിരിക്കുന്നത്. പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയ്ക്ക് വൻമുന്നേറ്റമുണ്ടാക്കാനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലി ഉറപ്പു വരുത്താനും സ്കൂളിലേയ്ക്ക് കയറുന്ന ഈ പൈതൃക പദ്ധതിക്ക് കഴിയും.

### കൈത്തറി; നിരവധി സർക്കാർ പദ്ധതികൾ

കൈത്തറി മേഖലയുടെ പുരോഗതി ലക്ഷ്യം വച്ച് നിരവധി പദ്ധതികളാണ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പാക്കി വരുന്നത്. പാരമ്പര്യ തൊഴിൽ മേഖലയെ സംരക്ഷിക്കേണ്ടതും, നില നിർത്തേണ്ടതും, തൊഴിലാളികൾക്ക് ആശ്വാസം പകരേണ്ടതും സർക്കാരിന്റെ കടമയാണ്. ഏകദേശം 100 കോടിയോളം രൂപ വിവിധ പദ്ധതികൾ വഴി ഈ



**സർക്കാർ സ്കൂളുകളിലേയും, എയ്ഡഡ് വിദ്യാലയങ്ങളിലേയും കുട്ടികൾക്കാണ് സൗജന്യ യൂണിഫോം നൽകുന്നത്. 25 ലക്ഷം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. അവർക്ക് രണ്ട് ജോഡി യൂണിഫോം വീതം നൽകും. അതിന് 50 ലക്ഷം ജോഡി യൂണിഫോം വേണം. ഒരു കോടി 30 ലക്ഷം മീറ്റർ തുണിയും വേണ്ടിവരും എന്നാണ് കണക്കാക്കിയിരിക്കുന്നത്.**



മേഖലയിൽ സർക്കാർ പ്രതിവർഷം ചെലവാക്കുന്നുണ്ട്. കൈത്തറി സഹകരണ സംഘങ്ങൾക്കും, അല്ലാത്ത തൊഴിലാളികൾക്കും, സ്വകാര്യ സംരംഭകർക്കും ആശ്വാസവും, പ്രോത്സാഹനവും നൽകുന്ന നിരവധി പദ്ധതികൾ ഈ രംഗത്തുണ്ട്. അത്തരം പദ്ധതികളിലേയ്ക്ക് ഒരു എത്തിനോട്ടം നടത്തുന്നത് ഉചിതമായിരിക്കും.

### പ്രൊഡക്ഷൻ ഇൻസെന്റീവ്

കൈത്തറി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് അവരുടെ ഉല്പാദനശേഷി ഉയർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്. കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളിലെ തൊഴിലാളികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിശ്ചിത അളവിൽ കൂടുതൽ തുണി നെയ്യുന്ന തൊഴിലാളികൾക്ക് അധികമായി ഉല്പാദിപ്പിക്കുന്ന തുണിക്ക് ഇരട്ടി കൂലി നൽകുന്നു എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. നിശ്ചിത സമയത്തിനുള്ളിൽ മെച്ചപ്പെട്ട ഉല്പാദനം നടത്തുവാൻ തൊഴിലാളികൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. വളരെ ഫലപ്രദമായി നടപ്പാക്കി വരുന്ന ഒരു പദ്ധതിയാണിത്.

### എം. ജി. ബി. ബി. വൈ (മഹാത്മാഗാന്ധി ബങ്കർ ഭീമാ യോജന)

സർക്കാർ എൽ. ഐ. സി യുമായി ചേർന്ന് നടപ്പാക്കുന്ന ഒരു ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയാണിത്. ഇതിന് അടയ്ക്കേണ്ട പ്രീമിയം 330 രൂപയാണ് എൽ. ഐ. സി. 100 രൂപ, കേന്ദ്രസർക്കാർ 150 രൂപ, 80 രൂപ തൊഴിലാളി എന്ന രീതിയിലാണ് എടുക്കേണ്ടത്. എന്നാൽ ഇതിലെ തൊഴിലാളി വിഹിതം സംസ്ഥാനസർക്കാർ ആണ് എടുക്കുന്നത്. ഫലത്തിൽ തൊഴിലാളിയിൽ നിന്നോ, ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നോ യാതൊരു മുടക്കും ഇല്ലാതെ തികച്ചും സൗജന്യമായി തൊഴിലാളികൾക്ക് ഈ ഇൻഷുറൻസ് പദ്ധതിയുടെ പ്രയോജനം ലഭിക്കും. 18 മുതൽ 59 വരെ പ്രായക്കാർക്ക് ഇതിൽ ചേരാം. സാധാരണ മരണത്തിന് 75,000 രൂപയും, അപകടമരണത്തിന് 1,50,000 രൂപയും ആനുകൂല്യം കുടുംബത്തിന് ലഭിക്കും. കൂടാതെ ഇതിൽ ചേർന്നിരിക്കുന്ന തൊഴിലാളിയുടെ കുടുംബത്തിലെ കുട്ടികളുടെ പഠനത്തിന് സ്കോളർഷിപ്പും ലഭിക്കും. ഒമ്പത് മുതൽ 12 ക്ലാസ്സ് വരെയുള്ള പഠനത്തിന് പ്രതിവർഷം 1200 രൂപയുടെ സ്കോളർഷിപ്പാണ് ഇതുപ്രകാരം ലഭിക്കുക.

### ഇൻകം സപ്പോർട്ട് സ്കീം

കൈത്തറി തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പു വരുത്തുന്ന ഒരുപദ്ധതിയാണിത്. പ്രതിദിനം 150 രൂപ വരുമാനം ലഭിക്കാത്തവർക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. കിട്ടിയ കൂലി കഴിച്ച് ബാക്കി വരുന്ന തുക സർക്കാർ ഗ്രാന്റായി അനുവദിക്കുന്നു. ഈ ആനുകൂല്യം കൈപ്പറ്റുന്ന ധാരാളം തൊഴിലാളികളുണ്ട് സംസ്ഥാനത്ത്. സഹകരണ സംഘത്തിലെ തൊഴിലാളികൾക്ക്, മാത്രമല്ല സ്വകാര്യ തൊഴിലാളികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കും.

### കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട്

കോൺട്രിബ്യൂട്ടറി ത്രിഫ്റ്റ് ഫണ്ട് നന്നായി നടപ്പാക്കി വരുന്ന ഒരു തൊഴിലാളിക്ഷേമ പദ്ധതിയാണ്. തൊഴിലാളി വാങ്ങുന്ന കൂലിയുടെ എട്ട് ശതമാനം തുക ഇതിലേയ്ക്ക് അടയ്ക്കുകയാണ് വേണ്ടത്. അത്രയും തുക തന്നെ സർക്കാരും നൽകും. അഞ്ച് വർഷം ഇങ്ങനെ അടച്ചു കൊണ്ടിരുന്നാൽ ഇതിന്റെ പൂർണമായ ആനുകൂല്യം ലഭിക്കും. മക്കളുടെ വിവാഹം, ചികിത്സ തുടങ്ങിയ അടിയന്തിര ആവശ്യങ്ങൾക്ക് തിരിച്ച് അടയ്ക്കേണ്ടാത്ത രീതിയിൽ ഈ ഫണ്ടിൽ നിന്നും തുക പിൻവലിക്കാം.

### വിപണന സഹായങ്ങൾ

ഉല്പന്ന വിപണനം ഏറ്റവും പ്രാധാന്യമുള്ള ഒരു ഘടകമാണ്. ഗവൺമെന്റ് ഏറെ പരിഗണന ഇതിന് നൽകുന്നുണ്ട്. കൈത്തറി സഹകരണ സംഘങ്ങളുടെ റിബേറ്റ് വില്പന നമ്മുടെ സംസ്കാരവും, ആഘോഷ പരിപാടികളുമായി ഏറെ ബന്ധപ്പെട്ടു കിടക്കുന്നു. ഓണം, വിഷു, ഈസ്റ്റർ, റംസാൻ, ബക്രീദ്, ക്രിസ്തുമസ് തുടങ്ങിയ ആഘോഷവേളകൾ ആനന്ദകരമാക്കുന്നതിന് കൈത്തറി സംഘങ്ങളുടെ റിബേറ്റ് വില്പനയും ഏറെ പങ്ക് വഹിക്കുന്നു. വർഷത്തിൽ 50 മുതൽ 60 വരെ ദിവസങ്ങളിലാണ് റിബേറ്റ് വില്പനകൾ നടക്കുന്നത്. ഇപ്പോൾ 20% വരെയാണ് റിബേറ്റ്. ഇതിനായി പ്രത്യേക പ്രദർശനങ്ങളും, മീറ്റുകളും സംഘടിപ്പിക്കുന്നു. സംസ്ഥാനതലത്തിലും, ജില്ലാ തലത്തിലും, മേഖലാ തലത്തിലും ഇത്തരം പ്രോഗ്രാമുകൾ നടക്കുന്നുണ്ട്. സംഘങ്ങളും ഇതിനനുസരിച്ച് വിവിധ നിരക്കുകളിൽ അധിക റിബേറ്റും നൽകിവരുന്നുണ്ട്. വർഷങ്ങളായി കൈത്തറി സംഘങ്ങൾക്ക് നൽകാനുള്ള റിബേറ്റ് കുടിശ്ശിക കൊടുത്തു തീർക്കുവാനുള്ള ഊർജിത ശ്രമങ്ങൾ നടന്നു വരികയാണെന്ന് കൈത്തറി വികസന ഡയറക്ടർ കെ. സുധീർ അറിയിച്ചു.

സംഘങ്ങളോ സ്വകാര്യ വ്യക്തികളോ നടത്തുന്ന കയറ്റുമതി വ്യാപാരത്തിനും പ്രോത്സാഹനം നൽകുന്നുണ്ട്. അവരുടെ കയറ്റുമതി തുകയുടെ 20% പരമാവധി 20 ലക്ഷം രൂപയാണ് പ്രതിവർഷം അനുവദിക്കുന്നത്. മറ്റ് കയറ്റുമതി ആനുകൂല്യ



ങ്ങൾക്ക് പുറമെയാണിത്. ഹാന്റ്‌വീവ്, ഹാൻടെക്സ്, കൈത്തറി സംഘങ്ങൾ എന്നിവർക്ക് അന്താരാഷ്ട്ര പ്രദർശനമേളകളിൽ പങ്കെടുക്കുന്നതിനും ധനസഹായം നൽകുന്നുണ്ട്. മികച്ച കൈത്തറി ഉല്പന്ന നിർമാണത്തിന് ഉല്പാദനസഹായവും, വ്യാപാരമുദ്രണം, മെച്ചപ്പെട്ട ഡിസൈൻ, മികവ് എന്നിവയ്ക്ക് അവാർഡുകളും നൽകിവരുന്നു.

### അടിസ്ഥാന സൗകര്യവികസനം

കൈത്തറി സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നിരവധി പദ്ധതികളാണ് സർക്കാർ നടപ്പാക്കി വരുന്നത്. ഫാക്ടറി ഷെഡ്, പ്രദർശന സ്റ്റാളുകൾ, വർക്ക് ഷെഡ്ഡുകൾ എന്നിവ പുതുതായി ഉണ്ടാക്കുന്നതിനും, സഹകരിക്കുന്നതിനും ഗ്രാന്റ് അനുവദിക്കുന്നു. പുതിയ ഉല്പന്നങ്ങൾ, ഡിസൈൻ എന്നിവ രൂപപ്പെടുത്തുന്നതിന് ആവശ്യമായ മെഷിനറികൾ സ്ഥാപിക്കുന്നതിനും ആനുകൂല്യങ്ങൾ ലഭ്യമാണ്. പ്ലാൻ, എസ്റ്റിമേറ്റ്, മെഷിനറി, ക്വട്ടേഷൻ, വില എന്നിവ കണക്കാക്കിയാണ് ഗ്രാന്റ് അനുവദിക്കുന്നത്. ദേശീയവും അന്തർദേശീയവുമായ മെച്ചപ്പെട്ട സാങ്കേതിക വിദ്യയുടെ സമ്പാദനത്തിനും, ബ്രാന്റ് വികസനത്തിനും ആനുകൂല്യങ്ങൾ നൽകുന്നു.

### ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ

കൈത്തറി, യന്ത്രത്തറി മേഖലയിൽ പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും, സംരംഭകത്വവും തൊഴിൽ അവസരങ്ങളും സൃഷ്ടിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു. ബാലരാമപുരത്ത് കൈത്തറി ഇൻകുബേഷൻ സെന്ററും, നെയ്യാറ്റിൻകരയിൽ പവർലൂം ഇൻകുബേഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നു. പുതുസംരംഭകർ, പുതിയ സാങ്കേതികവിദ്യകൾ, പുതിയ ഡിസൈനുകൾ, എല്ലാം ഇതിന്റെ ഭാഗമായി ലക്ഷ്യം വയ്ക്കുന്നു.

പുതിയ തൊഴിലാളികളെ കണ്ടെത്തുന്നതിനായി നൈപുണ്യ വികസന പരിപാടികളും സംഘടിപ്പിച്ചു വരുന്നു. ആറ് മാസം വരെ നീണ്ടു നിൽക്കുന്ന പരിശീലന പരിപാടിയുടെ മുഴുവൻ ചെലവുകളും സർക്കാരാണ് വഹിക്കുന്നത്.

### സ്വയം തൊഴിൽ വായ്പാ പദ്ധതികൾ

കൈത്തറി മേഖലയിലും, യന്ത്രത്തറി മേഖലയിലും പുതുസംരംഭകരെ ലക്ഷ്യമിട്ട് സ്വയം തൊഴിൽ വായ്പാപദ്ധതി നടപ്പാക്കിവരുന്നു. സ്വകാര്യമേഖലയെ നന്നായി ഉപയോഗപ്പെടുത്തിയാൽ മാത്രമേ കൈത്തറി/യന്ത്രത്തറി മേഖലയിൽ കൂടുതൽ ഉല്പാദനം ഉണ്ടാക്കാൻ കഴിയൂ എന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യ, കയറ്റുമതി, ഡിസൈൻ തുടങ്ങിയ രംഗങ്ങളിൽ മികവ് പുലർത്തുന്ന മേഖലയായി കൈത്തറി യന്ത്രത്തറി മേഖല മാറണമെങ്കിൽ സ്വകാര്യ നിക്ഷേപം കൂടിയേ തീരൂ.

10 തറികളുള്ള കൈത്തറി വസ്ത്ര നിർമാണ യൂണിറ്റാണ് തുടങ്ങേണ്ടത് (അഞ്ച് തറി

കൾ വച്ചുകൊണ്ട് തുടങ്ങുന്നവരേയും ആനുകൂല്യ ത്തിന് പരിഗണിക്കും) 10-ാം ക്ലാസ്സ് വരെ പഠിച്ചവ രും, കൈത്തറി രംഗത്ത് പരിചയം ഉള്ളവരും ആയി രിക്കണം. അല്ലെങ്കിൽ കൈത്തറിയുമായി ബന്ധപ്പെട്ട വിഷയത്തിൽ ഡിപ്ലോമ ഉള്ളവരായിരിക്കണം. സ്വന്തം ഭൂമിയോ അഞ്ച് വർഷത്തേയ്ക്ക് വാട കയ്ക്ക് എടുത്ത വസ്തുവോ വേണം. സ്ഥലവും കെട്ടിടവും സംരംഭകൻ തന്നെ കണ്ടെത്തണം. പദ്ധ തിപ്രകാരം സ്ഥിര നിക്ഷേപത്തിന്റെ 40% പരമാവധി നാല് ലക്ഷം രൂപ വരെ സർക്കാർ ഗ്രാന്റ് ലഭിക്കും. 50% വായ്പയും, 10% സംരംഭകന്റെ വിഹിതവുമാണ് കൈത്തറി മേഖലയിൽ. അതുപോലെ പ്രവർത്തന മൂലധനത്തിന്റെ 30%, പരമാവധി ഒന്നരലക്ഷം രൂപയും സർക്കാർ ഗ്രാന്റ് ലഭിക്കുന്നതാണ്. ഇതി നുള്ള അപേക്ഷകൾ ജില്ലാ വ്യവസായകേന്ദ്രങ്ങ ളിൽ സമർപ്പിക്കാവുന്നതാണ്. യന്ത്രത്തറിയിലെ സംരംഭത്തിന് സ്ഥിരനിക്ഷേപത്തിന്റെ 25% ആണ് ഗ്രാന്റ് നൽകുക. പ്രവർത്തന മൂലധനത്തിന് പ്രത്യേകഗ്രാന്റ് നൽകുന്നില്ല. ഹാന്റ്‌ലൂം ചവിട്ടികൾ ഉല്പാദിപ്പിക്കുന്നതിനും ഇപ്പോൾ ആനുകൂല്യം ലഭ്യ മാണ്.

## കോളേജുകളിൽ ഫാഷൻഷോ

കൈത്തറി പ്രോത്സാഹന പരിപാടികളുടെ ഭാഗമായി തിരഞ്ഞെടുത്ത ആർട്സ് & സയൻസ് കോളേജുകളിലും, എഞ്ചിനീയറിംഗ് കോളേജുക ളിലും നിരവധി പ്രോഗ്രാമുകൾ നടത്തിവരുന്നു. ജില്ലകൾതോറും ഇത്തരം പരിപാടികൾ നടപ്പാക്കു ന്നുണ്ട്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് വിദ്യാർത്ഥി- വിദ്യാർത്ഥിനികളും അദ്ധ്യാപകരും, ജീവനക്കാരും പങ്കെടുക്കുന്ന ഫാഷൻ ഷോകൾ. സെമിനാറുകൾ, സിമ്പോസിയങ്ങൾ, ചർച്ചാ ക്ലാസ്സുകൾ, വർക്ക് ഷോപ്പുകൾ, പ്രദർശനങ്ങൾ എന്നിവയും വിദ്യാല യങ്ങൾ കേന്ദ്രീകരിച്ച് നടത്തുന്നു.

കൈത്തറി സഹകരണ സംഘങ്ങൾക്ക് അവർ പിരിച്ചെടുത്ത ഓഹരിയുടെ രണ്ട് മുതൽ അഞ്ച് ഇരട്ടി വരെ തുക സർക്കാർ ഓഹരി പങ്കാളി ത്തമായി അനുവദിക്കുന്നു. ഒരു സംഘത്തിന് ഒരു വർഷം പരമാവധി അഞ്ച് ലക്ഷം രൂപ വരെ ഇങ്ങനെ ഓഹരിപങ്കാളിത്തമായി അനുവദിക്കുന്നു. യന്ത്ര ത്തറി സംഘങ്ങൾക്കും ഈ ആനുകൂല്യം ലഭിക്കും. അപക്സ് സംഘങ്ങളായ ഹാൻവീവ്, ഹാൻടെക്സ് എന്നിവർക്കും അവരുടെ മൂലധനം ശക്തിപ്പെടു ത്തുന്നതിനും വായ്പ സമ്പാദിക്കുന്നതിനുമായി പ്രത്യേക ഓഹരി പങ്കാളിത്തവും സർക്കാർ നൽകു ന്നുണ്ട്.

കൈത്തറിയുടെ പാരമ്പര്യത്തനിമ പ്രദർശി



പ്പിക്കുന്നതിനും, ടൂറിസവുമായി ബന്ധപ്പെടുത്തി നേട്ടമുണ്ടാക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കൈത്തറി ഗ്രാമങ്ങൾ സ്ഥാപിച്ചുവരുന്നു. അതിനുള്ള പശ്ചാത്തല സൗകര്യങ്ങളാണ് സർക്കാർ ഒരുക്കിക്കൊടുക്കുന്നത്. എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. തൃശൂരിലും ഇതിനായുള്ള പഠനങ്ങൾ നടന്നുവരുന്നു.

പൊതുജനങ്ങളിൽ കൈത്തറി മേഖലയെക്കുറിച്ച് വേണ്ടത്ര അവബോധം ഉണ്ടാക്കുന്നതിനും, കുട്ടികളിൽ ഈ പാരമ്പര്യത്തനിമയുടെ ഓർമപ്പെടുത്തലുകൾ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ട് ചിത്രരചനാ മത്സരങ്ങൾ സംഘടിപ്പിച്ചു വരുന്നു. ഒന്നു മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. ജില്ലാതലത്തിലാണ് മത്സരങ്ങൾ. ക്യാഷ് അവാർഡും, സർട്ടിഫിക്കറ്റുകളും സമ്മാനജേതാക്കൾക്ക് നൽകുന്നുണ്ട്.

പ്രചരണത്തിന്റെ ഭാഗമായി പത്രങ്ങൾ/മാഗസിനുകൾ/ദൃശ്യ/ശ്രവ്യ മാധ്യമങ്ങൾ എന്നിവിടങ്ങളിൽ പരസ്യം ചെയ്യുന്നതിന് 50,000 മുതൽ രണ്ട് ലക്ഷം രൂപ വരെ ആനുകൂല്യങ്ങൾ നൽകുന്നു. ഹോൾഡിങ്ങുകൾ സ്ഥാപിക്കുന്നതിന് 50,000 രൂപയും ചെലവായ തുക തിരികെ നൽകൽ എന്ന നിലയിൽ സംഘങ്ങൾക്കും, സ്വകാര്യ സ്ഥാപനങ്ങൾക്കും നൽകുന്നുണ്ട്.

**പുതുതലമുറയെ ഈ തൊഴിൽ രംഗത്തേയ്ക്ക് ആകർഷിക്കുവാൻ കഴിയണം. അതിന് ജോലിസ്ഥിരതയും, വരുമാനവും ഉറപ്പുവരുത്താൻ കഴിയണം. യൂണിഫോം ധരിച്ചെത്തുന്ന ഫാക്ടറി തൊഴിലാളികളെപ്പോലെ കൈത്തറി നെയ്ത്ത് കേന്ദ്രങ്ങൾ പ്ലാൻ ചെയ്യണം. സംഘങ്ങളിലെ സർക്കാർ നിയന്ത്രണം ലഘൂകരിക്കണം.**

### ക്ലസ്റ്റർ വികസനം

തൊഴിലാളികളുടെ നിരവധി ക്ലസ്റ്റർ കൺസോർഷ്യങ്ങൾ സംസ്ഥാനത്ത് കൈത്തറി മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇത്തരം കൺസോർഷ്യങ്ങൾക്ക് കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിക്കുന്നതിന് വലിയതോതിൽ സർക്കാർ സഹായം ലഭിക്കുന്നു. പ്രവർത്തനശാലകൾ നവീകരിക്കുന്നതിനും, എക്സിബിഷനുകൾ സംഘടിപ്പിക്കുന്നതിനും പ്രത്യേക ധനസഹായവും നൽകിവരുന്നുണ്ട്.

കൈത്തറി വസ്ത്രങ്ങളോട് പ്രത്യേകമായ ഒരു ആഭിമുഖ്യം ഇന്നത്തെ സമൂഹത്തിലുണ്ട്. ഏറ്റവും പഴക്കം ചെന്ന ഒരു വ്യവസായമാണ് കൈത്തറി. അത് അപചയത്തിൽ നിന്നും ഉയർത്തെഴുന്നേൽക്കുന്ന ഒരു സമയമാണ് ഇത്. എട്ടാം ക്ലാസ്സ് വരെയുള്ള സ്കൂൾ കുട്ടികൾക്ക് യൂണിഫോം സൗജന്യമായി വിതരണം ചെയ്യാനുള്ള സർക്കാർ തീരുമാനം കേരളത്തിൽ കൈത്തറി/യന്ത്രത്തറി മേഖല ശക്തമാകുന്നതിന് ഉപകരിക്കും. സ്വകാര്യ സംരംഭകർക്കും ഈ മേഖലയിൽ ധാരാളം ബിസിനസ് അവസരങ്ങളാണുള്ളത്. നെയ്ത്തുശാലകൾ തേടിപ്പോയി കൈകൊണ്ട് നെയ്ത് എടുക്കുന്ന സാരികൾക്കും മറ്റും ഓർഡർ നൽകുന്ന ഒരു അവസ്ഥ വിപണിയിൽ നിലനിൽക്കുന്നു. കല്യാൺ പോലുള്ള സ്ഥാപനങ്ങൾക്ക് സാരി നെയ്ത് നൽകി പ്രതിദിനം 600 രൂപയിലേറെ സമ്പാദിക്കുന്ന വനിതാ സ്വകാര്യ നെയ്ത്തുകാരുണ്ട് കേരളത്തിൽ.

പുതുതലമുറയെ ഈ തൊഴിൽ രംഗത്തേയ്ക്ക് ആകർഷിക്കുവാൻ കഴിയണം. അതിന് ജോലിസ്ഥിരതയും, വരുമാനവും ഉറപ്പുവരുത്താൻ കഴിയണം. യൂണിഫോം ധരിച്ചെത്തുന്ന ഫാക്ടറി തൊഴിലാളികളെപ്പോലെ കൈത്തറി നെയ്ത്ത് കേന്ദ്രങ്ങൾ പ്ലാൻ ചെയ്യണം. സംഘങ്ങളിലെ സർക്കാർ നിയന്ത്രണം ലഘൂകരിക്കണം. പ്രവർത്തനമൂലധനം സുഗമമായി സംഘങ്ങൾക്കും, സ്വകാര്യ ഉല്പാദകർക്കും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തണം. ഇതിന് പരമ്പരാഗതമായി നടപ്പാക്കിവരുന്ന പദ്ധതികളിൽ കാലോചിതമായ പരിഷ്കാരം കൊണ്ടുവരണം. ഈ രംഗത്തേയ്ക്കുള്ള ഒരു തുടക്കമായി പൈലറ്റ് പ്രോജക്ട് എന്ന നിലയ്ക്ക് സ്കൂൾ യൂണിഫോം പദ്ധതിയെ കാണാം.

**പാലക്കാട് ജില്ലാവ്യവസായകേന്ദ്രം
മാനേജരാണ് ലേഖകൻ**



എഴുമാവിൽ രവീന്ദ്രനാഥ്

# തിരുവിതാംകൂറിന്റെ കൈത്തറി ചരിത്രം

തിരുവിതാംകൂറിന്റെ വ്യവസായ വികസനത്തിൽ വളരെയേറെ സ്വാധീനം ചെലുത്തിയ ഭരണാധികാരിയായിരുന്നു രാജാ കേശവദാസൻ. 40 വർഷക്കാലം രാജ്യം ഭരിച്ച രാമവർമ മഹാരാജാവിന്റെ ഭരണകാലത്തായിരുന്നു കേശവപിള്ളയെന്ന രാജാകേശവദാസൻ ദിവാനാകുന്നത്. 24-ാം വയസ്സിൽ കൊട്ടാരം രായസ്സമായി (എൽ. ഡി. ക്ലർക്ക്) രാജസേവനം തുടങ്ങിയ ഇദ്ദേഹം കഠിനാദ്ധ്വാനത്തിലൂടെ കൊട്ടാരം സമ്പ്രതി (സ്റ്റേറ്റ് സെക്രട്ടറി) സ്ഥാനത്തേയ്ക്കുയർന്നു. പിന്നീടാണ് ദിവാൻ പദവിയിലേയ്ക്ക് അവരോധിക്കപ്പെടുന്നത്.


ആരുവാമൊഴി മുതൽ പരവൂർ വരെയുള്ള പ്രദേശങ്ങളിൽ ധാരാളം ധനവാന്മാരുണ്ടെന്നും അവരെ വ്യവസായവും കച്ചവടവുമൊക്കെ പരിശീലിപ്പിക്കണമെന്നുമുള്ള ഒരു ശിപാർശ കേശവദാസൻ രാജാവിനു നൽകി. അതുവരെ ഉപ്പും, മുളകും, പഞ്ചസാരയും, തുണിത്തരങ്ങളുമൊക്കെ രാജ്യത്തേയ്ക്ക് കൊണ്ടുവന്നിരുന്നത് അന്യദേശത്തുള്ള ഇടനിലക്കാരായിരുന്നു. കോൺവാലിസ് പ്രഭു, മോറിങ്ടൺ പ്രഭു എന്നീ ഗവർണർ ജനറൽമാരുമായി നല്ല അടുപ്പം പുലർത്തിയിരുന്ന കേശവദാസൻ ബോംബെ റസിഡൻസിയിലും മദ്രാസ് റസിഡൻസിയിലും വെച്ച് രാജ്യത്തിന്റെ വികസനത്തിനു വേണ്ടി നടത്തിയ ചർച്ചകളെ തുടർന്നാണ് ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് ചെയ്യാവുന്ന വ്യവസായങ്ങളും മറ്റും ഇവിടേയ്ക്ക് കൊണ്ടുവരുവാനും അതിലൂടെ രാജ്യത്തു നിന്നും കമ്മീഷനായി പുറത്തേയ്ക്കു പോയിക്കൊണ്ടിരുന്ന വൻതുകകൾക്ക് തടയിടുവാനും തീരുമാനിച്ചത്. ആലപ്പുഴ, വിഴിഞ്ഞം, കുളച്ചൽ, കന്യാകുമാരി തുടങ്ങിയ സ്ഥലങ്ങളെ തുറമുഖ നഗരങ്ങളാക്കി മാറ്റുവാനുള്ള മാസ്റ്റർപ്ലാൻ അദ്ദേഹം തയ്യാറാക്കി. ടെക്സ്റ്റയിൽ വ്യവസായത്തിന് അനന്തസാധ്യതകളുണ്ടെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ആലപ്പുഴയിലേയ്ക്ക് കച്ച്, സിന്ധ് വ്യാപാരികളെ അദ്ദേഹം ക്ഷണിച്ചുവരുത്തി. തിരുനെൽവേലിയിൽ നിന്നുള്ള തുണി വ്യാപാരികൾക്കും അദ്ദേഹം അവിടെ താവളമൊരുക്കി.

സൂറത്ത്, മധുര, തിരുനെൽവേലി, ബോംബെ തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ഇടനിലക്കാരെത്തിക്കുന്ന തുണികൾക്ക് നാലും അഞ്ചും ഇരട്ടി വിലയീടാക്കുന്നത് അദ്ദേഹം കണ്ടെത്തി. രാജ്യത്ത് അങ്ങുമിങ്ങുമുള്ള നെയ്ത്തുകാർക്ക് തിരു

വിതാംകൂറിലേക്കാവശ്യമായ തുണിത്തരങ്ങൾ നൽകുവാൻ കഴിവുമില്ലായിരുന്നു. ഇതിനൊക്കെ പ്രതിവിധിയായിട്ടാണ് നാഞ്ചിനാട്ടിലെ കോട്ടാർ അദ്ദേഹം തുണി വ്യവസായകേന്ദ്രമാക്കി മാറ്റിയത്. തിരുനെൽവേലി, മധുര, കാഞ്ചീപുരം, നാഗപട്ടണം തുടങ്ങി വിവിധ സ്ഥലങ്ങളിൽ നിന്നായി നെയ്ത്തുകാർ, നൂൽപ്പുകാർ, കസവുകാർ, ചായക്കാർ, കലാകാരന്മാർ ഇവരെയൊക്കെ അദ്ദേഹം കോട്ടാറിൽ എത്തിച്ചു. ഇവർക്കു കരമൊഴിവായി ഭൂമിയും കെട്ടിടങ്ങളും വിദേശത്തു നിന്നും, മറുനാട്ടിൽ നിന്നും (ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾ അഥവാ നാട്ടുരാജ്യങ്ങൾ) യന്ത്രസാമഗ്രികളും വരുത്തിക്കൊടുത്ത് മലബാറിനും കൊച്ചിക്കും തുണിത്തരങ്ങൾ സപ്ലൈ ചെയ്യാൻ കൂടിയുള്ള കഴിവ് അങ്ങനെ തിരുവിതാംകൂർ ആർജിച്ചെടുത്തു.

തിരുവിതാംകൂർ രാജ്യത്തിന്റെ അങ്ങുമിങ്ങുമുള്ള നെയ്ത്തുകാരുടെ കരവിരുതായിരുന്നു കൈത്തറിത്തുണികൾ. ഇതുപ്രോത്സാഹിപ്പിക്കാൻ കേശവദാസൻ കിണഞ്ഞു പരിശ്രമിച്ചു. പക്ഷെ രാജ്യത്താകെ സജീവമായ നെയ്ത്തുകാരുടെ എണ്ണം 50 തിൽ താഴെ മാത്രം. ഈ അവസ്ഥ മാറ്റിയെടുക്കുവാനായാണ് വള്ളിയൂരിലെ കൈത്തറി നെയ്ത്തുകാരെ അദ്ദേഹം ഇവിടേയ്ക്ക് ഇറക്കുമതി ചെയ്യാൻ തീരുമാനിച്ചത്. നെയ്യാറ്റിൻകരയ്ക്കും കരമനയ്ക്കും മദ്ധ്യേയുള്ള വണ്ടിപ്പേട്ടയായിരുന്നു ഇവർക്കായി ദിവാൻ കണ്ടെത്തിയ സ്ഥലം. അനന്തപുരിയിലേയ്ക്ക് ചരക്കുകളുമായി വരുന്നതും പോകുന്നതുമായ കാളവണ്ടികൾക്കുള്ള താല്ക്കാലിക ഷെൽട്ടർ ആയിരുന്നു വണ്ടിപ്പേട്ട. അവിടെ വണ്ടികൾ നിർത്തി കാളകൾക്ക് വൈക്കോലും, പുളിമ്പൊടിക്കഞ്ഞിയും, പിണ്ണാക്കുവെള്ളവുമൊക്കെ കൊടുത്തായിരുന്നു തുടർയാത്രകൾ. ഇവിടെ ഒരു ടൗൺഷിപ്പ് രൂപീകരിക്കുവാനുള്ള പ്രാരംഭനടപടികൾ പൂർത്തിയായിക്കഴിഞ്ഞപ്പോഴാണ് രാമവർമ മഹാരാജാവ് നാടുനീങ്ങിയത്.

തുടർന്ന് 16 വയസ്സ് മാത്രം പ്രായമുള്ള ബാലരാമവർമ കൊല്ലവർഷം 973 ൽ കുംഭമാസം ഏഴിന് (1798 ഫെബ്രുവരി 18) സ്ഥാനാരോഹണം ചെയ്തു. വണ്ടിപ്പേട്ടയിൽ കൈത്തറി വസ്ത്ര നിർമാണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളിൽ വ്യാ





പൃതനായിരുന്ന രാജാ കേശവദാസനെതിരെ ജയന്തൻ ശങ്കരൻ നമ്പൂതിരി, മാത്തൂത്തർകാർ തുടങ്ങിയവരുടെ നേതൃത്വത്തിൽ ഉപജാപകസംഘം ശക്തമായിരുന്ന കാലമായിരുന്നു അത്. ഇടനിലക്കാരുടെ വേഷത്തിൽ ആയിരക്കണക്കിന് രൂപ വിവിധ ഇടപാടുകളിലായി തട്ടിപ്പു നടത്തിയിരുന്ന ഇവരെ കൊട്ടാരത്തിൽ നിന്നും തന്ത്രപൂർവം ദിവാൻ പുറത്താക്കിയിരുന്നു. ഇതിന് മൺമറഞ്ഞ രാമവർമയുടെ എല്ലാ പിന്തുണയുമുണ്ടായിരുന്നു. എന്നാൽ ഭരണകാര്യങ്ങളിൽ യാതൊരു പാടവവുമില്ലാത്ത ബാലരാമവർമ അധികാരമേറ്റതോടെ പഴയ കമ്മീഷൻ ഏജന്റുമാർ കൊട്ടാരത്തിൽ വീണ്ടും കടന്നുകൂടി. വണ്ടിപ്പേട്ടയിലെ ടെക്സ്റ്റയിൽ ടൗൺഷിപ്പിന് രാമവർമപുരമെന്ന പേരാണ് ദിവാൻ നിർദ്ദേശിച്ചതെങ്കിലും പുതിയ രാജാവ് അത് ബാലരാമപുരമെന്നാക്കി വിളംബരം ചെയ്തു. (ബാലരാമപുരം എന്ന പേര് ശ്രീ ചിത്തിര തിരുനാളുമായി ബന്ധപ്പെട്ടതാണെന്നു വിശ്വസിക്കുന്നവർ ഇന്നുമുണ്ട്. ഇത് തിരുത്തുവാനായാണ് ഇത്രയും വിശദീകരണം നൽകിയത്).

വള്ളിയൂരിലെ നെയ്ത്തുകാർക്ക് തിരുവിതാംകൂറിലെ പരമ്പരാഗത നെയ്ത്തുകാരുമായുള്ള സാമ്യമായിരുന്നു അവരെ ഇവിടേയ്ക്ക് കൊണ്ടുവരുവാൻ ദിവാനെ പ്രേരിപ്പിച്ചത് വിവിധ രംഗങ്ങളിൽ വിദഗ്ദ്ധരായ 100 കുടുംബങ്ങളെയാണ് ബാലരാമപുരത്തെ തെരുവിലേയ്ക്ക് പറിച്ചു നട്ടത്. അതിനു മുമ്പുതന്നെ ശാലിയ പ്രമാണിമാർ വന്ന് നെയ്ത്തുപുരകളുടെയും അനുബന്ധസൗകര്യങ്ങളുടെയും സ്കെച്ചും പ്ലാനും നൽകിയിരുന്നു. നൂൽപുര, ഊട്ടുപുര, പാവു പുര, നെയ്ത്തുപുര, ചായപ്പുര, പശപ്പുര, ഇസ്തിരപ്പുര, കരപ്പുര, കസവുപുര തുടങ്ങി 12 സെക്ഷനുകളിലായിരുന്നു വസ്ത്രനിർമാണം നടത്തിയിരുന്നത്. പ്രതിദിനം 5000 മുതൽ 10,000 വാര (പഴയ അളവ്) വരെ തുണി നെയ്യും പരുവം (കപ്പാസിറ്റി) ആയിരുന്നുവത്രേ ബാലരാമപുരത്തിന്റെ ശേഷി.

50,000 നായർ പട്ടാളവും 20,000 ബ്രിട്ടീഷ് പട്ടാളവുമുൾപ്പെടെ 1,00,000 പേർക്കു വേണ്ട കട്ടിത്തുണി, രാജകുടുംബങ്ങൾക്കുള്ള പ്രത്യേക വസ്ത്രങ്ങൾ, നാട്ടുകാർക്കുള്ള വിവിധതരം തുണികൾ എന്നിവ ബാലരാമപുരം ബ്രാൻഡിൽ പുറത്തിറങ്ങി. കൈത്തറി വസ്ത്രങ്ങൾക്കായി സാധാരണ ജൗളിപ്പീടിക കൂടാതെ പ്രത്യേക വിപണനകേന്ദ്രങ്ങളും ദിവാൻ ആരംഭിച്ചു. ഇതിനു പുറമെയായിരുന്നു രാജവൈദ്യവും വസ്ത്രനിർമാണവും സംയോജിപ്പിച്ചു കൊണ്ടുള്ള കഷായ വസ്ത്രനിർമാണവും ഇവിടെ ആരംഭിച്ചത്. ചന്ദനം, രക്തചന്ദനം, മഞ്ഞൾ, നീലയമരി, തുളസി, ചെമ്പരത്തി തുടങ്ങി രണ്ട് ഡസനിലേറെ ഔഷധക്കൂട്ടുകളിൽ പരുവപ്പെടുത്തിയ വസ്ത്രങ്ങൾ വി. വി. ഐ. പി. കൾക്ക് മാത്രം സ്വന്തമായിരുന്നു.

ദിവാന്റെ അകാലചരമത്തെത്തുടർന്ന് തിരുവിതാംകൂറിലെ കൈത്തറി വ്യവസായത്തിന് വലിയ തിരിച്ചടികളാണുണ്ടായത്. അന്യസംസ്ഥാനങ്ങളിൽ നിന്നും കൃത്രിമ തുണിത്തരങ്ങൾ നാട്ടിലേക്കെത്തിക്കുന്ന ലോബികൾ വീണ്ടും ശക്തമായി. ഇതിനിടെ പ്രാദേശികവാദവും മറ്റുമുയർത്തി നെയ്ത്തുകാരെ നാടുകടത്താനുള്ള ശ്രമവും ശക്തമായി. ബാലരാമ വർമയ്ക്ക് വികസന കാര്യങ്ങളിൽ താല്പര്യമില്ലാത്തത് കൈത്തറി മേഖലയെ മരവിപ്പിക്കുക തന്നെ ചെയ്തു. അറ്റകുറ്റപ്പണികൾ ചെയ്യാതായതോടെ ഷെഡ്ഡുകൾ പലതും തകർന്നു വീണു. തമിഴ്നാട്ടിൽ നിന്നുമുള്ള കൃത്രിമ കൈത്തറി നാടൻ തുണിത്തരങ്ങളെക്കാൾ വില കുറച്ച് വില്പന തുടങ്ങിയതോടെ ജനം യഥാർത്ഥ കൈത്തറിയെ മറന്നു.

സംസ്ഥാനത്തെ സഹകരണമേഖല ശക്തമായതോടെയാണ് കൈത്തറി വ്യവസായം വീണ്ടും പച്ച പിടിച്ചു തുടങ്ങിയത്. സബ്സിഡിയോടുകൂടിയുള്ള വായ്പകളും, അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ധനസഹായവും റിബേറ്റുകളും ഫെസ്റ്റിവൽ ഫെയറുകളുമൊക്കെ കൈത്തറി മേഖലയ്ക്ക് വീണ്ടും ഉണർവേകി. കൃത്രിമ തുണിത്തരങ്ങളിൽ നിന്നും കോട്ടണിലേയ്ക്കുള്ള ട്രെൻഡ് മാറ്റവും കൈത്തറിക്ക് കരുത്തായി.



സക്സസ് സ്റ്റോറി

ജസീല

# ടെന്നീസ് ബോളിന്റെ ഗതിവേഗം കാക്കുന്ന എഞ്ചിനീയർ

ക്ലാസിക് സ്പോർട്സ് ഗുഡ്സ് (പ്രൈവറ്റ് ലിമിറ്റഡ്) എന്ന കമ്പനിയുടെ അമരക്കാരിയാണ് ലിസാ മായൻ. കണ്ണൂരിലെ തോട്ടടക്കടുത്ത ക്ലാസിക് സ്പോർട്സ് ഗുഡ്സ് കമ്പനി ഇന്ത്യൻ കളിക്കാരുടെ പരിശീലനത്തിനായി "വിൻസൻ" എന്ന ബ്രാന്റ് നെയിമിലുള്ള 7000 ത്തോളം ടെന്നീസ് ബോളുകളാണ് ദിനംപ്രതി പുറത്തിറക്കുന്നത്.

സ്പോർട്സ് ഗുഡ്സുകളും ആക്സസറീസുകളും നിർമിക്കുന്ന കമ്പനികൾ ഇന്ത്യയിൽ തന്നെ കുറവായിരുന്നു പണ്ട്. സ്പോർട്സിൽ അതീവ തൽപരനായിരുന്നു വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ്സിന്റെ മാനേജിങ് ഡയറക്ടർ പി. കെ. മുഹമ്മദ്. അങ്ങനെ പ്ലൈവുഡ്സ് ഉൽപാദനരംഗത്തു മാത്രം കൈവച്ചിരുന്ന വെസ്റ്റേൺ ഇന്ത്യ സ്പോർട്സ് ഉൽപന്നങ്ങളുടെ നിർമാണത്തിലേയ്ക്കും ചുവടുവെച്ചു. തുടർന്ന് വെസ്റ്റേൺ ഇന്ത്യയിൽ നിന്ന് ടെന്നീസ് റാക്കറ്റ് നിർമാണത്തിന് വിൻമാക്സ് സ്പോർട്സ് ആക്സസറീസ് പ്രൈവറ്റ് ലിമിറ്റഡും ടെന്നീസ് ബോളുകളും ക്രിക്കറ്റ് ടെന്നീസ് ബോളുകളും നിർമിക്കാൻ ക്ലാസിക് സ്പോർട്സ് ഗുഡ്സ് പ്രൈവറ്റ് ലിമിറ്റഡും ഉണ്ടായി.

ടെന്നീസ് റാക്കറ്റ് നിർമാണവുമായി 1987 ലാണ് വിൻമാക്സ് ആക്സസറീസ് (പ്രൈവറ്റ് ലിമിറ്റഡ്) രംഗത്തു വന്നത്. ലോക സമ്പദ് വ്യവസ്ഥയുടെ തകർച്ചയും ചൈനീസ് ഉല്പന്നങ്ങളുടെ മുന്നേറ്റവും ടെന്നീസ് റാക്കറ്റിന്റെ വിപണനത്തിന് തിരിച്ചടിയായി. തുടർന്ന് കമ്പനിക്ക് റാക്കറ്റ് നിർമാണം നിർത്തേണ്ടിവന്നു. കമ്പനിയിലുണ്ടായിരുന്ന ആളുകൾക്ക് തൊഴിൽ കൊടുക്കാനായി കമ്പനി കാരംബോർഡും ചെസ്ബോർഡും നിർമിക്കാൻ തുടങ്ങി. തൊണ്ണൂറുകളുടെ തുടക്കത്തിൽ ഷട്ടിൽ കോർക്കിന്റെ നിർമാണവും ആരംഭിച്ചു. തായ്വാനിൽ നിന്നായിരുന്നു അന്ന് ഷട്ടിൽ നിർമിക്കുന്നതിനുള്ള തൂവലുകൾ ഇറക്കുമതി ചെയ്തത്. അക്കാലത്തായിരുന്നു കമ്പനിയുടെ ബ്രാന്റ് അംബാസിഡറായി പ്രകാശ് പദുകോണിനെ നിയമിക്കുന്നത്. ആയിടയ്ക്ക് വിദേശ രാജ്യങ്ങളിൽ പക്ഷിപ്പനി പടർന്നു പിടിച്ചതിനാൽ മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഇറക്കുമതി ഇന്ത്യ നിരോധിച്ചു. തൂവലിന്റെ വരവ് നിലച്ചതോടെ ഷട്ടിൽകോർക്ക് നിർമാണം പ്രതിസന്ധിയിലായി. പിന്നീട് ഷട്ടിൽകോർക്ക് നിർമാണം നിർത്തി. 1987-ൽ തന്നെയാണ് ക്ലാസിക് സ്പോർട്സ് ഗുഡ്സ് പ്രൈ. ലിമിറ്റഡും തുടങ്ങിയത്. ഇവിടെ നിന്ന് പുറത്തുവന്നത് ടെന്നീസ് ബോളും ക്രിക്കറ്റ് ടെന്നീസ് ബോളുമായിരുന്നു. പേസർ ടെന്നിസ് ബോളും ക്രിക്കറ്റ് ടെന്നീസ് ബോളുമായിരുന്നു. പേസർ ടെന്നിസ് ബോളും വിൻസൺ ടെന്നിസ് ബോളും ഡബിൾടുവും ആ ബിസിനസ് കുടുംബ

ത്തിൽ നിന്ന് വിപണിയിലിറങ്ങി. കർണാടക ആയിരുന്നു പ്രധാന മാർക്കറ്റ്.

1994 ലായിരുന്നു ലിസയുടെയും മായന്റെയും വിവാഹം. എറണാകുളം സ്വദേശിയായ ലിസ പഠിച്ചതും വളർന്നതുമെല്ലാം ദുബായിൽ. പ്ലസ് ടു കഴിഞ്ഞ് കൊല്ലം ടി. കെ. എം. എഞ്ചിനീയറിംഗ് കോളേജിൽ എഞ്ചിനീയറിങ്ങിനു ചേർന്നു. പഠന ശേഷം വിവാഹം. വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ്സ് കമ്പനി മാനേജിങ് ഡയറക്ടർ പി. കെ. മുഹമ്മദിന്റെ മകൻ മായൻ മുഹമ്മദായിരുന്നു ഭർത്താവ്. ജീവിതം കണ്ണൂരിലേയ്ക്ക് പറിച്ചുനട്ടു. കമ്പ്യൂട്ടർ എഞ്ചിനീയറിങ് ബിരുദവും നേടി വെറുതെ വീട്ടിലിരുന്ന ലിസയോട് എന്തെങ്കിലും ജോലി ചെയ്യാൻ ഭർതൃവീട്ടുകാർ പ്രോത്സാഹിപ്പിച്ചു.

2001 ൽ മായൻ വെസ്റ്റേൺ ഇന്ത്യയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ സ്ഥാനം ഏറ്റെടുത്തു. ലിസയോട് കമ്പനിയിൽ ജോയിൻ ചെയ്യാൻ പറഞ്ഞു. അന്ന് 35 പേരാണ് ജോലിക്കാരായി ഉണ്ടായിരുന്നത്. കൂടാതെ ഒരു സൂപ്പർവൈസറും വനിതാ ക്ലാർക്കും. ഒരു ദിവസം മൂന്ന് സ്ത്രീ തൊഴിലാളി



കൾ ലിസയെ കാണാനെത്തി. എന്തോ ലക്ഷ്യമുണ്ടെന്ന് അവരുടെ വരവിൽ തന്നെ വ്യക്തം. എന്നാൽ അവർ ഒന്നും പറഞ്ഞില്ല. ജോലിക്കാരിൽ കൂടുതലും സ്ത്രീകളായതിനാൽ എപ്പോഴും ആശ്രയിക്കാൻ പറ്റുന്ന മേധാവിയെ അവർ ആഗ്രഹിച്ചു. ആ സ്ഥാനത്തേയ്ക്ക് അവർ ലിസയെ കണ്ടു. എല്ലാ കാര്യങ്ങളും പഠിപ്പിക്കാമെന്നവർ ഏറ്റു. അവരുടെ





ആവശ്യം നിരാകരിക്കാൻ എന്തുകൊണ്ടോ തോന്നിയില്ല. ലിസ അവരിൽ നിന്ന് ഓരോ യൂണിറ്റിന്റെയും പ്രവർത്തനങ്ങൾ പഠിച്ചെടുത്തു. തൊഴിലാളികളുമായി ഇടപഴകി. കമ്പനിയിലെ പ്രശ്നങ്ങൾ മനസിലാക്കി പരിഹരിക്കുന്നതിനു ശ്രമം തുടങ്ങി. മാനേജരുമായി ഇക്കാര്യം സംസാരിച്ചു. കമ്പനി തുടങ്ങിയിട്ട് കുറച്ചു വർഷമായെങ്കിലും ഉൽപാദനത്തിൽ കാര്യമായ പുരോഗതി ഉണ്ടായിരുന്നില്ല. അതും ചർച്ചാവിഷയമായി. ഇരുവരും ചേർന്ന് കമ്പനിക്കാര്യത്തിൽ ഒരു ഫ്രെയിംവർക്ക് ഉണ്ടാക്കിയെടുത്തു. ഓരോന്നും പ്രത്യേക യൂണിറ്റുകളായി തിരിച്ചു. ഇലക്ട്രിക്കൽ ജോലികൾക്കും പ്ലംബിങ് ജോലികൾക്കും വെസ്റ്റേൺ ഇന്ത്യയെ ആയിരുന്നു കമ്പനി ആശ്രയിച്ചിരുന്നത്. ആ ജോലികൾ കമ്പനി ജോലിക്കാരെ കൊണ്ടുതന്നെ ചെയ്യിക്കാൻ തുടങ്ങി. അതിനുള്ള കൂലി പ്രത്യേകം നൽകി. ജോലിക്കാർക്ക് ഉത്സാഹമായി. ഏതു സെക്ഷനിലെ ജോലി ചെയ്യാനും അവർ പ്രാപ്തരായി. ഉൽപാദനം കൂട്ടുന്നതിന് ഓവർടൈം പണിയെടുക്കുക എന്നതായിരുന്നു ലിസ മുന്നോട്ടുവെച്ച ഫോർമുല. അധികം ചെയ്യുന്ന ഓരോ മണിക്കൂറിനും പ്രത്യേകം കൂലി. ആദ്യകാലങ്ങളിൽ അവരുടെ ജോലി കഴിയുന്നതുവരെ ലിസയും ഒപ്പം നിന്നു. അതോടെ സ്ത്രീകൾക്ക് സുരക്ഷിതമായി ഏറ്റവും സൗകര്യപ്രദമായി ജോലി ചെയ്യാമെന്ന വിശ്വാസം വന്നു. അവരുടെ ഉത്സാഹം വർധിച്ചു. ഉൽപാദനവും. മൂവായിരം ബോളുകൾ ഉണ്ടാക്കിയ ഇടത്ത് നാലായിരവും അയ്യായിരവും ബോളുകൾ ലഭിച്ചു. ജോലിക്കാരുടെ എണ്ണം 56 ആയി വർദ്ധിപ്പിച്ചു. അപ്പോഴും 90 ശതമാനവും സ്ത്രീകൾ തന്നെ. ഇപ്പോൾ ദിനംപ്രതി 7000 ത്തോളം ബോളുകൾ കമ്പനിയിൽ നിന്ന് ഉൽപാദിപ്പിക്കുന്നു.

ബിസിനസിലെ താൽപര്യം മനസിലാക്കിയ ലിസയ്ക്ക് കമ്പനിക്കാര്യങ്ങൾ പഠിപ്പിച്ചു കൊടുത്തു. വെസ്റ്റേൺ ഇന്ത്യയിലെ ഉപയോഗശൂന്യമായ പ്ലൈവുഡ് കഷ്ണങ്ങൾ ശ്രദ്ധയിൽ പെട്ടപ്പോൾ അത് എങ്ങനെ ഉപയോഗയോഗ്യമാക്കാമെന്ന ചിന്തയുടെ ഫലമായാണ് വിൻസർ ആർട്സ് ആന്റ് സെയിൽസ് എന്ന യൂണിറ്റ് പിറന്നത്. ലിസയുടെ മാത്രം അധ്വാനത്തിന്റെ ഫലം. തടി കൊണ്ടും ഗ്ലാസ് കൊണ്ടുമുള്ള മനോഹരമായ ആർട്ട്, ഫ്രെയിം വർക്കുകളാണ് ഇവിടെ ചെയ്യുന്നത്. കണ്ണൂരിന്റെ ഉൾപ്രദേശമായിട്ടും ആവശ്യക്കാർ ഇവിടം തേടിപ്പിടിച്ചെത്തുന്നു. രണ്ടു മക്കളാണിവർക്ക്. മകൻ മുഹമ്മദ് സൽമാൻ ചെന്നൈ എസ്. ആർ. എഞ്ചിനീയറിംഗ് കോളേജിലും മകൾ മറിയം ഒമ്പതാം ക്ലാസ്സിലും പഠിക്കുന്നു. മികച്ച സംരംഭകയ്ക്കുള്ള ഗൃഹലക്ഷ്മി അവാർഡ് ലഭിച്ചിട്ടുണ്ട് ലിസയ്ക്ക്.

നാലു കോടിയോളം രൂപയാണ് ക്ലാസിക് സ്പോർട്സ് ഗുഡ്സ് (പ്രൈവ. ലിമിറ്റഡ്) എന്ന കുഞ്ഞു കമ്പനിയുടെ വാർഷിക വിറ്റുവരവ്. വിപണി ഇന്ത്യക്കു പുറത്തേയ്ക്ക് വ്യാപിപ്പിക്കണമെന്നത് ലിസയുടെ വലിയ സ്വപ്നം. അത് യാഥാർത്ഥ്യമായാൽ റോജർ ഫെഡററും റാഫേൽ നദാലും വില്യംസ് സഹോദരിമാരും മരിയൻ ബർതോലിയും വിൻസൺ ടെന്നിസ് ബോളുകൊണ്ട് പരിശീലിക്കുന്ന കാലം വരും. പിന്നെ വിൻസൺ ഷട്ടിൽ കോർക്ക് നിർമാണം പുനരാരംഭിക്കണം. അതിന്റെ ഒരുക്കത്തിലാണ് ലിസ.

ചിറ്റൂർ ഷൺമുഖദാസ്



# കുത്താമ്പുള്ളിയുടെ കൈത്തറി പെരുമ



**ചിത്രങ്ങൾ: ജോതിഷ് പുത്തൻസ്**

നിളാതീരത്തെ മലയാളഗ്രാമവിശുദ്ധി ഒത്തുചേരുന്ന സ്ഥലമാണ് തിരുവില്വാമല. ഇതിനടുത്താണ് കേരളത്തെ കസവുടുപ്പിക്കുന്ന നെയ്ത്ത് ഗ്രാമമായ കുത്താമ്പുള്ളി. തനിമയാർന്ന കൈത്തറി തുണിത്തരങ്ങൾ നെയ്തെടുക്കുന്ന ഈ ഗ്രാമത്തിന് വസ്ത്രനിർമാണത്തിൽ നൂറ്റാണ്ടുകളുടെ പാരമ്പര്യമുണ്ട്. ആയിരത്തിലധികം കൈത്തറി നെയ്ത്ത് നടത്തുന്ന കുടുംബങ്ങൾ അധിവസിക്കുന്ന ഇവിടത്തെ കൈത്തറി പെരുമ ഇന്ന് ലോകമറിയും. ലോകോത്തര നിലവാരത്തിലുള്ള വസ്ത്രങ്ങൾ നെയ്തെടുത്ത് വിൽക്കുന്ന ഇവിടുത്തെ നെയ്ത്ത് തൊഴിലാളികളുടെ ജീവിതം ദുരിത പൂർണമാണെങ്കിലും ജീവിച്ചു പോവാനുള്ള തത്രപ്പാടിൽ അവർ അതൊന്നും കാര്യമാക്കാതെ പാരമ്പര്യതൊഴിൽ കൈവിടാതെ ജീവിക്കുന്നു. പുത്തൻ തലമുറ ഈ തൊഴിലിനോട് ആഭിമുഖ്യം പുലർത്താതെ മറ്റ് തൊഴിൽ മേഖലകളിലേക്ക് പലായനം നടത്തി കൊണ്ടിരിക്കുകയാണ്. 200 വർഷം മുൻപ് മൈസൂരിൽ നിന്ന് എത്തിപ്പെട്ടവരാണ് ഇവിടുത്തുകാർ. ദേവാംഗ സമുദായത്തിൽപ്പെട്ടവർ. കന്നഡവും, തമിഴും, മലയാളവും കലർന്ന സങ്കരഭാഷയാണ് ഇവരുടേത്. കൊച്ചിരാജാവ് വസ്ത്രങ്ങൾ നെയ്യാൻ കൊണ്ടുവന്നതായും പറയുന്നുണ്ട്. കുത്താമ്പുള്ളി പട്ടിന്റെ പകിട്ട് ലോകം അറിയുന്നതിന് സ്വന്തം അധ്വാനവും വിയർപ്പും ഒഴുക്കി പണിയെടുക്കുന്നത് ഇവിടത്തെ കുടുംബങ്ങളാണ്. കേരളത്തിന്റെ സ്വന്തം ഉൽപന്നമായ കൈത്തറി നെയ്ത്ത് കുലത്തൊഴിലായി സ്വീകരിച്ച കുടുംബങ്ങൾ ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ ഇന്ന് ഏറെ കഷ്ടപ്പെടുകയാണ്. 40 വയസിന് താഴെയുള്ളവർ നെയ്ത്ത് തൊഴിൽ ചെയ്യാൻ വിമുഖത കാട്ടുമ്പോഴും മുതിർന്നവർ പാരമ്പര്യം കൈവിടാതെ പിടിച്ച് നിൽക്കുന്നു.

## കുത്താമ്പുള്ളി പെരുമ

ഒരു സമൂഹത്തിന്റെ ഭൗതിക സ്വത്തിന്റെ സംരക്ഷണത്തിനായി നൽകുന്ന ജിയോഗ്രഫിക്കൽ ഇൻഡിക്കേഷൻ ലഭിച്ച കേരളത്തിലെ കൈത്തറി ഉൽപന്നമാണ് കുത്താമ്പുള്ളി കസവ് സാരികൾ. പ്രകൃതിദത്തമായി പരുവപ്പെടുത്തിയെടുക്കുന്ന ഗുണനിലവാരമേറിയ നൂലാണ് കൈത്തറി വസ്ത്രനിർമാണത്തിനായി ഇവർ ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. കസവ് സാരി, സെറ്റ്മുണ്ട്, വേഷ്ടി, നേര്യത് എന്നിവയൊക്കെ ഇവിടത്തെ നെയ്ത്തുകാരുടെ കരവിരുതിൽ നിർമിക്കുന്നു. 1200 രൂപ മുതൽ 2500 രൂപവരെയുള്ള കസവ് സാരികൾ ഇവിടെ നിർമിക്കുന്നുണ്ട്. കസവ് കൂടുന്തോറും സാരിയുടെ വിലയും വർധിക്കും. വിവിധ ഡിസൈനുകളിൽ വില കൂടിയ സാരികൾ നിർമിക്കുന്നത് സ്വകാര്യ കച്ചവടക്കാരാണ്. കുഴിത്തറി, മേൽത്തറികളിലാണ് വസ്ത്രങ്ങൾ നെയ്തെടുക്കുന്നത്. മാർക്കറ്റിൽ ഏറെ ഡിമാന്റുള്ള 6 1/4 മീറ്റർ നീളമുള്ള ടിഷ്യുസാരികളും, മ്യൂറൽ പെയിന്റിംഗിൽ സാരികൾ നെയ്യുന്ന കലാകുടുംബങ്ങളും ഇവർക്കിടയിലുണ്ട്.



## സഹകരണ സംഘം

കുത്താമ്പുള്ളിയിലെ നെയ്ത്തു തൊഴിലാളികളെ സ്വകാര്യ വ്യക്തികളുടെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് 1972 ൽ 102 അംഗങ്ങളുമായി കുത്താമ്പുള്ളി ഹാന്റ്ലൂം ഇൻഡസ്ട്രിയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി രൂപവൽകരിച്ചത്. ഇപ്പോൾ 785 അംഗങ്ങളുണ്ടെങ്കിലും 150 നെയ്ത്തുകാർ മാത്രമാണ് വസ്ത്രങ്ങൾ നെയ്ത് സംഘത്തിന് നൽകുന്നത്. ഒരു വർഷം രണ്ട് കോടിയുടെ വിറ്റുവരവുള്ളതായി സെക്രട്ടറി എ.ശരവണൻ പറഞ്ഞു. വസ്ത്രങ്ങൾ നെയ്യാനുള്ള നൂലും, കസവുമൊക്കെ സംഘം നൽകും. വസ്ത്രങ്ങൾ നെയ്തതിനു ശേഷം സംഘത്തിന് തിരിച്ച് നൽകുമ്പോൾ മാന്യമായ കൂലിയും, ബോണസും, ഡിവിഡന്റും അംഗങ്ങൾക്ക് നൽകുന്നുണ്ടെങ്കിലും സംഘത്തിന് കുത്താമ്പുള്ളിയിലെ മുഴുവൻ നെയ്ത്തുകാരും ഉണ്ടാക്കുന്ന വസ്ത്രങ്ങൾ ശേഖരിച്ച് വിൽക്കാൻ കഴിയാത്തത് കുറവ് തന്നെയാണ്. തിരുവില്വാമല, കുത്താമ്പുള്ളി എന്നിവിടങ്ങളിൽ രണ്ട് ഷോറൂമുകൾ ഉണ്ട്. 200 ഓളം സ്വകാര്യ വസ്ത്രവിൽപനശാലകളും കുത്താമ്പുള്ളിയിലും പരിസരപ്രദേശങ്ങളിലുമായി പ്രവർത്തിച്ചു വരുന്നുണ്ട്. ഒരു വർഷം 100 കോടിയോളം രൂപയുടെ വിൽപനയാണ് കുത്താമ്പുള്ളിയിലെ വസ്ത്ര വ്യാപാര രംഗത്ത് നടക്കുന്നതെന്ന് കച്ചവടക്കാർ പറയുന്നു. എന്നാൽ, കൈത്തറി വസ്ത്രങ്ങളുടെ ഉൽപാദനത്തെക്കാൾ ഇവിടെ പവർലൂമിൽ (നെയ്ത്ത് യന്ത്രം) നിർമിക്കുന്ന വസ്ത്രങ്ങളുടെ വിൽപനയാണ് കൂടുതലായും നടക്കുന്നത്. കുത്താമ്പുള്ളി







യിൽ ഒരു സ്വകാര്യ വ്യക്തിയുടെ പവർലൂം ഉൽപാദനകേന്ദ്രമാണ് ഉള്ളത്. കുത്താമ്പുള്ളിയുടെ ബ്രാന്റിൽ ഇവിടെ കൂടുതലായും വിറ്റുപോവുന്നത് തമിഴ്നാട്ടിലെ ഈറോഡ്, സേലം, തിരുപ്പൂർ, സോമനൂർ, പള്ളിപാളയം എന്നിവിടങ്ങളിലെ യന്ത്രത്തറികളിൽ ഉൽപാദിപ്പിക്കുന്ന വസ്ത്രങ്ങളാണെന്ന് തൊഴിലാളികൾ പറയുന്നു. ഇവിടെ ഉണ്ടാക്കുന്ന കൈത്തറി വസ്ത്രങ്ങളുടെ ഗുണമേന്മ പവർലൂമിൽ ഉണ്ടാക്കുന്ന വസ്ത്രങ്ങൾക്ക് ഉണ്ടാവില്ല. അതുകൊണ്ട് കൈത്തറിയെക്കാൾ കുറഞ്ഞ വിലയ്ക്കാണ് ഇവ വിൽക്കുന്നത്.

സഹകരണ സംഘത്തിന് കൂടുതൽ കാര്യങ്ങൾ ചെയ്യാനാവുമെങ്കിലും ബന്ധപ്പെട്ട വകുപ്പുകളുടെ നിയന്ത്രണവും സാമ്പത്തിക ബാധ്യതയും സംഘത്തിന്റെ പ്രവർത്തനങ്ങളെ പരിമിതപ്പെടുത്തുന്നുണ്ട്.

കുത്താമ്പുള്ളി വസ്ത്രപെരുമ വിദേശങ്ങളിൽ വ്യാപകമായിട്ടുണ്ടെങ്കിലും ഇവിടെ നിന്ന് കൈത്തറി വസ്ത്രങ്ങളുടെ കയറ്റുമതി കാര്യമായി നടക്കുന്നില്ല. നെയ്ത്തുകാർ സ്കിൽഡ് വർക്കർ ആയതിനാൽ ദിവസം മാന്യമായ കൂലി ഉറപ്പുവരുത്താൻ കഴിയണം. ഇതിനു പുറമെ ഉത്സവകാലങ്ങളിൽ മാത്രം നൽകി വരുന്ന റിബേറ്റ് വർഷം മുഴുവൻ നൽകാൻ കഴിഞ്ഞാൽ ഈ രംഗത്തുള്ളവരെ ഒരു പരിധിവരെ സംരക്ഷിക്കാൻ സാധിക്കും. കൈത്തറി വസ്ത്രനിർമാണത്തിന് ആധുനിക യന്ത്രത്തറികളുള്ള ഒരു ഫാക്ടറി നിർമിക്കാൻ സർക്കാർ തയ്യാറാവണം. അഞ്ചുകോടിയോളം രൂപ ചെലവ് വരുന്ന ഫാക്ടറി നിർമിക്കാൻ സംഘം തയ്യാറാണെങ്കിൽ സർക്കാർ സഹായം ലഭ്യമാക്കണം. ഫാക്ടറി പ്രവർത്തനം തുടങ്ങുന്നതോടെ സ്ത്രീകളുൾപ്പെടെയുള്ളവർക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകാൻ സാധിക്കും. ദിവസവരുമാനത്തിൽ വർധനവ് ഉണ്ടാവുന്നതോടെ നെയ്ത്ത് തൊഴിലിൽ നിന്ന് അകന്നുപോകുന്ന പുത്തൻ തലമുറയെ ഇതിലേയ്ക്ക് ആകർഷിക്കാൻ കഴിയും. അടുത്ത വർഷം ഒന്ന് മുതൽ ഏഴ് വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന സ്കൂൾ കുട്ടികൾക്ക് യൂനിഫോം നൽകുന്ന കാര്യം സർക്കാർ തീരുമാനിച്ചത് കൈത്തറി മേഖലയ്ക്ക് ഉണർവുണ്ടാക്കുമെങ്കിലും കുത്താമ്പുള്ളിയിലെ നെയ്ത്ത് തൊഴിലാളികൾക്ക് ഗുണം ലഭിക്കാൻ ആധുനിക വസ്ത്രനിർമാണ ഫാക്ടറി സ്ഥാപിക്കേണ്ടതുണ്ട്.

ഇപ്പോൾ ഒരു തൊഴിലാളിക്ക് ദിവസം കിട്ടുന്നത് 125 രൂപ മുതൽ 300 രൂപവരെയാണ്. ഒരു പട്ടുസാരി നെയ്തെടുക്കാൻ ഒന്നരദിവസം വേണ്ടിവരും. കുടുംബത്തിലെ മൂന്ന് പേർ ഇതിന് പിന്നിൽ അധ്വാനിക്കേണ്ടിവരുന്നുണ്ടെന്ന് തൊഴിലാളിയായ സി.ആർ. തങ്കവേലു (71 വയസ്) പറയുന്നു. പരമാവധി 450 രൂപയാണ് കൂലിയായി കിട്ടുക. 3500 രൂപവരെ വിലയ്ക്കാണ് പട്ടുസാരി വിറ്റുവരുന്നത്. തൊഴിലാളി ചൂഷണം നടക്കുന്ന ഈ മേഖലയിൽ സർക്കാരിന്റെ അടിയന്തിര ഇടപെടലുകളും വേണ്ടതുണ്ട്. കസവുചേലകളുടെ തിളക്കവും, കുത്താമ്പുള്ളിയുടെ പെരുമയും നിലനിർത്തണമെങ്കിൽ തൊഴിലാളികളുടെ ക്ഷേമവും കൂടി ഉറപ്പാക്കേണ്ടതുണ്ട്.



ശ്രീജിത്ത് ശ്രീധരൻ



**ആയൂർ വസ്ത്ര എന്ന ലോക ബ്രാന്റ് അവതരിപ്പിച്ച ബാലരാമപുരം ഹാൻഡ് ലൂം വീവേഴ്സ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ സ്ഥാപക സഹോദര ങ്ങളിലൊരാളായ സതീഷ്കുമാർ തങ്ങളുടെ ചരിത്രവും ഇപ്പോഴത്തെ പ്രവർത്തനങ്ങളും വ്യവസായ കേരളവുമായി പങ്കുവെയ്ക്കുന്നു.**

# കടൽകടക്കുന്ന ആയുർ വസ്ത്രം

ബാലരാമപുരമെന്ന് കേട്ടാൽ മനസിൽ കൈത്തറിയെന്ന പേരു കൂടി ഉയർന്നു വരും. വസ്ത്രനിർമ്മാണവുമായി നൂറ്റാണ്ടുകളായി ചേർന്നു നിൽക്കുന്ന സ്ഥല നാമമാണ് ബാലരാമപുരം. തിരുവിതാംകൂർ രാജകൊട്ടാരത്തി നാവശ്യമായ തുണിത്തരങ്ങൾ നെയ്യാൻ തമിഴ് നാട്ടിലെ വള്ളിയൂരിൽ നിന്നും ബാലരാമപുരത്ത് കൊണ്ടു വന്നു പാർപ്പിച്ച നെയ്ത്തു കുടുംബങ്ങളാണ് കൈത്തറി രംഗത്തെ നെയ്ത്തുവൈഭവത്തിന്റെ തായ് വഴി. കാലം മാറി, വ്യവസായവത്കരണത്തിന്റെ ഉപോൽപന്നമായ യന്ത്രവത്കൃത ലൂമുകൾ വന്നതോടെ കൈത്തറി മേഖല ശുഷ്കമായി. വസ്ത്രനിർമ്മാണ രംഗത്തെ ചൈനീസ് കടന്നു കയറ്റം മൂലം നെയ്ത്തു പാരമ്പ ര്യ വഴികളുടെ ശോഷണം യാഥാർഥ്യമായി നിൽക്കെത്തന്നെ നമുക്ക് മുന്നിൽ ബാലരാമപുരം പ്രതീക്ഷയുടെ മറ്റൊരു വഴി കൂടി തുറന്നിടുന്നുണ്ട്.

ആയുർവസ്ത്ര എന്ന പേരിൽ ബാലരാമപുരം ലോകത്തിനു മുന്നിൽ അവതരിപ്പിച്ച വസ്ത്രങ്ങൾ ഇന്ന് ലോക വസ്ത്രവിപണിയിൽ കേരളത്തിന്റെ ശിരസുയർത്തുന്നു. ഇടക്കാലത്ത് ശോഷിച്ചു പോയ കൈത്തറി മേഖലയ്ക്ക് കരുത്താവുകയാണ് ഹാൻഡ്ലൂം വീവേഴ്സ് ഡെവലപ്മെന്റ്

സൊസൈറ്റിയുടെ നേതൃത്വത്തിൽ പുറത്തിറങ്ങുന്ന ആയുർവസ്ത്രങ്ങൾ. ആയുർവേദ ഔഷധങ്ങളിൽ ഡൈ ചെയ്തെടുത്ത നൂലിഴകൾ കൊണ്ട് നെയ്തെടുക്കുന്നതാണ് ആയുർവസ്ത്രം. പ്രാദേശികമായി നിർമ്മിക്കുന്ന നൂലിഴകളും വിദേശ രാജ്യങ്ങളിൽ നിന്ന് എത്തുന്ന പ്രകൃതിദത്ത തുണികളും ഔഷധക്കൂട്ടുകളാൽ ഡൈ ചെയ്തും ഇവർ കയറ്റുമതി ചെയ്യുന്നു. ആയിരക്കണക്കിന് വർഷങ്ങൾ മുമ്പ് തന്നെ നില നിന്നിരുന്ന അറിവ് പൈതൃകമായി സംരക്ഷിച്ചു നിർത്തി അത് ലോകത്തിന് പ്രയോജനകരമായ ഉത്പന്നമാക്കി അവതരിപ്പിക്കുന്നു എന്നതാണ് ഹാൻഡ്‌ലൂം വീവേഴ്സ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ പ്രസക്തി. തകർച്ചയുടെ വക്കിൽ നിന്ന് ഒരു തൊഴിൽ മേഖലയെ വിജയത്തിലേക്ക് നയിച്ച കുഴിവിള കുടുംബത്തിന്റെയും ഹാൻഡ്‌ലൂം വീവേഴ്സ് ഡെവലപ്മെന്റ് സൊസൈറ്റിയുടെയും വിജയഗാഥ തുടരുകയാണ്. ആയൂർ വസ്ത്ര എന്ന ലോക ബ്രാന്റ് അവതരിപ്പിച്ച ഹാൻഡ്‌ലൂം വീവേഴ്സ് ഡെവലപ്മെന്റ് സൊസൈറ്റിയുടെ സ്ഥാപക സഹോദരങ്ങളിലൊരാളായ സതീഷ് കുമാർ തങ്ങളുടെ ചരിത്രവും ഇപ്പോഴത്തെ പ്രവർത്തനങ്ങളും വ്യവസായ കേരളവുമായി പങ്കുവെയ്ക്കുന്നു.

## ചരിത്രം

തിരുവിതാംകൂർ രാജഭരണകാലത്തു തന്നെ നെയ്ത്ത് മേഖലയിലും ആയൂർവേദ മേഖലയിലും പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള കുടുംബക്കാരായിരുന്നു കുഴിവിളക്കാർ. തിരുവനന്തപുരം ജില്ലയിലെ ഇപ്പോഴുള്ള ആയൂർവേദ കോളേജ് ശ്രീമൂലം തിരുന്നാളിന്റെ സമയത്ത് ആയൂർവേദ ആശുപത്രിയായി പ്രവർത്തനം തുടങ്ങാൻ മുൻകൈ എടുത്ത അയ്യപ്പൻ വൈദ്യർ കുഴിവിള കുടുംബത്തിലെ അംഗമാണ്. അക്കാലം തൊട്ടേ ആയൂർവേദവും നെയ്ത്തും തൊഴിലായിരുന്ന കുഴിവിള കുടുംബക്കാർ രോഗത്തിന് അനുസരിച്ച് മരുന്ന് നിറച്ചുള്ള വസ്ത്രങ്ങൾ പ്രത്യേകം നെയ്തെടുത്തിരുന്നതും ചരിത്രമാണ്.

## സൊസൈറ്റിയുടെ തുടക്കവും വളർച്ചയും

രണ്ടര പതിറ്റാണ്ട് മുമ്പ് 1992ൽ സംസ്ഥാനത്തെ കൈത്തറി മേഖലയാകെ രൂക്ഷമായ പ്രതിസന്ധി നേരിടുന്ന കാലത്തായിരുന്നു ഈ സൊസൈറ്റി രൂപീകൃതമാകുന്നത്. അക്കാലത്ത് കേരളത്തിലെ കൈത്തറി തൊഴിലാളികൾ ദുരിതം പേറിയാണ് തങ്ങളുടെ ജോലി മുന്നോട്ട് കൊണ്ടു പോയിരുന്നത്. പുതിയ തലമുറയിൽപ്പെട്ട ആരും അക്കാലത്ത് ഈ തൊഴിലിലേക്ക് വരാൻ താത്പര്യം പ്രകടിപ്പിച്ചിരുന്നില്ല. ചുരുക്കം ചില ചെറുപ്പക്കാരും, പാരമ്പര്യത്തിന്റെ ഇഴ മുറിച്ചു കളയാൻ മനസു വരാത്ത ചില മുതിർന്ന നെയ്ത്തുകാരും മാത്രമാണ് ഈ മേഖലയിൽ അവശേഷിച്ചിരുന്നത്. കൈത്തറിമേഖലയെ സംരക്ഷിക്കാൻ ഒരു പുതിയ സംഘടന വേണം എന്ന ചിന്ത സജീവമായ സമയമായിരുന്നു അത്. ഈ സമയത്താണ് കുഴിവിള കുടുംബത്തിലെ സതീഷ്കുമാറിന് കേന്ദ്ര സർക്കാരിൽ നിന്നും നെയ്ത്തു മികവിനുള്ള ഒരു ഫണ്ട് ലഭിക്കുന്നത്. ഇതറിഞ്ഞ സമാന ഹൃദയർ അദ്ദേഹത്തെ സമീപിച്ച് ഒരു സൊസൈറ്റിയുടെ ആവശ്യകതയെപ്പറ്റി സംസാരിക്കുകയും ചെയ്തു. സതീഷ്കുമാർ മുൻകൈ എടുത്ത് സംഘടന ആരംഭിച്ചു. തകർന്നു പോയ കൈത്തറിമേഖല പുനരുജ്ജീവിപ്പിക്കുക എന്നതായിരുന്നു സംഘടനയുടെ പ്രഥമലക്ഷ്യം. ബാലരാമപുരം മേഖലയിൽ ഉള്ളവരായിരുന്നു ആദ്യകാലപ്രവർത്തകർ. ഇന്ന് കേരളം മുഴുവൻ അംഗങ്ങൾ ഉണ്ട്. സുസ്ഥിരമായ ഒരു വികസന കാഴചപ്പാടാണ് സൊസൈറ്റി മുന്നോട്ടു വെച്ചത്.





സാവധാനമുള്ള വളർച്ചയാണ് സൊസൈറ്റി ലക്ഷ്യമിട്ടത്.

2002ൽ ഈ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തി കേന്ദ്രസർക്കാരിൽ നിന്ന് ഒരു കോടി രൂപയുടെ ധനസഹായം ലഭിച്ചിരുന്നു. പ്ലാനിംഗ് ബോർഡാണ് ഇത് നൽകിയത്. തുടക്കത്തിൽ ഉത്പന്നങ്ങൾക്ക് മാർക്കറ്റ് കണ്ടെത്തുക എന്നുള്ളത് വെല്ലുവിളിയായിരുന്നുവെങ്കിലും ഇന്ന് ആയുർ വസ്ത്രത്തിന് ആവശ്യക്കാരേറെയുണ്ട്. ലോകത്തിലെ നിരവധി രാജ്യങ്ങളിലേക്കാണ് ബാലരാമപുരത്തു നിന്ന് ആയുർവസ്ത്ര കടൽ കടന്നു പോകുന്നത്. വിദേശത്ത് പ്രത്യേകിച്ച് യൂറോപ്യൻ രാജ്യങ്ങളിൽ ആയുർവസ്ത്രയ്ക്ക് ആവശ്യക്കാരേറെയാണ്.

ആയുർവേദ കോട്ടൺ, ആയുർവേദ കയർ ഉത്പന്നങ്ങളും ഇവിടെ നിന്ന് വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യപ്പെടുന്നു. കോട്ടൺ, സിൽക്ക്, കമ്പിളി, ജൂട്ട്, ലിനൻ, പശ്മിന, കാശ്മീരി പശ്മിന എന്നീ പ്രകൃതിദത്ത നാരുകളിലെ വസ്ത്രങ്ങളിൽ ഇവർ ഔഷധക്കൂട്ട് നിറയ്ക്കുന്നു. 1500 വ്യത്യസ്ത ഉത്പന്നങ്ങൾ ഇവിടെ നിന്ന് വികസിപ്പിച്ചെടുത്തിട്ടുണ്ടെന്ന് സതീഷ് കുമാർ വ്യക്തമാക്കുന്നു. ഇതിൽ 250 എണ്ണം കയർമേഖലയിലുള്ളതാണ്. പ്രത്യേക രോഗനിവാരണത്തിനായും പൊതു ആരോഗ്യം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രത്യേക തരം വസ്ത്രങ്ങൾ ഇവിടെ നിർമ്മിക്കപ്പെടുന്നു. ഓണവും വിഷുവും വരുമ്പോൾ മാത്രം കൈത്തറി ഉത്പന്നങ്ങളെ ഓർക്കുന്ന മലയാളിയിൽ നിന്നും വ്യത്യസ്തമായി വർഷം മുഴുവൻ ആയുർവസ്ത്രത്തിന്റെ ആവശ്യക്കാരാവുകയാണ് അമേരിക്ക, ജർമ്മനി, ഇറ്റലി, ജപ്പാൻ അടക്കമുള്ള രാജ്യങ്ങളിലെ ഉപഭോക്താക്കൾ. തൊലിപ്പുറത്തുണ്ടാകുന്ന അസുഖങ്ങൾ വേഗത്തിൽ ഭേദമാകാനുള്ള ആയുർ വസ്ത്രം വളരെ ഗുണകരമാണെന്ന് ഉപയോഗിച്ചവർ തന്നെ സാക്ഷ്യപ്പെടുത്തുന്നു. ആയുർ വസ്ത്രങ്ങൾക്ക് മനുഷ്യശരീരത്തിലെ രോഗങ്ങളെ ശമിപ്പിക്കാനുള്ള ശേഷി ക്ലിനിക്കൽ പരീക്ഷണത്തിലൂടെ തന്നെ 2006ൽ തെളിഞ്ഞിരുന്നു. ആയുർവേദ കോളജിലെ കിടത്തി ചികിത്സിക്കുന്ന രണ്ട് മുറികൾ തിരഞ്ഞെടുത്ത് ഒന്നിൽ ആയുർവസ്ത്രത്തിന്റെ ബെഡ്ഷീറ്റ്, കർട്ടൻ എന്നിവ ഉപയോഗിക്കുകയും മറ്റൊരു മുറിയിൽ സാധാരണ വസ്ത്രങ്ങൾ ഉപയോഗിക്കുകയും ചെയ്തു നടത്തിയ പരീക്ഷണത്തിൽ ആയുർവസ്ത്രമുപയോഗിച്ച മുറിയിലെ രോഗി മറ്റേ മുറിയിലെ രോഗിയേക്കാളും വളരെ വേഗത്തിൽ സുഖം പ്രാപിക്കുന്നതായി തെളിഞ്ഞിരുന്നു. തുണികൾ ശുദ്ധീകരിക്കാനായി ഗോമൂത്രമാണ് ഉപയോഗിക്കുന്നത്. ഇത്തരത്തിൽ നാടൻ പശുക്കളിൽ നിന്നുള്ള മൂത്രം ശേഖരിക്കാൻ വേണ്ടിമാത്രം 600ലേറെ കുടുംബങ്ങളിൽ പശുക്കളെ പരിപാലിക്കുന്നുമുണ്ട്.

കൈത്തറി മേഖലയിൽ മൂല്യാധിഷ്ഠിത ഉത്പന്നങ്ങൾ ഉണ്ടാക്കുക എന്ന വ്യവസായ വകുപ്പിന്റെ നിലപാടിന് അനുഗുണമായാണ് ഇപ്പോൾ ആയുർ വസ്ത്രത്തിന്റെ നിർമ്മാണവും വിപണനവും. നിത്യവും ജനങ്ങൾക്ക് ഉപയോഗിക്കാൻ

പറ്റുന്ന ഉത്പന്നങ്ങളാണ് സൊസൈറ്റിയിലൂടെ പുറത്തു വരുന്നത്. വിദേശ വിപണി ലക്ഷ്യമാക്കി നടത്തുന്ന മാർക്കറ്റിംഗിലൂടെ ലഭിക്കുന്ന തുക കൊണ്ടാണ് ഈ വ്യവസായം ഇപ്പോൾ മുന്നോട്ട് കൊണ്ടു പോകുന്നത്. എന്നാൽ ഏറ്റവും സങ്കടകരമായ കാര്യം ഈ ഉത്പന്നം നമ്മുടെ കേരളത്തിലോ ഇന്ത്യയിലോ കൂടുതൽ വിറ്റു പോകുന്നില്ല എന്നതാണ്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഹാൻഡെക്സ്, ഹാൻഡ് വീവ് തുടങ്ങിയ ഏജൻസികൾ ഈ ഉത്പ്പന്നം വിപണിയിലെത്തിച്ചാൽ അതു വഴി ആയിരക്കണക്കിന് പേർക്ക് തൊഴിൽ ലഭിക്കുന്ന ഒരു അവസ്ഥ ഉടലെടുക്കുമെന്ന് സതീഷ്കുമാർ വ്യക്തമാക്കുന്നു.

### കടൽ കടന്ന് വിദേശത്തേക്ക്

സിന്തറ്റിക് വസ്ത്രനിർമ്മാണത്തിലൂടെ ചൈനീസ് വസ്ത്രവിപണി ഇന്ന് ലോകത്ത് എല്ലായിടത്തും കടന്നു ചെന്ന് വിപണി കീഴടക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന് ബദലായി പ്രകൃതിദത്തമായ വസ്ത്രം എന്നനിലയിലാണ് ലോകത്തെ ഒന്നാംകിട ഡിസൈനർമാരും ഫാഷൻ ലോകവും ആയുർവസ്ത്രത്തെ കാണുന്നത്. അമേരിക്കയിലും എല്ലാ യൂറോപ്യൻ രാജ്യങ്ങളിലും ജപ്പാൻ, റഷ്യ എന്നീ രാജ്യങ്ങളിലും ആയുർ വസ്ത്രം നല്ല നിലയിൽ വിറ്റു പോകുന്നുണ്ട്. പൂർണമായും പ്രകൃതിദത്തമായ കോട്ടൺ നൂലുകളാൽ നിർമ്മിച്ച ഔഷധക്കൂട്ട് പിടിപ്പിച്ച വസ്ത്രങ്ങൾ അവർ ഇരു കയ്യും നീട്ടിയാണ് സ്വീകരിക്കുന്നത്. കോട്ടൺ കൂടാതെ സിൽക്ക്, വൂൾ, ജൂട്ട് എന്നീ ഓർഗാനിക് വസ്ത്രങ്ങളിലും ഔഷധക്കൂട്ട് ഡൈ ചെയ്ത് വ്യത്യസ്തമായ ഉൽപ്പന്നങ്ങളാക്കുന്നുണ്ട്. ഔഷധങ്ങൾ പശയായി പിടിപ്പിക്കുന്നതു കൊണ്ടു തന്നെ കഴുകുമ്പോൾ ഇളകിപ്പോകില്ല എന്നത് നേട്ടമാണ്. പല തരത്തിലുള്ള ആയുർവേദ വസ്ത്രങ്ങളാണ് ഇവിടെ തയ്യാറാക്കുന്നത്. നിലവിൽ വിവിധ കമ്പനികൾ നൽകുന്ന ഓർഡർ അനുസരിച്ചാണ് വസ്ത്രങ്ങൾ ചെയ്തു കൊടുക്കുന്നത്. ആയുർവേദ മരുന്നുകൾ നിറച്ച യോഗാമാറ്റുകൾ, അടിവസ്ത്രങ്ങൾ മുതൽ ജീൻസ് വരെ കിട്ടും. അതും ന്യായമായ വിലയിൽ. ഇതിലെ ഗുണം വസ്ത്രം നശിക്കുന്നതു വരെ നീണ്ടു നിൽക്കുമെന്നു തന്നെയാണ് അനുഭവസ്ഥർ പറയുന്നത്. ചന്ദനം, രക്തചന്ദനം, നീലഅമരി, കടുക്ക, തൊട്ടാവാടി, ആടലോടകം എന്നിവയെല്ലാം പശയാക്കിയാണ് വസ്ത്രങ്ങൾക്ക് നിറവും ഔഷധഗുണവും നൽകുന്നത്. ഇതിന്റെ ഗുണം പരിശോധിച്ച് സർക്കാർ തന്നെ ഇതിനെ ഔദ്യോഗിക സ്വഭാവമുള്ള വസ്ത്രമായി ഏറ്റെടുക്കുകയാണ് വേണ്ടത്. ജപ്പാൻ, ഇറ്റലി, ജർമ്മനി തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് ഓർഡർ വർധിച്ച സാഹചര്യത്തിൽ ബാലരാമപുരത്തെ ആയുർവേദിക് ഹാൻഡ്‌ലൂം വില്ലേജാക്കി മാറ്റാൻ 17 കോടിയുടെ പ്രപ്പോസൽ സർക്കാരിന് കൈമാറി കാത്തിരിക്കുകയാണ് ഈ മേഖലയിലെ കേരളാ ഹാൻഡ്‌ലൂം ഫോറം.

ആഗോള തലത്തിൽ വളരെയധികം ചർച്ച ചെയ്യപ്പെടുകയും ബാലരാമപുരം സാരി പോലെ തന്നെ ഭൗമ സൂചിക പട്ടികയിൽ ഇടം തേടുകയും ചെയ്ത ആയുർവസ്ത്രത്തെക്കുറിച്ച് ലോകമാധ്യമങ്ങളെല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടൈം മാഗസിനിൽ രണ്ടു തവണ റിപ്പോർട്ട് ചെയ്യപ്പെട്ട ആയുർവസ്ത്രത്തെക്കുറിച്ച് ബി ബി സി അഞ്ചു തവണയാണ് റിപ്പോർട്ട് ചെയ്തത്. ആ അർഥത്തിൽ

**വിദേശ വിപണി ലക്ഷ്യമാക്കി നടത്തുന്ന മാർക്കറ്റിംഗിലൂടെ ലഭിക്കുന്ന തുക കൊണ്ടാണ് ഈ വ്യവസായം ഇപ്പോൾ മുന്നോട്ട് കൊണ്ടു പോകുന്നത്. എന്നാൽ ഏറ്റവും സങ്കടകരമായ കാര്യം ഈ ഉത്പന്നം നമ്മുടെ കേരളത്തിലോ ഇന്ത്യയിലോ കൂടുതൽ വിറ്റു പോകുന്നില്ല എന്നതാണ്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഹാൻഡെക്സ്, ഹാൻഡ് വീവ് തുടങ്ങിയ ഏജൻസികൾ ഈ ഉത്പ്പന്നം വിപണിയിലെത്തിച്ചാൽ അതു വഴി ആയിരക്കണക്കിന് പേർക്ക് തൊഴിൽ ലഭിക്കുന്ന ഒരു അവസ്ഥ ഉടലെടുക്കുമെന്ന് സതീഷ്കുമാർ വ്യക്തമാക്കുന്നു.**



ആഗോളതലത്തിൽ ഒരു സ്വത്തായി ആയുർവസ്ത്രം മാറിയിട്ടുണ്ട്. ആയുർവേദവുമായി നമ്മുടെ ഇഴപിരിയാത്ത ബന്ധം കണക്കിലെടുത്താൽ നമ്മുടെ നാട്ടിൽ ലഭ്യമായ ഔഷധങ്ങൾ ഉപയോഗിച്ച് ഔഷധ മെത്തകൾ പോലെയുള്ള പുതിയ ഉത്പന്നങ്ങൾ നിർമ്മിക്കാവുന്നതാണ്. കേരളത്തിൽ കാണുന്ന പച്ചില ഔഷധങ്ങളെല്ലാം തന്നെ വിധി പ്രകാരം നൂലിഴകളിൽ പശയാക്കി ചേർക്കാവുന്നതാണെന്ന് സതീഷ്കുമാർ പറയുന്നു. ചെറുപ്പക്കാരുടെ ഇടയിൽ ഈ വസ്ത്രം വാങ്ങി ഉപയോഗിക്കാനും വിപണനം നടത്താനുമുള്ള



താത്പര്യം വർധിച്ചിട്ടുണ്ട്. സർക്കാർ സംവിധാനങ്ങൾ കുറച്ചു കൂടി ഉണർന്നു പ്രവർത്തിച്ചാൽ കൂടുതൽ പേർക്ക് ഈ മേഖലയിൽ തൊഴിൽ ലഭ്യമാവുകയും അതിലൂടെ കൈത്തറി മേഖല അഭിവൃദ്ധിപ്പെടുകയും ചെയ്യും. നെയ്ത്ത് തൊഴിലാളികൾക്ക് മാത്രമല്ല, ആയുർവേദ മരുന്നു കൃഷിക്കാർക്കും ആദിവാസികൾക്കും വരെ ഇതിന്റെ ഗുണഫലങ്ങൾ ലഭിക്കുന്നു എന്നതാണ് ഏറ്റവും സന്തോഷകരമായ വസ്തുത. നാട്ടിൽ ലഭിക്കാത്ത മരുന്നുകൾ തക്കതായ പ്രതിഫലം നൽകി ആദിവാസികളിൽ നിന്നുമാണ് ശേഖരിക്കുന്നത്.

ആഗോളവൽകരണത്തിന്റെ ഈ പുത്തൻ കാലഘട്ടത്തിൽ മറ്റെല്ലാ പാരമ്പര്യ വ്യവസായത്തേയും പോലെ കൈത്തറിയും കോർപ്പറേറ്റു ഭീമൻമാർക്ക് മുന്നിൽ കാലിടറുമ്പോഴാണ് ആയുർവസ്ത്രത്തിന്റെ കടന്നു വരവ്. നിലവിൽ ബാലരാമപുരത്തിന്റെ വാണിജ്യ സാധ്യതകളെ മുതലെടുക്കുന്നത് വൻ കമ്പനികളാണ്. ഒരു പരമ്പരാഗത ചെറുകിട വ്യവസായം എന്ന നിലയിൽ കേരള–കേന്ദ്ര സർക്കാരുകൾ കൈത്തറിയ്ക്ക് നൽകുന്ന പ്രത്യേക പരിഗണന ആയുർവസ്ത്രത്തിനും ലഭിച്ചാൽ കൈത്തറി മേഖലയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടു വരാനാകും. തമിഴ്നാട്ടിൽ നിന്നും വ്യാവസായിക അടിസ്ഥാനത്തിൽ ഉത്പാദിപ്പിക്കുന്ന തുണിത്തരങ്ങളേക്കാൾ വില കുറവാണ് നിലവിൽ ചൈനയിൽ നിന്നും എത്തുന്ന തുണിത്തരങ്ങൾ. അതു കൊണ്ടു തന്നെ വിപണി ഇപ്പോൾ ചൈനയുടെ പിന്നാലെ ആണ്. കമ്പോളത്തിലെ ഇത്തരം അന്യായമായ കടന്നുകയറ്റം തിരിച്ചറിയാനുള്ള സർക്കാർ സംവിധാനങ്ങൾ കൂടുതൽ ശക്തമാവുകയാണ് ഈ ഘട്ടത്തിൽ വേണ്ടത്.

ആയുർവേദത്തെ ലോകത്തിന് മുന്നിൽ മാർക്കറ്റ് ചെയ്യുന്നതിന് നമുക്ക് പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്. പല രാജ്യങ്ങളും ആയുർവേദ മരുന്നുകൾ ഔഷധമായി അംഗീകരിക്കാത്ത സ്ഥിതി ഇപ്പോഴുമുണ്ട്. അമേരിക്കയുൾപ്പടെയുള്ള രാജ്യങ്ങളിൽ ഈ വെല്ലുവിളി നാം ഇപ്പോഴും നേരിടുന്നുണ്ട്. എന്നാൽ ഈ സ്ഥിതി നിലനിൽക്കുമ്പോൾ തന്നെ നമ്മുടെ ആയുർവസ്ത്രങ്ങൾ അവിടെ മാർക്കറ്റ് ചെയ്യാൻ നമുക്ക് ബുദ്ധിമുട്ടില്ല. ഈ സാധ്യത പ്രയോജനപ്പെടുത്താൻ നമുക്കാവണം. അമേരിക്കയിൽ ഔഷധക്കൂട്ടുള്ള അടിയുടുപ്പ് മുതൽ ബെഡ്ഷീറ്റു വരെ വിപണിയിൽ സജീവമായി വിറ്റു പോകുന്നു. ബാലരാമപുരത്തു നിന്ന് ഔഷധം മുക്കി നൽകുന്ന തുണികൾ ഉപയോഗിച്ച് പഞ്ചാബിൽ ബെഡ്ഷീറ്റും തമിഴ്നാട് തിരുപ്പൂരിൽ ടി ഷർട്ട്, ബ്രേസിയർ, ബെഡ്ഷീറ്റ് എന്നിവയും നിർമ്മിക്കുന്നു. ഇന്ത്യയിലെ എല്ലാ ഭാഗത്തും ഇത്തരത്തിൽ വസ്ത്രങ്ങൾ ഉത്പാദിപ്പിക്കാൻ താത്പര്യം പ്രകടിപ്പിച്ച് സംരംഭകർ എത്തുന്നുണ്ട്. നിലവിൽ പ്രതിവർഷം 30 കോടിയുടെ വിറ്റുവരവാണ് ഹാൻഡ്‌ലൂം വീവേഴ്സ് ഡെവലപ്മെന്റ് സൊസൈറ്റിക്കുള്ളതെന്ന് പറയുമ്പോൾ തന്നെ ആയുർവസ്ത്രത്തിന്റെ വിപണി സാധ്യത നമുക്ക് തിരിച്ചറിയാനാകും. വസ്ത്രം എന്ന രീതിയിൽ ധരിക്കുന്നതു കൂടാതെ അന്തരീക്ഷത്തിൽ റേഡിയേഷൻ ഏറെയുള്ള ജപ്പാനിലും ജർമ്മനിയിലും റേഡിയേഷനെ ചെറുക്കുന്നതിനും ആയുർ വസ്ത്രമുപയോഗിക്കുന്നുണ്ട്. ഏറെ സാധ്യതകൾ മുന്നിലുള്ളതു കൊണ്ടു തന്നെ മാറി വന്ന ഇടതു സർക്കാർ ആയുർ വസ്ത്രത്തിന് ആവശ്യമായ പ്രോത്സാഹനം നൽകുമെന്ന വിശ്വാസത്തിലാണ് ഹാൻഡ്‌ലൂം വീവേഴ്സ് ഡെവലപ്മെന്റ് സൊസൈറ്റിയെന്ന് സതീഷ്കുമാർ പ്രത്യാശ പ്രകടിപ്പിക്കുന്നു.

**അബു. ബി. ഹുസൈൻ**

# കൈത്തറി വ്യവസായം പ്രതിസന്ധിയും പരിഹാരമാർഗങ്ങളും



രാജ്യത്തിന്റെ വ്യവസായ ഭൂപടത്തിൽ മാത്രമല്ല, നമ്മുടെ സംസ്കാരത്തിലും പൈതൃകത്തിലും കൈത്തറി മേഖലയ്ക്കുള്ള പങ്ക് നിസ്തുലമാണ്. ഇന്ത്യയിൽ കാർഷികവൃത്തി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പേർ ജോലി ചെയ്യുന്ന ഈ മേഖലയിൽ കേരളം ഏഴാം സ്ഥാനത്താണെങ്കിലും നമ്മുടെ കൈത്തറി ഉൽപന്നങ്ങൾ ആഗോളതലത്തിൽ എക്കാലത്തും പ്രിയങ്കരമായിരുന്നു. അതുകൊണ്ടുതന്നെയാണ് അമേരിക്കയിലെ വൈറ്റ് ഹൗസിലും ബ്രിട്ടനിലെ ബക്കിങ്ഹാം കൊട്ടാരത്തിലും അറേബ്യൻ ഷെയ്ഖുമാരുടെ രമ്യഹർമ്യങ്ങളിലുമെല്ലാം കേരളത്തിന്റെ കൈത്തറി

ഉൽപന്നങ്ങൾ ഇടംനേടിയത്. കേരളത്തിൽ കണ്ണൂർ, തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിലാണ് കൈത്തറിവ്യവസായം കൂടുതലുള്ളത്.

കണ്ണൂരും നെയ്ത്ത് ജോലിയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. 16 ഉം 17 ഉം നൂറ്റാണ്ടിനിടയിൽ ചിറക്കൽ സ്വരൂപത്തിലെ കോലത്തിരി രാജാവ് ഇന്ന് തമിഴ്നാട്ടിൽ പെടുന്ന ചേരനാട്ടിൽ നിന്ന് നെയ്ത്ത് തൊഴിലാളികളെ കണ്ണൂരിലേയ്ക്ക് വിളിച്ചുകൊണ്ടു വന്നു എന്നാണ് ചരിത്രം. കടലായി (പുതിയ തെരുവ്) യിൽ താമസമുറപ്പിച്ച അവർ കണ്ണൂരിലെ ആദ്യത്തെ നെയ്ത്ത് കൂട്ടമായ ചാലിയതെരുവ് അവിടെയാണ് സ്ഥാപിച്ചത്. ആദ്യം ചിറയ്ക്കൽ രാജാക്കന്മാർക്ക് വേണ്ടിയുള്ള വസ്ത്രം നെയ്ത അവർ കാലം പുരോഗമിച്ചതോടെ എല്ലാവിഭാഗം ജനങ്ങൾക്കും വസ്ത്രം നൽകുന്നവരായി മാറി. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കേരളത്തിൽ പലയിടങ്ങളിലും സ്വകാര്യനെയ്ത്ത് ഫാക്ടറികൾ നിലവിൽ വന്നു. കോഴിക്കോട് കോമൺവെൽത്ത് കമ്പനിയും, കണ്ണൂർ ആറോൺ കമ്പനിയും സ്ഥാപിക്കപ്പെട്ടത് ഇക്കാലത്താണ്. 1952 ൽ കണ്ണൂരിൽ ബാസൽമിഷൻ നെയ്ത്ത് കമ്പനികൾ തുടങ്ങിയതോടെ ജില്ലയിൽ കുഴിത്തറികൾക്ക് പകരം ഫ്രെയിം ലൂമുകൾ പ്രാബല്യത്തിൽ വന്നു.



കേരളത്തിൽ കൈത്തറിയെ സമ്പുഷ്ടമാക്കിയത് സഹകരണ പ്രസ്ഥാനമാണ്. കൈത്തറി സഹകരണ മേഖലയിൽ അഖിലേന്ത്യാ അടിസ്ഥാനത്തിൽ 23 ശതമാനമാണെങ്കിൽ സംസ്ഥാനത്ത് ഇത് 70 ശതമാനത്തിന് മുകളിലാണ്. അടുത്തകാലം വരെ കേരളത്തിൽ മൂന്ന് ലക്ഷത്തിലധികം പേർ ഈ മേഖലയിൽ ജോലി ചെയ്തിരുന്നുവെങ്കിലും ഇപ്പോൾ ഒരു ലക്ഷത്തിലധികം തൊഴിലാളികളും കുടുംബങ്ങളുമാണ് കൈത്തറി മേഖലയിലുള്ളത്. 1946 ൽ തന്നെ കണ്ണൂരിൽ കൈത്തറി നിർമാണം സഹകരണാടിസ്ഥാനത്തിൽ തുടങ്ങിയിരുന്നു. വസ്ത്രം നെയ്യുന്നതിൽ നല്ല വൈദഗ്ധ്യവും കരവിരുതും ഉള്ള തൊഴിലാളികൾ ഉത്പാദിപ്പിച്ച കണ്ണൂർ കൈത്തറിക്ക് സംസ്ഥാനത്തിന് അകത്തും പുറത്തും നല്ല വിപണി ലഭിച്ചു. കേരളത്തിന് പുറമെ ഇന്ത്യയിലും ലോകമാർക്കറ്റിലും കണ്ണൂർ കൈത്തറിക്ക് വൻ ഡിമാന്റുണ്ടായി. ആഗോള വിപണിയിൽ കണ്ണൂരിൽ ഉൽപാദിപ്പിക്കുന്ന കൈത്തറി ഉൽപന്നങ്ങൾ വൻതരംഗം തന്നെ സൃഷ്ടിക്കുകയും ചെയ്തു.

വിദേശ വിപണിയിൽ അടുത്തകാലം വരെ മൊത്തം കൈത്തറി കയറ്റുമതിയിൽ 35 ശതമാനം ഇന്ത്യയിൽ നിന്നായിരുന്നു. സംസ്ഥാനത്തെ കൈത്തറി ഉല്പന്നങ്ങൾക്ക് ഇന്ത്യൻ വിപണിയിലും



**ഓണത്തിന് കണ്ണൂരിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 54 സൊസൈറ്റികളുടെ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്. ഇതിലൂടെ വൻ വിറ്റുവരവ് പ്രതീക്ഷിക്കുന്നതായി ബാലൻ പറഞ്ഞു. കൈത്തറിയുടെ ഉന്നമനത്തിനായി കേരള സർക്കാർ നൂതന പദ്ധതികൾക്ക് തുടക്കം കുറിക്കുമെന്നും അദ്ദേഹം വെളിപ്പെടുത്തി.**

ആഗോള മാർക്കറ്റിലും ഡിമാന്റ് വർദ്ധിച്ചപ്പോൾ കൈത്തറി കയറ്റുമതിരംഗത്ത് നിർണായകമായ പങ്കു വഹിച്ചത് കണ്ണൂരിലെ ഉൽപന്നങ്ങളാണ്. കൈത്തറിയിൽ കണ്ണൂർ ബ്രാന്റിന് പ്രത്യേക ഡിമാന്റ് തന്നെയായി. കാര്യങ്ങൾ ഇങ്ങനെയൊക്കെ നീങ്ങിയെങ്കിലും മറ്റ് രാജ്യങ്ങളും കൈത്തറിയിൽ പുതിയ മാറ്റങ്ങൾ വരുത്തിയത് ലോകമാർക്കറ്റിൽ ഈ മേഖലയിൽ മത്സരം അനുഭവപ്പെടാൻ കാരണമായി. ഉൽപന്നങ്ങൾക്കിടയിൽ പഴയ ചരക്കിനു വില കിട്ടാതെ വന്നു. അതുകൊണ്ടുതന്നെ കൈത്തറി മേഖലയിൽ ഇടക്കാലത്ത് മാന്ദ്യം അനുഭവപ്പെട്ടു. ഇതിന്റെ അലയൊലികൾ കേരളത്തിലും വിശിഷ്യ കണ്ണൂരിലും അനുഭവപ്പെട്ടു. കൈത്തറി ഉല്പങ്ങളുടെ ഇറക്കുമതി തോത് ഉയർന്നതോടെ ആഭ്യന്തര വിപണിയിൽ വില കുറഞ്ഞുതുടങ്ങി. ഇതിനിടയിൽ കണ്ണൂർ കൈത്തറിയെ പിടിച്ചു നിർത്താൻ കേന്ദ്ര–സംസ്ഥാന ഗവൺമെന്റുകളുടെ മുമ്പിൽ ജനപ്രതി





നിധികളും തൊഴിലാളി സംഘടനകളും കൈത്തറി മിൽ ഉടമകളും നടത്തിയ ശ്രമങ്ങളുടെ ഫലമായി കണ്ണൂർ കേന്ദ്രമാക്കി കേന്ദ്രസർക്കാർ ചില പദ്ധതികൾ നമുക്ക് അനുവദിച്ചുതന്നു. ഇങ്ങനെയാണ് കണ്ണൂർ കൈത്തറി പിടിച്ചുനിന്നത്. കേരളത്തിലെ കൈത്തറി മേഖലയുടെ അടിസ്ഥാന വികസനത്തിന് 2002-ൽ കേന്ദ്ര ടെക്സ്റ്റയിൽ മന്ത്രാലയം 40 കോടിയുടെ പദ്ധതി അനുവദിച്ചിരുന്നു. ദൗർഭാഗ്യവശാൽ ഇത് പ്രാവർത്തികമാക്കുന്നതിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് അനാസ്ഥയുണ്ടായി. ശക്തമായ പ്രതികരണവും സമരവും വന്നപ്പോൾ സർക്കാറും കൈത്തറി ഡയറക്ടറും 26.5 കോടി രൂപയുടെ പദ്ധതി സമർപിച്ചു. ഇതിന് സ്ഥലം കണ്ടെത്താൻ പോലും രണ്ട് വർഷമാണെടുത്തത്.

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം ഈ മേഖലയെ തളർത്തുന്നു. കൈത്തറി ഉൽപാദനത്തിൽ കഴിനൂലിന് വളരെയേറെ പ്രാധാന്യമുണ്ട്. സംസ്ഥാനത്തെ മില്ലുകളിൽ 80, 100, 120, 2/80, 2/100, 2/14, 2/17 എന്നീ നേരിയ നൂലുകൾ കിട്ടുന്നില്ല. ഇതിന് നാം അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. കൈത്തറിക്ക് നൂൽ നൽകുന്ന നാല് മില്ലുകൾ നേരത്തെ കണ്ണൂരിലുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ കണ്ണൂരിലെ കൈത്തറി ശാലകൾ നൂലിന് തമിഴ്നാടിനെയാണ് കൂടുതലും ആശ്രയിക്കുന്നത്. പരുത്തി കയറ്റുമതി നിയന്ത്രിച്ച് നൂൽ ഉൽപാദനം വർധിപ്പിക്കുകയാണ് ഇതിനുള്ള പ്രതിവിധി. കൈത്തറി മേഖല പവർലൂമിൽ നിന്ന് കടുത്ത മത്സരം അഭിമുഖീകരിക്കുന്നുണ്ട്. യന്ത്രത്തറിയിൽ നിന്ന് ഉൽപാദിപ്പിക്കുന്ന തുണികൾ കൈത്തറി ഉൽപന്നങ്ങൾ എന്ന പേരിൽ കയറ്റി അയയ്ക്കുന്നു. കേരളത്തിലെ സഹകരണ കൈത്തറി സംഘങ്ങളിൽ താരതമ്യേന മെച്ചപ്പെട്ട ശമ്പളം നൽകുന്നുണ്ടെങ്കിലും ദേശീയ അടിസ്ഥാനത്തിൽ ഒരു വേതന നയം ഇല്ല. ഇത്തരമൊരു വേതനനയം വന്നാൽ കേരളത്തിലെ കൈത്തറി തൊഴിലാളികൾക്കും കൂടുതൽ ഗുണം ലഭിക്കും. കൈത്തറി വ്യവസായത്തിന് യന്ത്രത്തറികൾ ഉണ്ടാക്കുന്ന പ്രത്യാഘാതവും ഗുരുതരമാണ്. ഒരു യന്ത്രത്തറി സ്ഥാപിക്കുമ്പോൾ ആറ് കൈത്തറികൾ നിശ്ചലമാകുമെന്നും 12 തൊഴിലാളികൾക്ക് ജോലി നഷ്ടപ്പെടുമെന്നും കേന്ദ്ര സർക്കാർ നിശ്ചയിച്ച വിദഗ്ധ കമ്മിറ്റി പ്രഖ്യാപിച്ചതാണ്. അതുകൊണ്ട് യന്ത്രത്തറിയിൽ നിന്ന് ഉൽപാദിപ്പിക്കുന്ന തുണികൾ, കൈത്തറി തുണികൾ എന്നിവ വെവ്വേറെ അയയ്ക്കാനുള്ള സംവിധാനവും കൈത്തറി മുദ്രയും നിർബന്ധമാക്കേണ്ടതുണ്ട്.

പുതിയ തലമുറ കൈത്തറി മേഖലയിലേയ്ക്ക് കടന്നു വരാത്തത് ഈ വ്യവസായത്തിന്റെ വളർച്ചയെ ബാധിക്കുന്നുണ്ട്. മറ്റു പല തൊഴിലുകളിലും ഇത് കാണാമെങ്കിലും കൈത്തറി മേഖലയിൽ ഇത് കൂടുതൽ രൂക്ഷമാണ്. കൈത്തറി മേഖലയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുകയും വേതനം മെച്ചപ്പെടുത്തുകയുമാണ് ഇതിനു വേണ്ടത്. റെഡിമെയ്ഡ് വസ്ത്രനിർമാണ മേഖലയിൽ 100 ശതമാനം വിദേശ നിക്ഷേപത്തിന് അനുവാദം നൽകുന്ന കേന്ദ്രസർക്കാർ തീരുമാനം തീർച്ചയായും തിരുത്തേണ്ടതുമുണ്ട്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ അപ്പക്സ്

സ്ഥാപനമായ ഹാൻടെക്സിനും ഒറ്റത്തറിയിൽ തൊഴിൽ കൊടുക്കുന്ന ഹാന്റ്‌വീവിനും മെച്ചപ്പെട്ട പ്രവർത്തനത്തിന് കൂടുതൽ അവസരങ്ങൾ നൽകേണ്ടതുമുണ്ട്.

കണ്ണൂരിൽ കാഞ്ഞിരോട്, കല്യാശ്ശേരി, ചിറയ്ക്കൽ, മൊറാഴ, മയ്യിൽ തുടങ്ങിയ പ്രദേശങ്ങളിലാണ് ഇപ്പോൾ കൈത്തറിശാലകൾ പ്രവർത്തിക്കുന്നത്. ഇവയെല്ലാം സഹകരണമേഖലയിലാണ്. മികച്ച രീതിയിലാണ് ഇതിന്റെ പ്രവർത്തനം. മൊത്തം 34 സംഘങ്ങളാണുള്ളത്. കേരളത്തിൽ ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വന്നതോടെ കൈത്തറി മേഖലയിൽ പുത്തനുണർവ് ഉണ്ടായിട്ടുണ്ടെന്ന് കേരള ഹാന്റ്‌ലൂം കോ ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ പ്രസിഡന്റ് പി. ബാലൻ പറയുന്നു. സ്കൂൾ യൂണിഫോമിന് കൈത്തറി തുണി കൊണ്ടുവരുന്നതിലൂടെ ഈ മേഖലയിൽ വൻ കുതിച്ചു ചാട്ടമുണ്ടാകുമെന്ന് അദ്ദേഹം വ്യക്തമാക്കുന്നു. ഒരു കോടി 30 ലക്ഷം മീറ്റർ തുണിയാണ് ഇതിനു വേണ്ടത്. പുതിയ വ്യവസായമന്ത്രി ഇ. പി. ജയരാജൻ കൈത്തറി മേഖലയുടെ ഉന്നമനത്തിനായി നിരവധി പദ്ധതികൾ കൊണ്ടുവന്നിട്ടുണ്ട്. റിബേറ്റ്, പെൻഷൻ കുടിശ്ശികകൾ കൊടുത്ത് തീർത്തു. ഓണത്തിന് കണ്ണൂരിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 54 സൊസൈറ്റികളുടെ പ്രദർശനം സംഘടിപ്പിക്കുന്നുണ്ട്. ഇതിലൂടെ വൻ വിറ്റുവരവ് പ്രതീക്ഷിക്കുന്നതായി ബാലൻ പറഞ്ഞു. കൈത്തറിയുടെ ഉന്നമനത്തിനായി കേരള സർക്കാർ നൂതന പദ്ധതികൾക്ക് തുടക്കം കുറിക്കുമെന്നും അദ്ദേഹം വെളിപ്പെടുത്തി.

അതേസമയം കയറ്റുമതി കുറയുന്നത് കണ്ണൂരിലെ കൈത്തറി മേഖലയെ പ്രതിസന്ധിയിലാക്കുമെന്ന കാര്യത്തിൽ സംശയമില്ല. 2004 ൽ യു. പി. എ. സർക്കാർ കൈത്തറിയുടെ കയറ്റുമതിച്ചുങ്കം ഏകീകരിച്ചത് ഈ മേഖലയ്ക്ക് കനത്ത തിരിച്ചടിയാണ്. ആഭ്യന്തര വിപണിയിൽ കൂടുതൽ കൈത്തറി ഇനങ്ങൾ വിറ്റഴിക്കാനുള്ള സംവിധാനം സർക്കാർ ഒരുക്കണമെന്നാണ് കൈത്തറി വ്യവസായരംഗത്തെ പ്രമുഖർ പറയുന്നത്. കൈത്തറിയിലെ ലോകോത്തര ബ്രാന്റുകളിലൊന്നാണ് കണ്ണൂർ കൈത്തറി. ഫർണിഷിംഗ് തുണിത്തരങ്ങളുടെ കാര്യത്തിൽ ലോകത്ത് മറ്റൊരു ഉൽപന്നവും കിടപിടിക്കാനില്ലെന്ന അംഗീകാരം ഇന്നുമുള്ള കണ്ണൂരിലെ കൈത്തറിമേഖല സമ്പുഷ്ടമാക്കാൻ പുതിയ സർക്കാർ യത്നിക്കുമെന്നാണ് പൊതുവെയുള്ള കണക്കുകൂട്ടൽ.



**കെ. കെ. ജയകുമാർ**

ഫാഷന്റെ ലോകം ഖാദി ഉൽപന്നങ്ങൾക്കായി തുറക്കുന്നത് അവസരങ്ങളുടെ വലിയ വാതായനങ്ങളാണ്. ഭാവനാ സമ്പന്നരായ സംരംഭകരാണോ നിങ്ങൾ? അനുദിനം മാറുന്ന ഫാഷൻ വിപണിയിൽ ഉപഭോക്തൃ മനസുകൾ കീഴടക്കുന്ന ഉൽപന്ന നിര ഒരുക്കാനുള്ള വിഭവമുണ്ടോ? എങ്കിൽ ഖാദി ഉൽപന്നങ്ങളുടെ കയറ്റുമതിയിലൂടെ വിദേശ നാണ്യം നേടാം. ആകർഷകമായ ഒരു ബിസിനസ് സംരംഭം പടുത്തുയർത്താം. 2013-14 കാലയളവിൽ ഇന്ത്യൻ സംരംഭകർ കയറ്റുമതി വിപണിയിൽ നിന്ന് ഖാദി ഉൽപന്നങ്ങളിലൂടെ നേടിയത് വെറും 28.4 ലക്ഷം രൂപ മാത്രമാണ്. യഥാർത്ഥ വിപണി ഇതിന്റെ എത്രയോ മടങ്ങ് വലുതാണ് എന്നറിയുമ്പോഴാണ് സംരംഭകമികവുള്ളവർക്കായി കാത്തുവെച്ചിരിക്കുന്ന അവസരങ്ങളുടെ വലിപ്പം അറിയുക. ലോകവിപണി സ്വാഭാവിക, പരിസ്ഥിതി സൗഹൃദ ഉൽപന്നങ്ങളിലേക്ക്

# കയറ്റുമതി വിപണിയിൽ നേട്ടം കൊയ്യാം



ശക്തമായി തിരിയുന്ന സമകാലിക ട്രൻഡ് ഏറ്റവും അനുഗുണമാകുന്നത് ഖാദി ഉൽപന്നങ്ങൾക്കാണ്. ഫാഷൻ വിപണിയിലും വസ്ത്രങ്ങളുടെ കാര്യത്തിലും അത് വളരെ പ്രകടമാണ്. രാജ്യാന്തര വിപണിയിൽ ഏറെ പ്രിയങ്കരമായതാണ് നമ്മുടെ ഖാദി ഉൽപ്പന്നങ്ങൾ. തനതായ ഒരു ബ്രാൻഡ് ഇമേജ് തന്നെ ഖാദി ഉൽപ്പന്നങ്ങൾക്ക് ലോക വിപണിയിൽ ഉണ്ട്. അതാകട്ടെ ഉന്നതമായ ഗുണമേന്മയുടെയും സ്വാഭാവികവും പരിസ്ഥിതി സൗഹൃദവുമായ ഉൽപന്നത്തിന്റെയും പേരിലുള്ളതാണ്.

### കയറ്റുമതിക്ക് ഊർജിത പ്രോൽസാഹനം

ഖാദി ഉൽപന്നങ്ങളുടെ കയറ്റുമതി പ്രോൽസാഹിപ്പിക്കാൻ ഊർജിത ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും ഇവ പ്രയോജനപ്പെടുത്താൻ സംരംഭകർ മുന്നോട്ടുവന്നാലേ കയറ്റുമതി വിപണി വളർച്ച പ്രാപിക്കൂ. ഇപ്പോഴത്തെ കയറ്റുമതിയിൽ കൂടുതലും മർച്ചന്റ്സ് എക്സ്പോർട്ടേഴ്സ് വഴിയാണ് എന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. നേരിട്ട് കയറ്റുമതി നടത്താൻ ഖാദി വില്ലേജ് ഇൻഡസ്ട്രി യൂണിറ്റുകൾ തയ്യാറാകണം. ഇത്തരം യൂണിറ്റുകൾക്ക് അഞ്ച് ശതമാനം ഫ്രീ ഓൺ ബോർഡോ ആയോ അല്ലെങ്കിൽ 10 ലക്ഷം രൂപയോ ഇതിൽ ഏതാണ് കുറവ് അത്രയും കയറ്റുമതി ആനുകൂല്യമായി നൽകുന്നുണ്ട്. രാജ്യാന്തര ട്രേഡ് ഫെയറുകളിലും പ്രദർശനങ്ങളിലും പങ്കെടുക്കാനും ആനുകൂല്യങ്ങൾ ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷൻ നൽകുന്നുണ്ട്. പ്രദർശനങ്ങളിൽ പങ്കെടുക്കാനുള്ള വിമാന യാത്രക്കൂലിയുടെ 75 ശതമാനം നൽകും. പ്രദർശന സ്റ്റാളിന്റെ വാടകയുടെ 50 ശതമാനവും നൽകും. വനിതാ സംരംഭകരാണെങ്കിൽ മുഴുവൻ തുകയും നൽകും.



### സംരംഭകർ ഉണരണം


ഖാദി ഇൻഡസ്ട്രീസിൽ സംരംഭകർ ഏറെ ഉണ്ടെങ്കിലും കയറ്റുമതി രംഗത്ത് പലരും പിന്നോട്ടാണ്. 2011-12 കാലയളവിൽ 716 .99 കോടി രൂപയുടെ ഖാദി ഉൽപന്നങ്ങൾ രാജ്യത്ത് നിർമിച്ചപ്പോൾ കയറ്റുമതി ചെയ്തത് 11.92 ലക്ഷം രൂപയുടെ ഉൽപന്നങ്ങൾ മാത്രമാണ്. പിറ്റേവർഷം 761.93 കോടി രൂപയുടെ ഉൽപന്നം നിർമിച്ചപ്പോൾ 59.33 ലക്ഷം രൂപയുടെ ഉൽപന്നങ്ങൾ കയറ്റുമതി ചെയ്തു. 2013-14 കാലയളവിൽ ഉൽപ്പാദനം 811.07 ലക്ഷം രൂപയായി വർധിച്ചെങ്കിലും കയറ്റുമതി 28.44 ലക്ഷം രൂപയായി കുറയുകയാണ് ചെയ്തത്. 2012 ൽ അമേരിക്ക, ഇംഗ്ലണ്ട്. തായ്‌ലാൻഡ്, ഇറ്റലി, മലേഷ്യ, ജപ്പാൻ, ഒമാൻ എന്നിവിടങ്ങളിലേക്കാണ് സിൽക്ക്-മസ്ലിൻ ഖാദിയും റെഡിമേഡ് വസ്ത്രങ്ങളും കയറ്റുമതി ചെയ്തത്. 2013ൽ കയറ്റുമതി രാജ്യങ്ങളുടെ എണ്ണം വർധിച്ചു. പോളണ്ട്, ജപ്പാൻ, ജർമ്മനി, ഓസ്ട്രേലിയ, മലേഷ്യ, സിങ്കപ്പൂർ, ടെൽ അവീവ്, ബെൽജിയം എന്നീ രാജ്യങ്ങളിലേക്ക് കൂടി കയറ്റുമതി വ്യാപിപ്പിച്ചു. എന്നാൽ 2014ൽ ഇറ്റലി, കുവൈറ്റ്, കാനഡ, മസ്കറ്റ് എന്നീ രാജ്യങ്ങളിലേക്ക് മാത്രമേ അധികമായി കയറ്റുമതി വ്യാപിപ്പിക്കാൻ കഴിഞ്ഞുള്ളൂ. 2011ൽ കയറ്റുമതി സിൽക്ക്, മസ്ലിൻ, റെഡിമേഡ് വസ്ത്രങ്ങൾ എന്നിവയിൽ മാത്രമായി ഒതുങ്ങിയെങ്കിൽ 2014ൽ ടെക്സ്റ്റൈൽ അധിഷ്ഠിത ഹാൻഡ്ക്രാഫ്റ്റ്സും കയറ്റുമതി ചെയ്യാൻ കഴിഞ്ഞു.

### ഉൽപന്നങ്ങൾ നിരവധി

ഒട്ടുമിക്ക ഖാദി ഉൽപന്നങ്ങൾക്കും വിദേശത്ത് അനുയോജ്യമായ വിപണി കണ്ടെത്താം. നൈ

ലോൺ, ടെർലിൻ വസ്ത്രങ്ങളേക്കാൾ ധരിക്കാൻ സുഖകരമായവയാണ് കോട്ടൺ, വൂളൻ, സിൽക്ക്, പോളി വസ്ത്രാ, ഖാദി വസ്ത്രങ്ങൾ. വിദേശ രാജ്യങ്ങളിൽ ഇവയെ പ്രിയങ്കരമാക്കുന്നതും ഈ ഗുണമാണ്. കോട്ടൺ ഖാദി 100 ശതമാനവും കോട്ടൺ കൊണ്ട് നിർമിച്ചവയാണ്. ഇവ വൈവിധ്യമാർന്ന നിറങ്ങളിലും ഷേഡിലും ലഭ്യമാണ്. ഇവകൊണ്ട് നിർമിച്ച കുർത്ത, പൈജാമ, ഷർട്ടുകൾ, ഗജ്റ ചോളി, സൽവാർ-കമ്മീസ് തുടങ്ങിയവയ്ക്ക് വിപണിയിൽ ഡിമാൻഡ് ഉണ്ട്. ടസ്സർ, മട്ക തുടങ്ങിയവ അടങ്ങിയ സിൽക്ക് ഖാദിയും ഏറെ സവിശേഷതയാർന്നതാണ്. സിൽക്ക് ഖാദിയിൽ നിർമിച്ച ഷർട്ടിങ്, സാരി, സാരി ബോർഡർ. പ്രിന്റഡ് സാരി തുടങ്ങിയവയ്ക്കും മികച്ച വിപണി കണ്ടെത്താം. വൂളൻ ഖാദിയിൽ നിർമിക്കുന്ന സ്വറ്ററുകൾ, ബ്ലാങ്കറ്റുകൾ തുടങ്ങിയവയ്ക്കും തനതായ വിപണി ഉണ്ട്. ആകർഷകമായ നിറങ്ങളിലും വൈവിധ്യങ്ങളിലുമുള്ള ഷർട്ടിങ്സ്, സ്യൂട്ടിങ്സ് തുടങ്ങിയവയ്ക്ക് അത്യുത്തമമാണ് പോളിവസ്ത്ര ഖാദി. സൈസൽ, വാഴനാര്, കൈതയോല, പനയോല തുടങ്ങിയവയിൽ നിന്നുള്ള പ്രകൃതിദത്ത നാരുകൾ കൊണ്ട് നിർമിച്ച ബാഗ്, ടേബിൾ മാറ്റ്, കാർപ്പറ്റ്, തുടങ്ങിയവയും പനയോലയിൽ തീർത്ത ബാഗുകൾ, ബാസ്കറ്റുകൾ, മാറ്റുകൾ തുടങ്ങിയവയും വിപണിക്ക് പ്രിയങ്കരമായവയാണ്. തുകൽ കൊണ്ട് നിർമിച്ച കോലാപ്പൂരി ചപ്പൽ, ഷൂസ്, പെഴ്സ്, ബ്രീഫ് കേസ്, ജ്യൂവൽ ബാഗ്, വാനിറ്റി ബാഗ് തുടങ്ങിയവയ്ക്കും ആവശ്യക്കാരേറെ.


ഈറ്റ, മുള എന്നിവ കൊണ്ട് നിർമിച്ച ഫർണിച്ചറുകൾ, സോഫ സെറ്റ്, പാർട്ടീഷൻ വോൾ മാറ്റുകൾ, ഹാൻഡ് ക്രാഫ്റ്റുകൾ, തുടങ്ങിയവയ്ക്കും മികച്ച വിപണിയുണ്ട്. കൃതൃമ വസ്തുക്കൾ കൊണ്ട നിർമിച്ച എയർ പ്യൂരിഫയറിനു പകരമായി ഉപയോഗിക്കാവുന്ന നമ്മുടെ അഗർബത്തികൾ വിദേശ വിപണിക്ക് ഏറെ പ്രിയങ്കരമാണ്. ഖാദി യൂണിറ്റുകൾ നിർമിക്കുന്ന പഴച്ചാറുകൾ, പൾപ്പ്, ജ്യൂസ് തുടങ്ങിയവയ്ക്കും സ്വാഭാവികമായ രീതിയിൽ ഉൽപ്പാദിപ്പിക്കുന്ന തേനിനും വിദേശ വിപണിയിൽ പ്രിയം നേടിയെടുക്കാം. ഈ ഉൽപന്നങ്ങളൊക്കെ ഇവിടെ ഉണ്ടാക്കുന്ന രീതിയിൽ കയറ്റുമതി ചെയ്യാൻ തുനിയരുത്. വിദേശ വിപണികളെക്കുറിച്ചും അവിടുത്തെ അഭിരുചികളെക്കുറിച്ചും മനസിലാക്കി അതിനനുസരിച്ച് ആകർഷകമാക്കിവേണം കയറ്റുമതി ചെയ്യേണ്ടത്.



## കയറ്റുമതി ബിസിനസിൽ ശ്രദ്ധിക്കേണ്ടത്

കയറ്റുമതി ചെയ്യുന്ന ഉൽപ്പന്നങ്ങൾ മാത്രം ഉന്നത നിലവാരത്തിലുള്ളവ ആയിട്ട് കാര്യമില്ല. വിപണിയിൽ നേട്ടം വെട്ടിപ്പിടിക്കണം എങ്കിൽ കയറ്റുമതി സ്ഥാപനവും ചില തനത് ഗുണങ്ങൾ സ്വന്തമാക്കേണ്ടതുണ്ട്. അവ എന്തൊക്കെയാണെന്ന് നോക്കാം.

1. കയറ്റുമതി ബിസിനസിലേക്ക് ആദ്യമായി ഇറങ്ങും മുമ്പ് ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. നിങ്ങളുടെ സ്ഥാപനം എത്ര ചെറുതുമായിക്കൊള്ളട്ടെ വിശ്വാസ്യതയാണ് ഏറ്റവും പ്രധാനം. സ്ഥാപനത്തിന്റെ ഇമേജ് ബിസിനസിന്റെ വളർച്ചയ്ക്ക് ഏറെ സഹായിക്കും. സ്ഥാപനത്തിന് രാജ്യാന്തര നിലവാരമുള്ള ഒരു ലോഗോ ഉണ്ടായിരിക്കണം. ഏതുതരം ഉൽപന്നമാണോ കയറ്റുമതി ചെയ്യുന്നത് അത്തരം ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനും വികസനത്തിനും വേണ്ടിയുള്ള ഗവൺമെന്റ് ഏജൻസികളെ സമീപിച്ച് വിശദാംശങ്ങൾ തേടാം. ഖാദി ഉൽപന്നങ്ങളാണ് കയറ്റുമതി ചെയ്യുന്നതെങ്കിൽ ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മീഷനെ സമീപിക്കാം. നിങ്ങളുടെ തൊട്ടടുത്ത് വിജയകരമായി കയറ്റുമതി ബിസിനസിൽ ഏർപ്പെട്ടിരിക്കുന്ന സംരംഭകരുണ്ടാകും.



അവർ കയറ്റുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളിൽ നിന്ന് ഭിന്നമായ ഉൽപ്പന്നങ്ങളാണ് നിങ്ങളുടേതെങ്കിൽ രാജ്യാന്തര വിപണിയുടെ സവിശേഷതകളെക്കുറിച്ച് ഇത്തരം സംരംഭകരോട് ഉപദേശം തേടാം. വിജയികളായ സംരംഭകർ എപ്പോഴും മറ്റുള്ളവരെ സഹായിക്കാൻ പ്രത്യേക താൽപര്യം ഉള്ളവരായിരിക്കും.

2. ആകർഷകമായ വെബ്സൈറ്റ് ഉണ്ടായിരിക്കണം. ഫോണിൽ കൂടിയോ ഇ മെയിലിൽ കൂടിയോ ഇടപാടുകാരോട് എന്തു അവകാശ വാദം ഉന്നയിച്ചാലും അതിന്റെ നിജസ്ഥിതി പരിശോധിക്കാൻ അവർ ആദ്യം നോക്കുക നിങ്ങളുടെ സ്ഥാപനത്തിന്റെ വെബ്സൈറ്റായിരിക്കും.



3. ഖാദി ഉൽപന്നങ്ങൾക്ക് ലോകമൊട്ടാകെ വിപണിയുണ്ടാകും. പക്ഷേ അവിടങ്ങളിൽ എല്ലാം ബിസിനസ് ചെയ്യാൻ നിങ്ങൾക്കെന്നല്ല ആർക്കും കഴിഞ്ഞെന്ന് വരില്ല. അതുകൊണ്ട് അവയിൽ ഓരോരുത്തർക്കും അനുഗുണമായ വിപണി കണ്ടെത്തണം. നിങ്ങളുടെ ചുറ്റുവട്ടത്തുള്ള വ്യവസായ അസോസിയേഷനുകൾ, ചേംബർ ഓഫ് കൊമേഴ്സ്, കയറ്റുമതി സംഘടനകൾ, മറ്റ് ബിസിനസുകാർ എന്നിവരുമായി സംസാരിച്ച് വിപണിയെക്കുറിച്ച് ഏകദേശ ധാരണ രൂപപ്പെടുത്താം. ഈ വിവരങ്ങൾ മനസിൽ വെച്ച് നിങ്ങൾക്ക് സ്വന്തമായ അന്വേഷണം നടത്താം.

4. തനതായ വിപണന തന്ത്രം വേണം. ആഭ്യന്തര വിപണിയിൽ മികച്ച വിൽപന കിട്ടിയതുകൊണ്ട് അവ അതേപടി കയറ്റുമതി വിപണിയിലും പ്രിയം നേടിക്കൊള്ളണം എന്നില്ല. ഓരോ വിപണിക്കും അനുഗുണമായ വിധം ഉൽപ്പന്നം പരുവപ്പെടുത്തുകയും പാക്കേജിങ് ആവിഷ്കരിക്കുകയും വേണം. സമാന ഉൽപന്നങ്ങളുമായി വിപണിയിലുള്ള കമ്പനികളുടേതിൽ നിന്ന് വ്യത്യസ്തമായ വിപണന തന്ത്രം ആവിഷ്കരിക്കണം.

5. ശക്തമായ വ്യാപാര ശൃംഘല കെട്ടിപ്പടുക്കുക. രാജ്യാന്തര വ്യാപാരം ഒരിക്കലും ഒറ്റയ്ക്ക് ചെയ്യാൻ കഴിയില്ല. അതിന് നിരവധി ഇടനിലക്കാരുടെ സേവനം ആവശ്യമാണ്. അവരുടെ സഹകരണം, ഏകോപനം എന്നിവ ഉറപ്പാക്കണം. നിങ്ങളുടെ ഇപ്പാഴത്തെ ബാങ്കുമായി ചേർന്ന് വിദേശ ഇടപാടു നടത്താൻ കഴിയുമോ എന്നുറപ്പാക്കണം. അല്ലെങ്കിൽ വിദേശത്തും സാന്നിദ്ധ്യമുള്ള, അല്ലെങ്കിൽ വിദേശ ബാങ്കുകളുമായി ധാരണയുള്ള ബാങ്കുകളെ കണ്ടെത്തണം.

6. കമ്മ്യൂണിക്കേഷൻ ശക്തമാക്കണം. കയറ്റുമതി അന്വേഷണങ്ങളോട് വേഗത്തിൽ പ്രതികരിക്കണം. ഒരു ഇ മെയിൽ അയച്ചശേഷം ഏതാനും മണിക്കൂറുകൾക്കുള്ളിൽ ഫോണിൽ മറുപടി ആവശ്യപ്പെടുന്ന ഇടാപാടുകാരുണ്ടാകും. അവരുടെയെല്ലാം ആവശ്യങ്ങളെ തൃപ്തിപ്പെടുത്താൻ കഴിയണം.

7. ഡിസ്കൗണ്ട് നൽകണം. ഇടപാടുകാർ ഉറപ്പായും ഡിസ്കൗണ്ട് ചോദിക്കും. അതു നൽകുന്നതുതന്നെയാണ് മികച്ച വ്യാപാര ബന്ധം ഉറപ്പാക്കാൻ ഉപകരിക്കുന്നത്. ചുരുങ്ങിയത് 10 ശതമാനം എങ്കിലും ഡിസ്കൗണ്ട് നൽകേണ്ടിവരുമെന്ന് പ്രതീക്ഷിക്കുക. അതനുസരിച്ച് വേണം ഉൽപന്ന വില ഇടേണ്ടത്. ഡിസ്കൗണ്ട് നൽകുകയാണെങ്കിൽ നിങ്ങൾക്ക് കൂടുതൽ അനുകൂലമായ വിധത്തിൽ വ്യാപാര ഉടമ്പടി രൂപപ്പെടുത്താൻ ആ അവസരം പ്രയോജനപ്പെടുത്തണം.

8. തട്ടിപ്പുകാരുടെ കെണിയിൽ വീഴരുത്. വലിയ അളവിൽ സാമ്പിൾ ഉൽപന്നങ്ങൾ ചോദിക്കുന്നവരെ സൂക്ഷിക്കുക. പേയ്മെന്റ് തരാതെ കബളിപ്പിക്കൽ നടത്തുന്നവരും ഉണ്ട്. എല്ലാ ഇടപാടുകളും രേഖകളുടെ പിൻബലത്തിലേ നടത്താവൂ.

9. രാജ്യാന്തര പ്രദർശനങ്ങളിൽ പങ്കെടുക്കണം. വിപണിയെക്കുറിച്ചും പുതിയ ട്രൻഡുകളെക്കുറിച്ചും അറിയാൻ ഇതുപകരിക്കും. ബയേഴ്സും സെല്ലേഴ്സുമായി അടുത്ത ബന്ധം സ്ഥാപിക്കാനും അതിനെ ബിസിനസാക്കി മാറ്റാനും ഇതുപകരിക്കും.

10. പെട്ടെന്ന് നേട്ടം പ്രതീക്ഷിക്കരുത്. ഒരു കയറ്റുമതി ബിസിനസ് തുടങ്ങുന്നത് ചെടി നടുന്നപോലെയാണ്. അതിനു വളരാനും കായ്ക്കാനും ഉള്ള സമയം നൽകണം. അതുപോലെ പ്രതിസന്ധികളുണ്ടായാൽ പതറുകയും ചെയ്യരുത്.

# Subscribe/Renew today
# Vyavasaya Keralam

## SUBSCRIBER'S APPLICATION

I would like to subscribe Vyavasaya Keralam for One year at Rs. 300/- (12 issues)

Please send my copies to:

Name.........................................................................................................................

Address.....................................................................................................................

...................................................................................................................................

...................................................................................................................................

District......................................................................................................................

Pincode........................................Phone..........................................................



Demand Draft for Rs.300/- drawn in favour of

"K-Bip. Vyavasayakeralam", payable at Thiruvananathapuram

is enclosed (D.D No...........................................dated....................................

of.........................................................................................................Bank

**Send to**

The Editor
Vyavasayakeralam
DIC Building,
Vellayambalam,
Thiruvananthapuram
Pin:695033
Phone: 0471-2322789


# കെട്ടിടനിർമാണസാമഗ്രികളുടെ വിലനിലവാരം

**ആഗസ്റ്റ് അവസാനവാരം വിപണികളിൽനിന്നു ശേഖരിച്ചത്**

| | *തിരുവനന്തപുരം* | *കൊച്ചി* | *കോഴിക്കോട്* |
|---|---|---|---|
| സിമന്റ് (ബാഗിന്)ലോക്കൽ പർചേസ് | 400 | 395 | 365(സുവാരി) |
| സ്റ്റീൽ (കി.ഗ്രാം) | 40.48 | 43 | 42.48 |
| തടി ( ക്യുബ്ക് അടി) താന്നി | | | 852.40 |
| തടി ( ക്യുബ്ക് അടി) സെക്കന്റ് ക്ലാസ് ഹാർഡ് | - | - | - |
| എം.സാന്റ്(ക്യുബ്ക് അടി) | 57 | 47 | 62 |
| ക്വാറി ഡസ്റ്റ് | - | 48 | - |
| മെറ്റൽ (3/4 ഇഞ്ച്) | 29.50 | 29 | 35 |
| മെറ്റൽ (1/4 ഇഞ്ച്) | 28 | 32 | 35 |
| മെറ്റൽ ($1^1/_2$ ഇഞ്ച്) | 23 | 32 | 35 |
| ഹോളോ ബ്ലോക്ക് (8 ഇഞ്ച്) | 33.50 | 38 | 49 |
| ഹോളോ ബ്ലോക്ക് (6 ഇഞ്ച്) | - | - | - |
| ഹോളോ ബ്ലോക്ക് (4 ഇഞ്ച്) | 19.5 | 38 | 32.15 |
| സോളിഡ് ബ്ലോക്ക് (6 ഇഞ്ച്) | 33.00 | 27 | - |
| സോളിഡ് ബ്ലോക്ക് (4 ഇഞ്ച്) | 23.75 | 20 | 28.20 |
| ഇഷ്ടിക | 5.50 | 7.50 | 9.00 |
| റെഡിമിക്സ് | 6100 | 5750 | - |

*അവലംബം : സതേൺ ഇൻവെസ്റ്റ്മെന്റ്സ് (Si) പ്രൈവറ്റ് ലിമിറ്റഡ്*

# ASIAN GAS INDUSTRIES

**Co2**

Co2 GAS IN CYLINDERS & BULK TANKER TRUCKS

RESURVEY 5/6,INDUSTRIAL ESTATE ,MUNDENCAVU,CHENGANNUR-689121

PH-9526050610

Our sister concern:

# S.R. AIR PRODUCTS

PLOT A7 , K.S.I.D.C, KINALUR, KOZHIKODE-673621

Ph: 9447995522,

CO2 GAS IN CYLINDERS & BULK TANKER TRUCKS

Carbon Dioxide Gas Refillers

CARBON DIOXIDE FOR FIRE EXTINGUISHERS, SODA & SOAFTDRINKS,WELDING,ETC

## അഖിലേന്ത്യാ വ്യവസായ പ്രദർശനവും മീറ്റും

കേന്ദ്ര സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭ മന്ത്രാലയ സ്ഥാപനമായ എം. എസ്. എം. ഇ ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് തൃശൂരും സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പും കേരള ചെറുകിട വ്യവസായ അസോസിയേഷനും സംയുക്തമായി അഖിലേന്ത്യാ വ്യവസായ പ്രദർശനവും ബിസിനസ് റ്റു ബിസിനസ് മീറ്റും സെപ്തംബർ രണ്ടാം വാരം കൊല്ലം ആശ്രാമം മൈതാനത്തു സംഘടിപ്പിക്കും. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നൂറോളം ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്കു പുറമെ കൊച്ചിൻ ഷിപ്‌യാർഡ്, ഐ. എസ്. ആർ. ഒ., ബി. പി. എച്ച്. ഇ. എൽ., കെൽട്രോൺ, റെയിൽവേ, ഡിഫെൻസ്, എൻ. ടി. പി. സി., എഫ്. എ. സി. റ്റി, തുടങ്ങിയ വൻകിടസ്ഥാപനങ്ങൾ അവർക്കാവശ്യമായ ഉൽപന്നങ്ങൾ സംബന്ധിച്ച് ചെറുകിട സംരംഭകരോട് വിശദീകരിക്കും. വ്യവസായ പ്രദർശനത്തോടൊപ്പം സംഘടിപ്പിക്കുന്ന സാങ്കേതിക സെമിനാറിൽ പൊതുമേഖല വ്യവസായ സ്ഥാപനങ്ങൾ അവർ ശേഖരിക്കുന്ന ഉൽപന്നങ്ങളുടെയും സേവനത്തിന്റെയും കരാർ രീതികളെപ്പറ്റിയും ഗുണമേന്മയെ പറ്റിയും വിശദീകരിക്കും. ബാങ്കിംഗ് രംഗത്തെ പ്രമുഖരായ എസ്. ബി. ഐ, എസ്. ബി. റ്റി, കാനറാ ബാങ്ക് മുതലായവയുടെ പ്രതിനിധികൾ വ്യവസായ സംരംഭകർക്കായി നടപ്പാക്കുന്ന സാമ്പത്തിക പദ്ധതികളെക്കുറിച്ചും മറ്റു വികസന സ്ഥാപനങ്ങളായ കയർ ബോർഡ്, എൻ. എസ്. ഐ. സി. പ്രതിനിധികൾ വിവിധ വ്യവസായ സേവനങ്ങളെക്കുറിച്ചും സംരംഭകർക്കു മുന്നിൽ അവതരണം നടത്തും.

ചെറുകിട വ്യവസായ സംരംഭകർക്കായി കേന്ദ്ര സർക്കാർ 2012 ൽ പ്രഖ്യാപിച്ച പൊതുശേഖരണനയം പ്രകാരം കേന്ദ്ര സർക്കാർ അധീനതയിലുള്ള വിവിധ മന്ത്രാലയങ്ങൾ, വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുടെ മൊത്ത വാർഷിക പർച്ചേസിൽ 20 ശതമാനം നിർബന്ധമായും സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭങ്ങളിൽ നിന്നായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. നയത്തെക്കുറിച്ച് സൂക്ഷ്മ ചെറുകിട വ്യവസായ സംരംഭകരിൽ അവബോധം സൃഷ്ടിക്കുകയെന്നതും ഈ പരിപാടി ലക്ഷ്യമാക്കുന്നു.

## വ്യാപാരി ക്ഷേമനിധി അംഗത്വം പുതുക്കാം

വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് അംഗത്വം പുതുക്കാൻ അവസരം. ഒക്ടോബർ 31 നകം പിഴയടച്ചാൽ അംഗത്വം പുതുക്കി നൽകും. എ, ബി, സി, ഡി. ക്ലാസുകളിൽ യഥാക്രമം വാർഷികമായി അടയ്ക്കേണ്ട തുകയ്ക്ക് പുറമെ മുടക്കമുള്ള ഓരോ വർഷത്തിനും 200, 150, 100, 50 രൂപ നിരക്കിൽ പിഴ അടച്ചാൽ അംഗത്വം പുതുക്കി നൽകും.

## കശുവണ്ടി വ്യവസായ ബന്ധസമിതി പുന:സംഘടിപ്പിച്ചു

ലേബർ കമ്മീഷണർ ചെയർമാനായി കശുവണ്ടി വ്യവസായ ബന്ധ സമിതി പുനസംഘടിപ്പിച്ചു. കാഷ്യു സ്പെഷ്യൽ ഓഫീസർ കൊല്ലം, ഫാക്ടറീസ് & ബോയിലേഴ്സ് ഡയറക്ടർ, കൊല്ലം റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ സർക്കാർ പ്രതിനിധികളും, മാനേജിംഗ് ഡയറക്ടർ (കേരള സ്റ്റേറ്റ് കാഷ്യു ഡവലപ്മെന്റ് കോർപറേഷൻ), ചെയർമാൻ (കാപ്പക്സ്), പി. സുന്ദരൻ (ശ്രീലക്ഷ്മി കാഷ്യു കമ്പനി), അബ്ദുൾ സലാം, (ലുബീന മൻസിൽ), അബ്ദുൾ സലാം (ഹസീന കാഷ്യു കമ്പനി), ജോബ്രാൻ ജി. വർഗീസ് (ലൂർദ് മാതാ കാഷ്യു ഇൻഡസ്ട്രീസ്), ബാബു ഉമ്മൻ (അൽഫോൻസാ കാഷ്യു കമ്പനി), ജെയ്സൺ ഉമ്മൻ (സെന്റ് മേരീസ് കാഷ്യു കമ്പനി), ഉണ്ണികൃഷ്ണൻ (കെ. കെ. പി) (ഐ. എൻ. എഫ് ഫാക്ടറി), ആർ. പ്രതാപൻ (വിജയലക്ഷ്മി കാഷ്യു കമ്പനി), അബ്ദുൾ റഹ്മാൻ കുഞ്ഞ് (മാർക്ക് കമ്പനി) എന്നിവർ തൊഴിലുടമാ പ്രതിനിധികളും പി. കെ. ഗുരുദാസൻ, കെ. തുളസീധരൻ, ബി. തുളസീധരക്കുറുപ്പ്, അഡ്വ. ജി. രാജു, എ. എ. അസീസ്, ഇ. കാസിം, എ. ഫസലുദ്ദീൻ ഹക്ക്, അഡ്വ. ജി. ലാലു, ബി. ശിവജി സുദർശൻ, അഡ്വ. എസ്. ശ്രീകുമാർ, അഡ വ. കല്ലട പി. കുഞ്ഞുമോൻ എന്നിവർ തൊഴിലാളി പ്രതിനിധികളുമാണ്. ആഗസ്റ്റ് 12 മുതൽ രണ്ട് വർഷമാണ് സമിതിയുടെ കാലാവധി.






## കോട്ടയത്ത് സംരംഭകത്വ പരിശീലനം

കോട്ടയം ജില്ലാ വ്യവസായകേന്ദ്രത്തിൽ പുതു സംരംഭകർക്കായി സംരംഭകത്വ പരിശീലന പരിപാടി നടത്തി. ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ റ്റി. ഷാജി പരിപാടി ഉദ്ഘാടനം ചെയ്തു.

41 പേർ പങ്കെടുത്ത പരിപാടിയിൽ മോട്ടിവേഷൻ, സംരംഭകരുടെ സ്വഭാവഗുണങ്ങൾ, പ്രോജക്ട് ഐഡന്റിഫിക്കേഷൻ, ബ്രെയിൻ സ്ട്രോമിങ്, ഗോൾ സെറ്റിങ്ങ്, ബിസിനസ്സ് മാനേജ്മെന്റ്, കെ. എസ്. ഇ. ബി നിയമങ്ങൾ, പൊല്യൂഷൻ കൺട്രോൾ ബോർഡ് നിയമങ്ങൾ, സെയിൽസ് ടാക്സ് നിയമങ്ങൾ, പഞ്ചായത്ത് ലൈസൻസ്, ഫുഡ് സേഫ്റ്റി നിയമങ്ങൾ, പ്രൊജക്ട് റിപ്പോർട്ട്, മാർക്കറ്റിങ്ങ്, ബിസിനസ്സ് അക്കൗണ്ടിങ്ങ് തുടങ്ങിയ ക്ലാസുകൾ സംഘടിപ്പിച്ചു. പരിപാടിയുടെ ഭാഗമായി വ്യവസായ സന്ദർശനവും നടത്തി. വിവിധ കമ്പനികൾ സന്ദർശിച്ചുള്ള മാർക്കറ്റ് സർവേ ഹൃദ്യമായ അനുഭവമായിരുന്നു.

---

## അവശ്യസാധനവില നിയന്ത്രിക്കാൻ സംവിധാനം

ഓണക്കാലത്ത് അവശ്യസാധനങ്ങളുടെയും മറ്റു ഭക്ഷ്യവസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും സിവിൽ സപ്ലൈസ് കമ്മീഷണർ വി. കെ. ബാലകൃഷ്ണന്റെ അധ്യക്ഷതയിൽ സംസ്ഥാന മൊത്ത വ്യാപാരികളുടെയും, വ്യാപാരി പ്രതിനിധികളുടെയും യോഗം ചേർന്നു.

വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിനുള്ള സർക്കാർ നടപടികൾക്ക് പൂർണ സഹകരണവും ഓണക്കാലത്ത് ഭക്ഷ്യസാധന ലഭ്യത ഉറപ്പുവരുത്തുന്നതിന് ക്രിയാത്മക സമീപനവും കൈക്കൊള്ളുമെന്ന് വ്യാപാരികൾ ഉറപ്പു നൽകിയതായും സിവിൽ സപ്ലൈസ് കമ്മീഷണർ അറിയിച്ചു. ഓണക്കാലത്ത് അരിയുടെയും പലവ്യഞ്ജനങ്ങളുടെയും വില വർദ്ധനവ് ഉണ്ടാകില്ലെന്നും വ്യാപാരികൾ ഉറപ്പുനൽകി. കേരള വ്യാപാരി വ്യവസായി ജില്ലാ പ്രസിഡന്റ് പെരിങ്ങമ്മല രാമചന്ദ്രൻ, ജില്ലാ സെക്രട്ടറി വൈ. വിജയൻ, ഗ്രേയ്ൻ മർച്ചന്റ് അസോസിയേഷൻ പ്രസിഡന്റ് എസ്. താണുപിള്ള, ജനറൽ സെക്രട്ടറി ബി. വിജയകുമാർ, ട്രഷറർ എൻ. സുകുമാരൻ നായർ യോഗത്തിൽ പങ്കെടുത്തു.

---

## തൊഴിലാളികൾക്ക് എക്സ്ഗ്രേഷ്യാ അനുവദിച്ചു

ഒരു വർഷത്തിലേറെയായി പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ, എസ്റ്റേറ്റുകൾ, കയർ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ തൊഴിലാളികൾക്ക് ഓണത്തോടനുബന്ധിച്ച് എക്സ്ഗ്രേഷ്യാ വിതരണം ചെയ്യുന്നതിന് 2,14,70,050 രൂപ അനുവദിച്ചു.

പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഫാക്ടറികളിലേയും തൊഴിലാളികൾക്ക് 2300 രൂപ വീതവും എസ്റ്റേറ്റുകളിലെയും തോട്ടങ്ങളിലെയും തൊഴിലാളികൾക്ക് 1250 രൂപ വീതവും കയർ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് 750 രൂപ വീതവുമാണ് എക്സ്ഗ്രേഷ്യാ നൽകുന്നത്.




## പ്രവാസി ക്ഷേമനിധി അംഗത്വം പുനസ്ഥാപിക്കാം

12 മാസം തുടർച്ചയായി അംശദായം അടയ്ക്കാത്തതിനെ തുടർന്ന് കേരള പ്രവാസി ക്ഷേമനിധി അംഗത്വം നഷ്ടപ്പെട്ടിട്ടുള്ളവർക്ക് പുനസ്ഥാപിക്കുന്നതിനായി അടയ്ക്കേണ്ട 15 ശതമാനം പിഴപ്പലിശ ആഗസ്റ്റ് 16 മുതൽ ഒക്ടോബർ മൂന്നു വരെ ഒഴിവാക്കി സർക്കാർ ഉത്തരവായി.

അംഗത്വം നഷ്ടപ്പെട്ടവർക്ക് കുടിശികയായിട്ടുള്ള അംശദായം അടച്ച് ക്ഷേമനിധി അംഗത്വം പുന:സ്ഥാപിക്കാമെന്ന് പ്രവാസി ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## റബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം



റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിന്റെ ഒന്നാംഘട്ടം ജൂണിൽ അവസാനിച്ചെങ്കിലും കർഷകർക്ക് അതുവരെയുള്ള ബില്ലുകൾ സമർപിക്കുന്നതിന് നിയന്ത്രണം ഏർപെടുത്തിയിട്ടില്ലെന്ന് സർക്കാർ അറിയിച്ചു.

ജൂണിനു ശേഷം ആരംഭിക്കുന്ന റബ്ബർ ടാപ്പിംഗ് സീസൺ കർഷകർക്ക് പ്രയോജനപ്പെടും വിധം സ്കീമിന്റെ രണ്ടാം ഘട്ടം പുനരാരംഭിച്ചു. പഴയ കർഷകർക്കും പുതിയ കർഷകർക്കും പദ്ധതിയിൽ ചേരാനും ബില്ലുകൾ സമർപിക്കാനുമായി രജിസ്ട്രേഷൻ, സോഫ്ട്വെയർ നവീകരണം തുടങ്ങിയ നടപടികൾ തുടരുകയാണ്. കർഷകർ സമർപിച്ച ബില്ലുകളിൽ ഇതിനകം 566 കോടി രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട്.

കൈത്തറി മേഖലയുമായി ബന്ധപ്പെട്ട് വിവിധ ലേഖനങ്ങൾ പ്രസിദ്ധീകരിക്കേണ്ടി വന്നതിനാൽ പംക്തികൾ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അവ അടുത്ത ലക്കം തുടരും.

എഡിറ്റർ

## വ്യവസായ സ്പെഷ്യൽ സെക്രട്ടറി

വ്യവസായ- വാണിജ്യ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായി സഞ്ജയ്. എം. കൗൾ ചുമതലയേറ്റു.



## ടെക്സ്റ്റൈൽ വ്യവസായ ബന്ധസമിതി പുന:സംഘടിപ്പിച്ചു

ലേബർ കമ്മീഷണർ ചെയർമാനായി ടെക്സ്റ്റൈൽ വ്യവസായ ബന്ധ സമിതി പുനസംഘടിപ്പിച്ചു. ടി. വി. ഉണ്ണികൃഷ്ണൻ (കണ്ണൂർ സ്പിന്നിംഗ് & വീവിംഗ് മിൽസ് (എൻ.ടി. സി), കെ. വി. ജോൺ (ഡപ്യൂട്ടി ജനറൽ മാനേജർ, പ്രീ കോട്ട് മെറിഡിയൽ ലിമിറ്റഡ്, പാലക്കാട്), എം. ഗണേഷ് (മാനേജിങ് ഡയറക്ടർ, കേരള ടെക്സ്റ്റൈൽ കോർപറേഷൻ ലിമിറ്റഡ്), വി. കുര്യാക്കോസ് (മാനേജിങ് ഡയറക്ടർ, തൃശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ), സി. സജിത് കുമാർ (ജനറൽ മാനേജർ, മലബാർ സ്പിന്നിംഗ് മിൽസ്), പി. കെ. ഉണ്ണികൃഷ്ണൻ (സീനിയർ ജനറൽ മാനേജർ, (പി. ഐ. ആർ), ജി. റ്റി. എൻ. ടെക്സ്റ്റൈൽസ് ലിമിറ്റഡ്), മാനേജിങ് ഡയറക്ടർ, കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടെക്സ്റ്റൈൽ ഫെഡറേഷൻ ലിമിറ്റഡ്, കെ. ശശീന്ദ്രൻ, മാനേജിങ് ഡയറക്ടർ (മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ്) എന്നിവർ തൊഴിലുടമാ പ്രതിനിധികളും കെ. സുരേന്ദ്രൻ, കെ. എൻ. ഗോപിനാഥ്, എം. ആർ. രാജൻ, ടി. രാമകൃഷ്ണൻ, എം. സിദ്ദിഖ്, എം. പി. രാജീവൻ, പി. രാജു (മുൻ എം. എൽ. എ) വിജയൻ കുനിശേരി എന്നിവർ തൊഴിലാളി പ്രതിനിധികളുമാണ്. പുതിയ സമിതിയുടെ കാലാവധി ആഗസ്റ്റ് 18 മുതൽ രണ്ട് വർഷമാണ്.






# എല്ലാ സംശയങ്ങൾക്കും പരിഹാരമായി ഇൻകുബേഷൻ കേന്ദ്രം

കേരളത്തിന്റെ തനതു ഉല്പന്നങ്ങളെ ലോകവിപണിയിൽ കൂടുതൽ പരിചിതമാക്കുന്നതിനും അതിന്റെ ഗുണം താഴെത്തട്ടിലുള്ള ചെറുകിട വ്യവസായ സംരംഭകർക്ക് അനുഭവവേദ്യമാക്കുന്നതിനും പ്രത്യേക വാണിജ്യ വകുപ്പ് രൂപീകരിക്കുമെന്ന് വ്യവസായ- കായിക വകുപ്പ് മന്ത്രി ഇ. പി. ജയരാജൻ പറഞ്ഞു. ജില്ലാ വ്യവസായ കേന്ദ്രങ്ങളെ കൂടുതൽ ശാക്തീകരിച്ച് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ആരംഭിക്കുന്ന ഇൻകുബേഷൻ കേന്ദ്രങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.



ഗുണമേന്മയുള്ള പല നാടൻ ഉല്പന്നങ്ങൾക്കും കൃത്യമായ വിപണി കണ്ടെത്തി വിറ്റഴിക്കുന്നതിന് ചെറുകിട വ്യവസായ സംരംഭകർക്ക് നിരവധി പരിമിതികൾ നേരിടേണ്ടി വരുന്നുണ്ട്. അവർക്ക് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നതിനും ഉല്പന്നങ്ങളൊന്നും തന്നെ വിറ്റഴിയാതെ കെട്ടിക്കിടന്ന് നശിക്കുന്നില്ലെന്ന് ഉറപ്പു വരുത്താനും വാണിജ്യ മേഖലയിൽ സർക്കാരിന്റെ ഇടപെടൽ ആവശ്യമാണെന്ന് മന്ത്രി വ്യക്തമാക്കി. ലഭിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ കൃത്യനിഷ്ഠമായ ഓഫീസ് നിർവഹണം, പൊതുജനങ്ങളോടുള്ള പെരുമാറ്റം, ആധുനിക സാങ്കേതിക വിദ്യകളുടെ ലഭ്യത അങ്ങനെ ഏതു കോണിൽ നിന്ന് നോക്കിയാലും മികവിന്റെ കേന്ദ്രങ്ങളായി പരിണമിക്കുന്ന ജില്ലാ വ്യവസായ കേന്ദ്രങ്ങളാണ് സർക്കാർ ലക്ഷ്യമാക്കുന്നതെന്ന് മന്ത്രി പറഞ്ഞു. പൊതുമേഖലാ- സ്വകാര്യമേഖലാ വ്യവസായങ്ങളെ ഒരുപോലെ കണ്ട് വെള്ളവും വളവും നൽകി വളർത്തിയെടുക്കേണ്ട ഉത്തരവാദിത്വം ജില്ലാ വ്യവസായകേന്ദ്രങ്ങൾക്കാണ്. വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നായി വെവ്വേറെ ലൈസൻസുകളും അനുമതി പത്രങ്ങളും വാങ്ങേണ്ട അവസ്ഥയാണ് ഇന്നും. വ്യവസായം തുടങ്ങാനുള്ള ആഗ്രഹവുമായെത്തുന്ന ഒരാളെ നിരാശപ്പെടുത്തും വിധത്തിലുള്ള കാലതാമസമാണ് ഇതുവഴി സംജാതമാകുന്നത്. ഇതിന് പരിഹാരമായി എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ടുള്ള ഫലപ്രദമായ ഏകജാലക സംവിധാനം ജില്ലാ വ്യവസായകേന്ദ്രത്തിന്റെ നേതൃത്വത്തിൽ കെട്ടിപ്പടുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് മന്ത്രി വ്യക്തമാക്കി. അപേക്ഷ നൽകി ഒരുമാസത്തിനകം തീരുമാനം അറിയിച്ചില്ലെങ്കിൽ എല്ലാ ക്ലിയറൻസും ലഭിച്ചതായി കണക്കാക്കി സംരംഭം തുടങ്ങാൻ അനുമതി നൽകും. അതോടൊപ്പം കാലതാമസം വരുത്തിയ ഉദ്യോഗസ്ഥനെതിരെ നടപടിയുണ്ടാവുമെന്നും മന്ത്രി അറിയിച്ചു.

സാങ്കേതികമായും വിദ്യാഭ്യാസപരമായും പുതിയ തലമുറ ഒരുപാട് മുന്നിലാണ് സഞ്ചരിക്കുന്നത്. അവർക്കിടയിൽ ഉരുത്തിരിയുന്ന നവീന ആശയങ്ങൾ സമാന മനസ്കരുമായി ചർച്ച ചെയ്യുന്നതിനും കൂടുതൽ പ്രായോഗികമായിട്ടുള്ള പ്രോജക്ടുകൾ തിരഞ്ഞെടുത്ത് പ്രവൃത്തിപഥത്തിലെത്തിക്കുന്നതിനും കോളേജുകളിലും ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങളിലുമുള്ള ഇൻകുബേഷൻ കേന്ദ്രങ്ങൾ വഴിതെളിക്കുമെന്ന് മന്ത്രി പ്രത്യാശ പ്രകടിപ്പിച്ചു. രണ്ടു വർഷത്തിനകം പൊതുമേഖലയിൽ 50 ശതമാനം തൊഴിൽ സാധ്യത സൃഷ്ടിക്കുന്നതിന് പ്രത്യേക കർമപദ്ധതിക്ക് രൂപം നൽകുമെന്നും മന്ത്രി അറിയിച്ചു.

വ്യവസായ സ്വപ്നങ്ങളുമായി വരുന്ന സാധാരണ ജനങ്ങൾക്ക് ആവശ്യമായ വിദ്ഗ്ദ്ധോദപദേശങ്ങളും കൃത്യമായ മാർഗനിർദ്ദേശങ്ങളും ആത്മവിശ്വാസവും പകരുന്ന ഇടങ്ങളായി ജില്ലാ വ്യവസായകേന്ദ്രങ്ങൾ മാറണമെന്ന് ചടങ്ങിൽ അദ്ധ്യക്ഷനായിരുന്ന കെ. മുരളീധരൻ എം. എൽ. എ. പറഞ്ഞു. പുതു സംരംഭകർക്ക് വായ്പ അനുവദിക്കുന്ന കാര്യത്തിൽ ബാങ്കുകൾ കുറച്ചുകൂടി ഉദാര സമീപനം സ്വീകരിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

വ്യവസായ വാണിജ്യ ഡയറക്ടർ പി. എം. ഫ്രാൻസിസ്, ജില്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർ ആർ. രമേഷ് ചന്ദ്രൻ പങ്കെടുത്തു.

## ഇൻകുബേഷൻ കേന്ദ്രം

പ്രാരംഭ ആശയത്തിൽ നിന്നും വാണിജ്യാടിസ്ഥാനത്തിലുള്ള ഉത്പന്നങ്ങൾ/ സേവനങ്ങൾ സാക്ഷാത്കരിക്കുന്ന തലത്തിലേയ്ക്ക് ഒരു സംരംഭകനെ വളർത്തിയെടുക്കുന്നതിനാവശ്യമായ വിവിധ സഹായങ്ങൾ നൽകുന്ന സംവിധാനമാണ് ബിസിനസ്സ് ഇൻകുബേഷൻ സെന്റർ. ഇൻക്യുബേഷനുള്ള സ്ഥലസൗകര്യം, കമ്പ്യൂട്ടർ ഇന്റർനെറ്റ് സേവനങ്ങൾ, സാങ്കേതിക ഉപദേശങ്ങൾ, വായ്പ, സബ്സിഡി സഹായങ്ങൾ തുടങ്ങിയ ഇതിൽപെടും.

കൂടുതൽ സംരംഭകരെ കണ്ടെത്തി അവരുടെ ബിസിനസ്സ് ആശയങ്ങൾ സാക്ഷാത്കരിച്ച് സംസ്ഥാനത്തിന്റെ സംരംഭക മേഖല വിപുലമാക്കാനും അതുവഴി സമഗ്രമായ സാമ്പത്തിക ഉന്നമനവുമാണ് ഇൻകുബേഷൻ സെന്റർ വഴി ലക്ഷ്യമാക്കുന്നത്. നൂതന ആശയങ്ങളെയും സാങ്കേതിക വിദ്യയെയും വാണിജ്യ വത്കരിക്കുവാനും അതിലൂടെ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും യുവജനങ്ങളെ സാമ്പത്തിക വളർച്ചയുടെ ഭാഗമാക്കുവാനും ഇതുവഴി സാധിക്കും. സംരംഭം സ്വയം പര്യാപ്തമാകുന്നത് വരെ കൈത്താങ്ങ് സഹായം നൽകുക എന്നതാണ് ബിസിനസ്സ് ഇൻകുബേഷൻ സെന്റർ കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്.



തിരുവനന്തപുരം ജില്ലാ വ്യവസായകേന്ദ്രത്തിൽ 200 സ്ക്വയർ ഫീറ്റിൽ ശീതീകരിച്ച മുറിയാണ് ഇൻകുബേഷൻ കേന്ദ്രത്തിനായി ഒരുക്കിയിട്ടുള്ളത്. മിനി ബിസിനസ്സ് ഇൻകുബേഷൻ സെന്ററിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ മാനേജർ (ഡി) യെ ചാർജ് ഓഫീസറായും ഉപ ജില്ലാ വ്യവസായ ഓഫീസർ (ഹെഡ് ക്വാർട്ടേഴ്സ്) നെ ഇൻഫർമേഷൻ ഓഫീസറായും നിയമിച്ചിട്ടുണ്ട്. ക്യൂബിക്കിൾ, ഡിസ്കഷൻ ടേബിൾ എന്നിവയും മുഴുവൻ സമയ ഇന്റർനെറ്റ് ടെലിഫോൺ സംവിധാനങ്ങളും ഇതിനായി ഒരുക്കിയിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ പൂർണമായും പ്രയോജനപ്പെടുത്താവുന്ന വിധം എൽ. എ. എൻ, വൈ-ഫൈ, പ്രിന്റർ, സ്കാനർ, കോപ്പിയർ എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. സംരംഭകർക്കായി ഒരു മിനി റെഫറൻസ് ലൈബ്രറിയും പ്രോജക്ട് പ്രൊഫൈൽ, പൊട്ടൻഷ്യൽ സർവെ റിപ്പോർട്ട് എന്നിവയും ഇതോടൊപ്പം സജ്ജീകരിച്ചിട്ടുണ്ട്.

ജില്ലാ വ്യവസായകേന്ദ്രത്തിൽ പ്രവർത്തിച്ചു വരുന്ന എന്റർപ്രണുവർ ഗൈഡൻസ് (ഇ. ജി) സെല്ലിനെ മിനി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകളായി ഇത്തരത്തിൽ ഉയർത്തുവാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും അതോടൊപ്പം സംരംഭകർക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകാനായി എംപ്രെടെക്, എസ്. ഐ. വൈ. ബി മുതലായ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെയാണ് നിയോഗിച്ചിട്ടുള്ളത്.

പദ്ധതിയുടെ പ്രായോഗിക പഠനം, സാങ്കേതികവിദ്യ ലഭ്യതയെക്കുറിച്ചുള്ള വിവരം, അടിസ്ഥാന സൗകര്യ ലഭ്യതയെക്കുറിച്ചുള്ള വിവരം, മാർക്കറ്റ് പഠനം, ബിസിനസ് മാനേജ്മെന്റ് നിർദ്ദേശങ്ങൾ, അസംസ്കൃത സാധനങ്ങളുടെ ലഭ്യതയെക്കുറിച്ചുള്ള വിവരങ്ങൾ, ലൈസൻസ് നടപടിക്രമങ്ങൾ, ധനകാര്യ സ്ഥാപനങ്ങളുമായുള്ള ഇടപാടുകൾ, നിക്ഷേപസാധ്യതകൾ, ശരിയായ പദ്ധതി തിരഞ്ഞെടുക്കുവാനുള്ള മാർഗനിർദ്ദേശങ്ങൾ, പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ, പരിശീലന പരിപാടികൾ (ഇ. ഡി. പി, സ്കിൽ ഡവലപ്മെന്റ് പ്രോഗ്രാം), ടെക്നോളജി ഇൻസ്റ്റിറ്റ്യൂഷൻസ്, ആർ & ഡി സെന്ററുകൾ, പ്രൊഫഷണൽ ഇൻസ്റ്റിറ്റ്യൂഷനുകൾ എന്നിവകളുമായി ബന്ധപ്പെടുത്തി സംരംഭകർക്ക് മികച്ചതും നൂതനവുമായ സാങ്കേതികവിദ്യ ലഭ്യത ഉറപ്പാക്കൽ, അക്കാഡമിക് മെന്ററുകളുടെ സേവനങ്ങൾ എന്നീ സൗകര്യങ്ങളും ഇൻകുബേഷൻ കേന്ദ്രത്തിൽ സജ്ജമാക്കിയിട്ടുണ്ട്.

നിങ്ങളുടെ ഉല്പന്നങ്ങളും
സേവനങ്ങളും യഥാർത്ഥ
ആവശ്യക്കാർക്കിടയിൽ

## കുറഞ്ഞ ചെലവിൽ പരസ്യപ്പെടുത്താൻ

ഏറ്റവും യോജിച്ച മാസിക

# വ്യവസായ കേരളം

### പരസ്യ നിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |




### പംക്തികൾ

പടവുകൾ
യുവബിസ്
നികുതി ജാലകം
കൃഷിയും വ്യവസായവും
മാർകറ്റ് സ്കാൻ
ടെക്നോ ട്രെന്റ്സ്
സക്സസ് സ്റ്റോറികൾ

വ്യവസായകേരളം, ഡോക്യുമെന്റേഷൻ സെന്റർ, ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം, തിരുവനന്തപുരം - 695 033
ഫോൺ: 0471 2322789, ഇമെയിൽ- vyavasayakeralam@gmail.com, വെബ്സൈറ്റ്- www.keralaindustry.org

Regn.No.KL/TV(N)/183/2016-2018
Volume 49 Issue 4
September 2016

# Vyavasaya Keralam
MONTHLY

₹ 30
R.N.I 29441/77
Date of publication-2nd September 2016






## പരസ്യനിരക്ക്

| | കളർ | ബ്ലാക്ക് & വൈറ്റ് |
|---|---|---|
| ബാക്ക് കവർ | 15,000 രൂപ | |
| ഫ്രണ്ട് കവർ ഇൻസൈഡ് | 10,000 രൂപ | |
| ബാക്ക് കവർ ഇൻസൈഡ് | 9,000 രൂപ | |
| ഇൻസൈഡ് ഫുൾപേജ് | 8,000 രൂപ | 5,000 രൂപ |
| ഇൻസൈഡ് ഹാഫ്പേജ് | 4,000 രൂപ | 2,500 രൂപ |
| ഇൻസൈഡ് ക്വാർട്ടർപേജ് | 2,500 രൂപ | 1,500 രൂപ |

"K-Bip, Vyavasayakeralam" എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി/ചെക്ക് ആയി പരസ്യത്തിന്റെ ചാർജും നിങ്ങളുടെ വാർഷിക വരിസംഖ്യയും അയക്കേണ്ട വിലാസം

എഡിറ്റർ
വ്യവസായകേരളം
ഡോക്യുമെന്റേഷൻ സെന്റർ
ഡി.ഐ.സി. ബിൽഡിങ്, വെള്ളയമ്പലം
തിരുവനന്തപുരം – 695 033
ഫോൺ: 0471 2322789

Email: vyavasayakeralam@gmail.com

Printed and Published by the Kerala Bureau of Industrial Promotion (K-Bip)
on behalf of the Director of Industries & Commerce, Govt. of Kerala, Vikasbhavan, Thiruvananthapuram.
Printed at Akshara Offset, Thiruvananthapuram., Plot No. 53, I.D.A., Veli, Titanium P.O., Thiruvananthapuram 21
Editor: V.P. Aswathy